# വിജയപുരം
# ഗ്രാമപഞ്ചായത്ത്




# വികസന രേഖ

54-7

# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി

# വികസന രേഖ

**1996**

**വിജയപുരം ഗ്രാമപഞ്ചായത്ത്**

എൻെറ സ്വപ്നം പൂവണിയുന്നു..........



ഭാരതത്തിൻെറ ആത്മാവിനെ
ഗ്രാമങ്ങളിൽ ദർശിച്ച മഹാത്മാവിന്
ആദരപൂർവ്വം.......

# കോട്ടയം ജില്ല



# വിജയപുരം ഗ്രാമപഞ്ചായത്ത്



# പഞ്ചായത്ത് ഭരണസമിതി



ബാബു കരിമ്പന്നൂർ
പ്രസിഡൻറ്
(വാർഡ് 11)



എൻ. ജീവകുമാർ
വൈ. പ്രസിഡൻറ്
(വാർഡ് 13)



ബാബു കെ. കോര
സ്റ്റാൻറിംഗ് കമ്മറ്റി
ചെയർമാൻ
(വാർഡ് 6)



സി.കെ. രാജപ്പൻ
(വാർഡ് 15)



സുരേഷ് ബാബു
(വാർഡ് 9)



ശോശാമ്മ ബേബി
(വാർഡ് 12)



ഭാനുമതിയമ്മ
(വാർഡ് 10)



മറിയാമ്മ ഫിലിപ്പോസ്
(വാർഡ് 1)



ജോജി സി. ജോൺ

(വാർഡ് 5)



ജോർജ് തൊമ്മി

(വാർഡ് 7)



കെ.കെ.ശെൽവകുമാർ

(വാർഡ് 3)



ജെസ്സി ജോൺ

(വാർഡ് 14)



വത്സമ്മ മാത്യു

(വാർഡ് 4)



മത്തായി ഏബ്രഹാം

(വാർഡ് 2)



പി.ടി. കുരുവിള

(വാർഡ് 8)



കെ.എസ്. ഫിലിപ്പ്

(സെക്രട്ടറി)

# മുൻ പ്രസിഡണ്ടുമാർ



എം.പി. ഗോവിന്ദൻ നായർ



കെ.കെ. സാമുവേൽ



ടി.എ. കോര



എം.കെ. മാത്യു



മറിയാമ്മ കുര്യൻ



കെ.എം.ഐപ്പ്

# ജനകീയാസൂത്രണ സമിതി ജില്ലാതല പരിശീലകർ



**കോട്ടയം ബാബുരാജ്**
ജനറൽ കൺവീനർ & ചീഫ് എഡിറ്റർ



കെ.വി. മാത്യു



ഒ.എം. അലക്സാണ്ടർ



പ്രൊഫ. ടി.ടി. കുര്യാക്കോസ്



പി.എസ്. സുകുമാരൻ



റാവുജി ജോൺ



വി.ആർ. സുരേന്ദ്രൻ



സി.സി. ജോർജ്

# വിജയപുരം ഗ്രാമപഞ്ചായത്ത്

ചീഫ് എഡിറ്റർ

**കോട്ടയം ബാബുരാജ്**

എഡിറ്റേഴ്സ്

**ഒ. എം. അലക്സാണ്ടർ**
**കെ. വി. മാത്യു**
**റാവുജി ജോൺ**
**പ്രൊഫ. ടി. ടി. കുറിയാക്കോസ്**
**പി. എസ് സുകുമാരൻ**
**ജോർജ് തൊമ്മി**
**ജോജി സി. ജോൺ**
**സി. സി. ജോർജ്ജ്**
**വി. ആർ. സുരേന്ദ്രൻ**

◆◆◆◆◆

പള്ളം ബ്ലോക്ക് പഞ്ചായത്തിൽ
വിജയപുരത്തെ പ്രതിനിധീകരിക്കുന്നവർ

**കെ. കെ. ചാക്കോ**
**സി. സി. ജോൺ**
**മാണി വള്ളിക്കാട്**
**കുമാരി ജോളി ജോർജ്ജ്**

പേജ് ലേ-ഔട്ട് & പ്രിൻറിംഗ്
ലേണേഴ്സ് ഓഫ്സെറ്റ് പ്രിന്റേഴ്സ്
സി. എം. എസ്. കോളേജ് റോഡ്, കോട്ടയം -1. ✆ 567438

## താളുകൾ മറിക്കുമ്പോൾ


1. ആമുഖം ........ 13
2. വിജയപുരം ഗ്രാമപഞ്ചായത്ത് പൊതുവിവരണം ........ 14
3. സാമൂഹിക സാംസ്കാരി ചരിത്രം ........ 16
4. ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി ........ 22
5. വികസനമേഖലകൾ
   - 5.1. കൃഷിയും ജലസേചനവും ........ 24
   - 5.2. മൃഗസംരക്ഷണവും മത്സ്യബന്ധനവും ........ 29
   - 5.3. വ്യാവസായം ........ 33
   - 5.4. വിദ്യാഭ്യാസം ........ 35
   - 5.5. കുടിവെള്ളവും പൊതുജനാരോഗ്യവും ........ 38
   - 5.6. ഗതാഗതം ഊർജ്ജം മാർക്കറ്റ് ........ 43
   - 5.7. പാർപ്പിടവും സാമൂഹ്യക്ഷേമവും ........ 49
   - 5.8. സംസ്കാരം ........ 51
   - 5.9. വനിതാ ക്ഷേമം ........ 57
   - 5.10. സഹകരണം ........ 59
   - 5.11. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം ........ 62
   - 5.12. വിഭവസമാഹരണം ........ 64



മണർകാട് കവല - പഞ്ചായത്ത് ആസ്ഥാനം



വടവാതൂർ കവലയിൽ 1953 മുതൽ 68 വരെ പഞ്ചായത്ത്
ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം.

# ആമുഖം

ഇന്ത്യാരാജ്യം സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം വിവിധ മേഖലകളിൽ കൈവരിച്ച പ്രശംസനീയമായ നേട്ടങ്ങൾ പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണത്തിലും പ്രവർത്തനത്തിലും അധിഷ്ഠിതമായിരുന്നു. 8 പഞ്ചവത്സര പദ്ധതികൾ പിന്നിട്ട നാം 9-ാം പദ്ധതിയുടെ പടികൾ കയറാൻ തുടങ്ങുകയാണ്. കഴിഞ്ഞ പദ്ധതികളിലൂടെ നമ്മുടെ രാജ്യത്തിനുണ്ടായിട്ടുള്ള പുരോഗതി അഭിമാനകരമാണ്. എന്നാൽ പ്രസ്തുത പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും ജനപങ്കാളിത്തം ഉണ്ടായിരുന്നില്ല. തന്മൂലം രാജ്യത്തിന്റെ ബഹുഭൂരിപക്ഷം പ്രദേശങ്ങളായ ഗ്രാമങ്ങളിൽ കാര്യമായ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞിട്ടില്ല.

ഗ്രാമങ്ങളിൽ രാജ്യത്തിന്റെ ആത്മാവിനെ ദർശിച്ച മഹത്തായ രാഷ്ട്രീയ സംസ്കാരമുള്ള നാടാണിത്. ജനങ്ങളിലാണ് അധികാരം, ഗ്രാമങ്ങൾ മരിച്ചാൽ ഇന്ത്യ മരിക്കും എന്ന മഹാത്മാഗാന്ധിയുടെ രാഷ്ട്രീയ ദർശനത്തിന്റെ അന്തഃസത്ത ഉൾക്കൊള്ളുവാനും അതു പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാനും നമുക്ക് അഞ്ചു ദശാബ്ദക്കാലം വേണ്ടിവന്നു. 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ 1994-ൽ പ്രാബല്യത്തിൽ വന്ന പഞ്ചായത്തുരാജ് നിയമം രാഷ്ട്രപിതാവിന്റെ ഗ്രാമസ്വരാജ് എന്ന സങ്കല്പം യാഥാർത്ഥ്യമാക്കി. പഞ്ചായത്തുരാജ് നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി ആസൂത്രണ വികേന്ദ്രീകരണത്തിന് അനുകൂലമായ സാഹചര്യം സംജാതമായി. ജനപങ്കാളിത്തത്തോടുകൂടി വികസന പരിപാടികൾ രൂപപ്പെടുത്തി നടപ്പിലാക്കുക എന്നതാണ് ആസൂത്രണ വികേന്ദ്രീകരണത്തിന്റെ ലക്ഷ്യം. സാമ്പത്തികാഭിവൃദ്ധിയും, സാമൂഹികാഭിവൃദ്ധിയും ഉറപ്പാക്കിക്കൊണ്ട് ദീർഘവീക്ഷണത്തോടെ ഓരോ പ്രദേശത്തിന്റെയും തനതായ പ്രത്യേകതകൾ ഉൾക്കൊണ്ടും ലഭ്യമാകുന്ന വിഭവ വിവരങ്ങൾ വിലയിരുത്തിയും, അതതു പ്രദേശത്തിന്റെ ആവശ്യങ്ങൾ മുൻഗണനാക്രമത്തിൽ പരിഗണിച്ചുകൊണ്ട് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനു വേണ്ടിയാണ് ജനകീയാസൂത്രണ പ്രസ്ഥാനം രൂപം കൊണ്ടത്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് വിശേഷാൽ ഗ്രാമസഭകളിൽ ചർച്ച ചെയ്തു തീരുമാനിച്ച ശുപാർശകളും, വാർഡു കമ്മിറ്റികളും, സന്നദ്ധപ്രവർത്തകരും ചേർന്നു സമാഹരിച്ച സ്ഥിതിവിവരക്കണക്കുകളും, അതതു പ്രദേശത്തിന്റെ പ്രത്യേകാവശ്യങ്ങൾ, പ്രകൃതിവിഭവങ്ങൾ, മാനവശേഷി, സാമ്പത്തിക നിലവാരം, പരമ്പരാഗത സാങ്കേതിക ജ്ഞാനം, എന്നിവയും കണക്കിലെടുത്തുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഒൻപതാം പദ്ധതിക്കു മുന്നോടിയായി നടക്കുന്ന വികസന സെമിനാറിന്റെ ആമുഖരേഖയാണ് ഈ വികസന റിപ്പോർട്ട്. ഈ വികസന രേഖ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ പുരോഗതിയുടെ പാതയിലേക്കുള്ള ചൂണ്ടുപലകയാണ്. ഇതിന്റെയടിസ്ഥാനത്തിൽ രൂപം കൊടുക്കുന്ന കർമ്മപദ്ധതികൾ നമ്മുടെ ഗ്രാമത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിന്റെ അടിസ്ഥാന ശിലയായിരിക്കും.

കുറഞ്ഞ സമയം കൊണ്ട്, ഏറെ അത്യദ്ധ്വാനം ചെയ്താണ് ഈ റിപ്പോർട്ടു തയ്യാറാക്കുന്നത്. ഈ മഹായജ്ഞത്തിനു പിന്നിൽ നിസ്വാർത്ഥതയോടും അർപ്പണബുദ്ധിയോടുംകൂടി കഠിനാദ്ധ്വാനം ചെയ്ത ഏതാനും ത്യാഗസമ്പന്നരുടെ കരങ്ങളുണ്ട്. നാടിന്റെ പുരോഗതിയ്ക്കുവേണ്ടി ആത്മാർത്ഥതയോടെ പ്രയത്നിച്ച ഇതിന്റെ ശില്പികൾക്ക് ഹൃദയം നിറഞ്ഞ നന്ദി!

# വിജയപുരം ഗ്രാമപഞ്ചായത്ത്

## പൊതുവിവരണം

| | | |
|---|---|---|
| പേര് | : | വിജയപുരം ഗ്രാമപഞ്ചായത്ത്. (സ്പെഷ്യൽ ഗ്രേഡ്) |
| ആസ്ഥാനം | : | മണർകാട് |
| ജില്ലാ ആസ്ഥാനത്തു നിന്ന് പഞ്ചാ. ആസ്ഥാനത്തേയ്ക്കുള്ള ദൂരം | : | 6 കി. മീ. |
| ഫോൺ നമ്പർ | : | 568463 |
| ജില്ലാ പഞ്ചായത്ത് | : | കോട്ടയം |
| ബ്ലോക്ക് പഞ്ചായത്ത് | : | പള്ളം |
| പാർലമെൻറ് നിയോജക മണ്ഡലം | : | കോട്ടയം |
| അസംബ്ലി നിയോജക മണ്ഡലം | : | കോട്ടയം |
| ജില്ലാ പഞ്ചാ. ഡിവിഷൻ | : | പുതുപ്പള്ളി |
| താലൂക്ക് | : | കോട്ടയം |
| റവന്യൂ ഫർക്കാ | : | കോട്ടയം, പുതുപ്പള്ളി |
| വില്ലേജുകൾ | : | വിജയപുരം, മണർകാട് ഏതാനുംഭാഗം മുട്ടമ്പലം, അയർക്കുന്നം എന്നീ വില്ലേജുകളിലും ഉൾപ്പെടുന്നു. |
| വാർഡുകൾ | : | 15<br>അരീപ്പറമ്പ്, മാലം, പറമ്പുകര, മണർകാട്, മണർകാട് (പഞ്ചാ. ഓഫീസ് വാർഡ്), മണർകാട്, കുഴിപ്പുരയിടം, വടവാതൂർ, പാറമ്പുഴ, നട്ടാശ്ശേരി നോർത്ത്, വടവാതൂർ നോർത്ത്, കളത്തിപ്പടി, മാങ്ങാനം, മാങ്ങാനം, മാങ്ങാനം. |
| കരകൾ | : | മണർകാട്, വിജയപുരം, നട്ടാശ്ശേരി (ഭാഗികം), പാറമ്പുഴ (ഭാഗികം), മാങ്ങാനം, കുഴിപ്പുരയിടം, അരീപ്പറമ്പ്, മാലം, പറമ്പുകര, വടവാതൂർ. |
| അതിരുകൾ | : | കിഴക്ക് - പാമ്പാടി, കൂരോപ്പട പഞ്ചായത്തുകൾ<br>വടക്ക് - അയർക്കുന്നം പഞ്ചാ.<br>തെക്ക് - പുതുപ്പള്ളി പഞ്ചാ<br>പടിഞ്ഞാറ് - കോട്ടയം മുനി., കുമാരനല്ലൂർ പഞ്ചാ. |
| വിസ്തീർണ്ണം | : | 29.7 ച. കി. മീ. |
| വീടുകൾ | : | 10114 (1991) (ജില്ലയിൽ ഒന്നാം സ്ഥാനം. 1981-ലേതിനേക്കാൾ 41.5% കൂടുതൽ) |
| ജനസംഖ്യ | : | ആകെ 50417, പുരുഷന്മാർ 25225, സ്ത്രീകൾ 25192<br>1 നും 6നും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾ 5578 |
| പട്ടികജാതി | : | 2482 |
| പട്ടികവർഗ്ഗം | : | 204 |
| സാക്ഷരർ | : | ആകെ 43451, പുരുഷന്മാർ 21885, സ്ത്രീകൾ 21566 |

| | | |
|---|---|---|
| സാക്ഷരതാ നിരക്ക് | : | 96.90% (1991) |
| ജനസംഖ്യാ വർദ്ധനവ് | : | 1981-ലേതിനേക്കാൾ 17.45% കൂടുതൽ |
| ജനസാന്ദ്രത | : | 1697.5 |
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | : | 32 |
| കോളേജ് | : | 1 (പ്രൈവറ്റ്) |
| ഐ. ടി. ഐ. | : | 1 (പ്രൈവറ്റ്) |
| നേഴ്സിംഗ് സ്കൂളുകൾ | : | 2 (പ്രൈവറ്റ്) |
| ലാബ് ടെക്നീഷ്യൻ സ്കൂൾ | : | 1 (പ്രൈവറ്റ്) |
| കേന്ദ്രീയ വിദ്യാലയം | : | 1 |
| നവോദയാ സ്കൂൾ | : | 1 |
| ഹൈസ്കൂൾ | : | 7 (ഗവ. 1, എയ്ഡഡ്: 2, അൺ എയ്ഡഡ്: 4) |
| U. P. സ്കൂളുകൾ | : | 5 (ഗവ. 4, അൺ എയ്ഡഡ്: 1) |
| L. P. സ്കൂളുകൾ | : | 14 |
| ഗവ. ഓഫീസുകൾ | : | 16 |
| ഷെഡ്യൂൾഡ് ബാങ്ക് ബ്രാഞ്ചുകൾ | : | 5 |
| സർവ്വീസ് സഹ. ബാങ്കുകൾ | : | 3 |
| മറ്റു സഹ.ബാങ്കുകളുടെ ബ്രാഞ്ചുകൾ | : | 4 |
| മേജർ ആശുപത്രികൾ | : | 4 (ഗവ. 1, പ്രൈവറ്റ് - 3) |
| ക്ഷേത്രങ്ങൾ | : | 20 |
| NSS കരയോഗം | : | 12 |
| SNDP ശാഖകൾ | : | 6 |
| വിശ്വകർമ്മ മഹാസഭ | : | 1 |
| വേലർ മഹാസഭ | : | 1 |
| ഹൈന്ദവാശ്രമം | : | 1 |
| ക്രൈസ്തവ ദേവാലയങ്ങൾ | : | 27 (എപ്പിസ്കോപ്പൽ സഭകൾ) |
| കത്തോലിക്കാ : 8 | | |
| യാക്കോബായ : 8 | | |
| ഓർത്തഡോക്സ് : 3 | | |
| സി. എസ്. ഐ. : 3 | | |
| സി. എം. എസ്. : 2 | | |
| മാർത്തോമ്മാ : 3 | | |
| ബ്രദറൺ സഭ | : | 4 |
| ശാബതുമിഷൻ | : | 3 |
| യഹോവായുടെ സാക്ഷി | : | 1 |
| പെന്തക്കോസ്തു സഭകൾ | : | 15 |
| മേജർ സെമിനാരി | : | 1 |
| ക്രിസ്ത്യൻ ആശ്രമങ്ങൾ | : | 2 |
| മെത്രാസനാസ്ഥാനം | : | 1 |
| സാധുജന സംരക്ഷണ കേന്ദ്രങ്ങൾ | : | 2 |

പഞ്ചാ. പ്രസിഡൻറ്

**ശ്രീ. ബാബു കരിമ്പന്നൂർ**

വൈസ് പ്രസിഡൻറ്

**ശ്രീ. എൻ. ജീവകുമാർ**

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

**ശ്രീ. ബാബു കെ. കോര.**

# 3

# സാമൂഹിക സാംസ്കാരിക ചരിത്രം



**കോ**ട്ടയം ജില്ലയിലെ 73 പഞ്ചായത്തുകളിൽ പല രംഗത്തും പ്രഥമ സ്ഥാനത്തു നിൽക്കുന്ന സ്പെഷ്യൽ ഗ്രേഡ് ഗ്രാമപഞ്ചായത്താണ് വിജയപുരം. ജില്ലയിൽ ഏറ്റവും കൂടുതൽ വാർഡുകളുള്ള രണ്ടു പഞ്ചായത്തുകളിൽ ഒന്ന് വിജയപുരമാണ്. വിജയപുരം, മുണ്ടക്കയം എന്നീ ഗ്രാമപഞ്ചായത്തുകളിൽ മാത്രാണ് 15 വാർഡുകൾ വീതമുള്ളത്. ജനസംഖ്യ, വീടുകളുടെ എണ്ണം, സാക്ഷരതാ നിലവാരം എന്നിവയിലെല്ലാം ഈ പഞ്ചായത്ത് മുൻപന്തിയിലാണ്. കോട്ടയം പട്ടണത്തിന്റെ കിഴക്കു ഭാഗത്ത് നഗരാതിർത്തിയോടു തൊട്ടുകിടക്കുന്ന ഈ പ്രദേശത്തിന് കോട്ടയത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലവുമായി വളരെ അടുത്ത ബന്ധമാണുള്ളത്.

ഈ പ്രദേശത്തിന് വിജയപുരം എന്നു പേരുണ്ടായതിന്റെ കാരണത്തെപ്പറ്റി ആധികാരിക രേഖകളൊന്നുംതന്നെയില്ല. ഇത്തരം സാഹചര്യങ്ങളിൽ ഐതിഹ്യങ്ങളെയും വായ്മൊഴികളെയും ആശ്രയിക്കുകയാണ് കരണീയമായിട്ടുള്ളത്. എന്നാൽ വിജയപുരത്തിന്റെ കാര്യത്തിൽ അഭിപ്രായ ഐക്യമുള്ള ഐതിഹ്യങ്ങളും നിലവിലില്ല. ഈ വസ്തുത മുന്നിൽ കണ്ടുകൊണ്ട് വിജയപുരത്തേക്കുള്ള പ്രയാണം ആരംഭിക്കാം.

കോട്ടയം പട്ടണത്തിൽ, പനയക്കഴിപ്പുകരയിൽ എം. സി. റോഡിനു കിഴക്കുഭാഗം മുതൽ അരീപ്പറമ്പു വരെയുള്ള പ്രദേശത്തിന്റെ പൊതുവായ പേരാണ് വിജയപുരം. വിജയപുരത്തെ വിജയപുരം എ പകുതിയെന്നും, വിജയപുരം ബി പകുതിയെന്നും രണ്ടായി തിരിച്ചിരുന്നതായി റെവന്യൂ രേഖകളിൽ കാണുന്നു. 18-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടംവരെ ഈ പ്രദേശം തെക്കുംകൂർ രാജവംശത്തിന്റെ ഭരണത്തിൻ കീഴിലായിരുന്നു. കോട്ടയം പട്ടണത്തിൽ താഴത്തങ്ങാടിയിലായിരുന്നു തെക്കുംകൂറിന്റെ ആസ്ഥാനം. അക്കാലത്ത് പ്രധാന ഗതാഗതം ജലമാർഗ്ഗമായിരുന്നതുകൊണ്ട് കോട്ടയം പട്ടണത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ള തീരപ്രദേശങ്ങളായിരുന്നു പ്രധാന ജനവാസ കേന്ദ്രങ്ങൾ. ജനസംഖ്യ വർദ്ധിക്കുകയും, കരമാർഗ്ഗമുള്ള ഗതാഗത സൗകര്യങ്ങൾ കണ്ടെത്തുകയും ചെയ്തപ്പോൾ കൃഷിക്കും, താമസത്തിനും അനുയോജ്യമായ സ്ഥലങ്ങൾ തേടി കർഷകർ കോട്ടയത്തു നിന്നും തെക്കോട്ടും, കിഴക്കോട്ടും, വടക്കോട്ടും മാറി, കാടുകൾ വെട്ടിത്തെളിച്ച് കൃഷി ആരംഭിച്ചു. കിഴക്കു പ്രദേശത്തെ കാലാവസ്ഥയും, മണ്ണും, മറ്റു സാഹചര്യങ്ങളും തെക്ക്, വടക്ക് പ്രദേശങ്ങളേക്കാൾ കൃഷിക്കും, താമസത്തിനും കൂടുതൽ അനുയോജ്യമായിരുന്നു. കർഷകരുടെ ഇവിടത്തെ പ്രയത്നം എല്ലാ രീതിയിലും വിജയമായിരുന്നു. നഗരത്തിന്റെ കിഴക്കുഭാഗവും, അതിനോടുചേർന്നുള്ള ഗ്രാമപ്രദേശവും ഉൾപ്പെട്ട പ്രദേശത്തിന് വിജയപുരം എന്നു പേരുണ്ടായതിനു പിന്നിൽ, മേൽസൂചിപ്പിച്ച പ്രകാരം കർഷകർക്കുണ്ടായ വിജയവുമായി ബന്ധമുണ്ടെന്ന് പറയുന്നവരുണ്ട്.

വിജയപുരം എന്ന പേരുമായി ബന്ധപ്പെട്ട് ആധികാരികമായി അറിയപ്പെടുന്ന കേന്ദ്രങ്ങൾ വിജയപുരം പഞ്ചായത്ത്, വിജയപുരം വില്ലേജ്, വിജയപുരം ശ്രീകൃഷ്ണ സ്വാമിക്ഷേത്രം, വിജയപുരം രൂപത, വിജയപുരം സർവ്വീസ് സഹകരണ ബാങ്ക്, എസ്. എൻ. ഡി. പി. യൂണിയൻ വിജയപുരം ശാഖ (No.1306) എന്നിവയാണ്.

കോട്ടയം മുനിസിപ്പൽ പ്രദേശത്തെ ഏതാനും ഭാഗങ്ങൾ ഉൾപ്പെട്ട വിജയപുരം വില്ലേജ് നിലവിലുണ്ടായിരുന്നു. അതിന്റെ ആസ്ഥാനം കോട്ടയം പട്ടണത്തിലായിരുന്നു. പിന്നീട് ഈ വില്ലേജിൽപ്പെട്ട ടൗൺപ്രദേശങ്ങൾ ചേർത്ത് മുട്ടമ്പലം വില്ലേജ് രൂപീകരിച്ചു. വിജയപുരം പഞ്ചായത്ത് കേന്ദ്രമാക്കി പുതിയ

വിജയപുരം വില്ലേജും നിലവിൽ വന്നു. 1953-ൽ വിജയപുരം പഞ്ചായത്തു രൂപീകരിച്ചപ്പോൾ അതിന്റെ ആസ്ഥാനം വിജയപുരം ബി പകുതിയിൽപ്പെട്ട വടവാതൂർ കവലയിലായിരുന്നു. കേരളത്തിലെ ലത്തീൻ കത്തോലിക്കാ സഭയുടെ കോട്ടയം കേന്ദ്രമായുള്ള രൂപതയ്ക്ക് വിജയപുരം എന്നാണ് പേരു നൽകിയിരിക്കുന്നത്. ഇതിന്റെ ആസ്ഥാനം കോട്ടയം പട്ടണത്തിൽ, സിവിൽ സ്റ്റേഷനു വടക്കു ഭാഗത്താണ്. എസ്.എൻ.ഡി.പി. യൂണിയൻ 1306-ാം നമ്പർ വിജയപുരം ശാഖാമന്ദിരം കളത്തിൽപ്പടിക്കൽ നിന്ന് 1.4 കി. മീ. വടക്ക് ഞാറയ്ക്കൽ ഭാഗത്താണ്. മേൽ വിവരിച്ച വസ്തുതകൾ വിലയിരുത്തുമ്പോൾ വിജയപുരം എന്നത് ഒരു പ്രത്യേക സ്ഥലത്തിന്റെ (Point) പേരല്ല എന്നും, വടവാതൂർ, മണർകാട്, മാങ്ങാനം, മാലം, അരീപ്പറമ്പ്, കുഴിപ്പുരയിടം, പറമ്പുകര, പാറമ്പുഴ(ഭാഗികം), തിരുവഞ്ചൂർ (ഭാഗികം) നട്ടാശ്ശേരി (ഭാഗികം) എന്നീ കരകളും, കോട്ടയം നഗരത്തിന്റെ കിഴക്കു ഭാഗത്തെ വാർഡുകളും ഉൾപ്പെട്ട ഒരു വലിയ പ്രദേശത്തിന്റെ പൊതുവായ പേരാണ് എന്നും വ്യക്തമാകുന്നു.

1749-ൽ മാർത്താണ്ഡവർമ്മയുടെ സൈന്യവുമായി മാങ്ങാനത്ത് പടച്ചിറ എന്ന സ്ഥലത്തുവച്ച് ഉണ്ടായ യുദ്ധത്തിൽ പരാജയം നേരിട്ട തെക്കുംകൂർ സൈന്യത്തിന് മണർകാട് കവലയ്ക്ക് വടക്ക്, ശ്രീകൃഷ്ണ സ്വാമിക്ഷേത്രം സ്ഥിതിചെയ്യുന്നതിനു സമീപത്തുവച്ച് താല്ക്കാലിക വിജയമുണ്ടായി എന്നും അതുകൊണ്ട് ആ ഭാഗത്തിന് വിജയപുരം എന്നു പേരുണ്ടായി എന്നും ഐതിഹ്യമുണ്ട്.

പാണ്ഡവരുടെ വനവാസകാലത്ത് കൃഷ്ണ ഭക്തനായ അർജ്ജുനൻ ശ്രീകൃഷ്ണ ക്ഷേത്രം സ്ഥാപിച്ച് ഇവിടെ താമസമാക്കിയെന്നും വിജയൻ (അർജ്ജുനൻ) വസിച്ച സ്ഥലമായതുകൊണ്ട് "വിജയപുരം" എന്നു പേരുണ്ടായതായും ഐതീഹ്യമുണ്ട്. ഇതിന് ഒരു കിലോമീറ്റർ കിഴക്കു ഭാഗത്ത് ഉള്ള പാണ്ഡവർകളരിയെന്ന സ്ഥലവും വടവാതൂർ വലിയപാറയിൽ ഭീമന്റെ കാല്പാദം പതിഞ്ഞിട്ടുണ്ടെന്നുള്ള വിശ്വാസവും പാണ്ഡവന്മാർ ഈ പ്രദേശത്ത് താമസിച്ചിരുന്നു എന്നതിന് തെളിവായി ചൂണ്ടിക്കാണിക്കുന്നു.

1968 മുതൽ വിജയപുരം പഞ്ചായത്തിന്റെ ആസ്ഥാനം മണർകാട് കവലയിലാണ്. ഈ പഞ്ചായത്തു പ്രദേശത്തിന്റെ സിരാകേന്ദ്രമായി മണർകാട് മാറിക്കഴിഞ്ഞിരിക്കുന്നു. ഈ സാഹചര്യത്തിൽ മണർകാട് എന്ന സ്ഥലപ്പേരിന്റെ ഉല്പത്തിയെപ്പറ്റി ചിന്തിക്കുന്നത് ഉചിതമായിരിക്കും. തെക്കുംകൂർ രാജാക്കന്മാരുടെ അധീനതയിൽപ്പെട്ട സർപ്പാരാധനപ്രധാനമായ കാടായിരുന്നു ഈ പ്രദേശം എന്നു പറയപ്പെടുന്നു. സർപ്പ പൂജയ്ക്ക് വേണ്ടി തെക്കുംകൂർ രാജാക്കന്മാർ ഇവിടെ വരാറുണ്ടായിരുന്നുവത്രെ. മന്നന്റെ (രാജാവിന്റെ) അധീനതയിലും, പ്രത്യേക മേൽനോട്ടത്തിലും ഇരുന്ന കാടായതു കൊണ്ട് ഈ പ്രദേശത്തിന് 'മന്നർകാട്' എന്ന പേരുണ്ടായി എന്നും അതു പിന്നീട് മണർകാട് ആയി എന്നുമാണ് ഐതിഹ്യം. മണർകാട് കവല ഭാഗത്തിന് നായാടിമറ്റം എന്നു പേരുണ്ടായിരുന്നതായും പ്രായമുള്ളവർ പറയുന്നു.

വിജയപുരം പഞ്ചായത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്രം ഈ പ്രദേശത്തെ ഹിന്ദു-ക്രിസ്ത്യൻ സമുദായങ്ങളുടെയും, സാമൂഹിക സാംസ്കാരിക പ്രസ്ഥാനങ്ങളുടെയും വിവിധ രംഗങ്ങളിൽ പ്രഗത്ഭരും പ്രശസ്തരുമായ സമുന്നത വ്യക്തികളുടെയും പ്രവർത്തന മണ്ഡലവുമായി ബന്ധപ്പെട്ടതാണ്. വിദ്യാഭ്യാസരംഗത്തും ആതുര സേവന രംഗത്തും ജീവകാരുണ്യ പ്രവർത്തന മേഖലയിലും മറ്റും ക്രൈസ്തവ സഭ നൽകിയിട്ടുള്ള സംഭാവനകൾ അമൂല്യമാണ്. മണർകാട് സെന്റമേരീസ് കോളേജ്, സെന്റ് മേരീസ് ആശുപത്രി, സെന്റ് മേരീസ് നേഴ്സിംഗ് സ്കൂൾ, സെന്റ് മേരീസ് ഐ.റ്റി.ഐ., സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഇൻഫന്റ് ജീസസ് ഗേൾസ് ഹൈസ്കൂൾ, വടവാതൂർ സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരി, ഗിരിദീപം ബഥനി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, ഇ. എ. എൽ. പി. സ്കൂൾ (പുതുപ്പറമ്പ്), എസ്. ഡി. എ. ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, സെന്റ് മേരീസ് എൽ.പി.സ്കൂൾ, സാൻതോം ഇംഗ്ലീഷ് മീഡിയം സ്കൂൾ, മാങ്ങാനം മന്ദിരം ആശുപത്രി, ലേയാമ്മ മെമ്മോറിയൽ നേഴ്സിംഗ് സ്കൂൾ, മുണ്ടകപ്പാടം അഗതി മന്ദിരങ്ങൾ, മാങ്ങാനം ക്രൈസ്തവാശ്രമം, ട്രാഡാ, അരീപ്പറമ്പ് ഗ്രേഷ്യസ് ചിൽഡ്രൻ (ഓർഫനേജ്), പുതുശ്ശേരി സി. എം. എസ്. എൽ. പി. സ്കൂൾ (മാങ്ങാനം), കഞ്ഞിക്കുഴി എൽ. പി. സ്കൂൾ, പാറമ്പുഴ സെൻറ് ജോർജ് ഇംഗ്ലീഷ് മീഡിയം സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളെല്ലാം വിവിധ ക്രൈസ്തവ സഭകൾ നടത്തുന്നവയാണ്.

മത സൗഹാർദ്ദത്തിന്റെ മഹനീയ മാതൃക പരമ്പരാഗതമായി തുടർന്നു വരുന്ന ഒരു പ്രദേശമാണിത്. ചരിത്ര പ്രസിദ്ധമായ മണർകാട് വിശുദ്ധ മർത്തമറിയം പള്ളിയിലെ എട്ടുനോമ്പ് പെരുന്നാൾ ചടങ്ങുകളിൽ ധാരാളം ഹൈന്ദവരും ഭക്തിപൂർവ്വം പങ്കെടു

ക്കുന്നു. മണർകാട് ദേവീക്ഷേത്രത്തിൽ പതിനൊന്നു വർഷത്തിലൊരിക്കൽ മാത്രം നടത്താറുള്ള പതിനൊന്ന് ചാട് ഗരുഡൻ പറവയ്ക്കുള്ള ചാട് ഉയർത്തുന്നതിനു മുമ്പ് ഒരു ക്രൈസ്തവ കുടുംബത്തിലെ പ്രായമുള്ള വ്യക്തി തൊടണം എന്നുള്ള പാരമ്പര്യം ഇപ്പോഴും തുടരുന്നു.

പല ക്ഷേത്രങ്ങളിലും പൂജയ്ക്കുപയോഗിക്കുന്ന അരി, ശർക്കര, വെളിച്ചെണ്ണ തുടങ്ങിയ സാധനങ്ങൾ തൊട്ടു ശുദ്ധീകരിക്കുന്ന ജോലി (വാണിഭം കൊള്ളുക) സുറിയാനി ക്രിസ്ത്യാനികളാണ് നിർവ്വഹിച്ചിരുന്നതെന്നും, മാങ്ങാനം നരസിംഹ സ്വാമിക്ഷേത്രത്തിലേക്ക് ഈ ആവശ്യത്തിന് പ്ലാപ്പള്ളി നമ്പൂതിരി കുറവിലങ്ങാട്ടു നിന്നും ഏതാനും ക്രൈസ്തവ കുടുംബങ്ങളെ ക്ഷണിച്ചുവരുത്തി മാങ്ങാനത്തു പാർപ്പിച്ചതായും മാങ്ങാനം ക്ഷേത്രത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധികരിച്ചിട്ടുള്ള 'മുരളീരവം' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മറ്റു സാംസ്കാരിക സ്ഥാപനങ്ങളെപ്പറ്റിയും വ്യക്തികളെപ്പറ്റിയും 'സംസ്കാരം' എന്ന വിഷയത്തിൽ അന്യത്ര പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇവിടെ രേഖപ്പെടുത്തുന്നില്ല.

ഇന്ന് നാം അനുഭവിക്കുന്ന നേട്ടങ്ങൾ - ചെറുതായാലും വലുതായാലും - നമ്മുടെ മുൻഗാമികളുടെ നിസ്വാർത്ഥതയുടെയും ത്യാഗത്തിന്റെയും മൂശയിൽനിന്നും ഉരുത്തിരിഞ്ഞതാണ്. ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ ആ മഹത്വ്യക്തികളോട് നന്ദി രേഖപ്പെടുത്തുവാൻ നമുക്ക് കടമയുണ്ട്. അത് ആത്മാർത്ഥതയോടെ ഇവിടെ നിർവഹിക്കുന്നു.

ചരിത്രം ഇവിടെ അവസാനിക്കുന്നില്ല. അത് യുഗാന്തരങ്ങളോളം തുടർന്നുകൊണ്ടേയിരിക്കും. ചരിത്രത്തിന്റെ താളുകളിൽ എഴുതി ചേർക്കേണ്ട എത്രയെത്ര പ്രസ്ഥാനങ്ങൾക്കും സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും ഈ പുണ്യഭൂമി ജന്മം നൽകേണ്ടിയിരിക്കുന്നു. ഇന്നും അന്നും എന്നും വിജയപുരത്തിന്റെ ഈ വികസന രേഖ ഈ നാടിന്റെ സാമൂഹ്യ സാംസ്കാരിക മേഖലകളിൽ ഒരു ചരിത്ര രേഖയായി നിലനിൽക്കുമെന്ന് പ്രത്യാശിക്കാം.



**സെൻറ് മേരീസ് യാക്കോബായ സുറിയാനി പള്ളി, മണർകാട്**



വിജയപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, മണർകാട്



സെൻറ് മേരീസ് കോളജ്, മണർകാട്

# വിജയപുരം പഞ്ചായത്തിലെ ക്രൈസ്തവ സ്ഥാപനങ്ങൾ

I. എപ്പിസ്കോപ്പൽ സഭകൾ

1. സെൻറ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളി, മണർകാട്
2. സെൻറ് മേരീസ് കത്തോലിക്കാ പള്ളി, മണർകാട്
3. സെൻറ് ജെയിംസ് സി. എസ്. ഐ. പള്ളി, മണർകാട്
4. സി. എം. എസ്. പള്ളി, മണർകാട്
5. സെൻറ് മേരീസ് മലങ്കര കത്തോലിക്ക പള്ളി മാലം
6. സെൻറ് മേരീസ് യാക്കോബായ പള്ളി, അരീപ്പറമ്പ്
7. സെൻറ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി, അരീപ്പറമ്പ്
8. സെൻറ് ജോൺസ് സി. എസ്. ഐ. പള്ളി മാങ്ങാനം
9. സെൻറ് പോൾസ് സി. എസ്. ഐ. പള്ളി മാങ്ങാനം
10. ബെഥേൽ മാർത്തോമ്മാ പള്ളി, ചെമ്മരപ്പള്ളി മാങ്ങാനം
11. സെൻറ് മേരീസ് യാക്കോബായ ചാപ്പൽ മാന്നാനം.
12. സെൻറ് ജോർജ് ഓർത്തഡോക്സ് ചാപ്പൽ, കൈതമറ്റം
13. ലിറ്റിൽഫ്ലവർ മലങ്കര കത്തോലിക്കാപള്ളി, കഞ്ഞിക്കുഴി (കളത്തിൽപ്പടി)
14. സെൻറ് ജോർജ്ജ് യാക്കോബായ പള്ളി (പൊൻപള്ളി) നട്ടാശ്ശേരി
15. ഹോളി ഫാമിലി കത്തോലിക്കാപള്ളി, നട്ടാശ്ശേരി
16. തിരുവഞ്ചൂർ കുരിശുപള്ളി, തിരുവഞ്ചൂർ
17. സെൻറ് പീറ്റേഴ്സ് ആന്റ് സെൻറ് പോൾസ് മലങ്കര കത്തോലിക്കാ പള്ളി തിരുവഞ്ചൂർ.
18. സെൻറ് ജോൺസ് യാക്കോബായ പള്ളി, പാറമ്പുഴ
19. സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളി, പാറമ്പുഴ
20. സെൻറ് സ്റ്റീഫൻസ് യാക്കോബായ പള്ളി പാറമ്പുഴ
21. മാർ അപ്രേം യാക്കോബായ പള്ളി, വടവാതൂർ.
22. സെൻറ് തോമസ് കത്തോലിക്കാപള്ളി, വടവാതൂർ
23. സെൻറ് പേട്രിയാക് കത്തോലിക്കാപള്ളി, വടവാതൂർ
24. സെൻറ് പോൾസ് സി. എസ്. ഐ. പള്ളി, വടവാതൂർ.
25. സെൻറ് സ്റ്റീഫൻസ് മാർത്തോമ്മാ പള്ളി, വടവാതൂർ.
26. സെൻറ് മേരീസ് കത്തോലിക്കാ പള്ളി, ഞാറയ്ക്കൽ, വടവാതൂർ
27. സെന്റ് ലൂക്ക് മാർത്തോമ്മാ പള്ളി പുതുപ്പറമ്പ്, കളത്തിൽപ്പടി.

ശാബതുമിഷൻ പള്ളി അരീപ്പറമ്പ്
" വടവാതൂർ
" തലപ്പാടി

### സെമിനാരി

സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരി, വടവാതൂർ

### മെത്രാസനാസ്ഥാനം

ബെഥേൽ അരമന മാങ്ങാനം
(മാർത്തോമ്മാ സഭയുടെ കോട്ടയം-കൊച്ചി ഭദ്രാസനാസ്ഥാനം)

### ആശ്രമങ്ങൾ

ബഥനി ആശ്രമം, കളത്തിൽപ്പടി
ക്രൈസ്തവാശ്രമം, മാങ്ങാനം

### കോൺവെന്റുകൾ

സെന്റ് ജോൺസ് കോൺവെന്റ് വടവാതൂർ
ലോററ്റോ ഭവൻ (ആരാധനാമഠം), മാങ്ങാനം
നസ്രത്ത് ക്നാനാശ്രമം, മാങ്ങാനം
എം. ഒ. സി. മാങ്ങാനം
എസ്. എച്ച്. ജനറലെറ്റ്, മാങ്ങാനം
ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് ക്ലാരിസ്റ്റ്, മാങ്ങാനം
ജയകാർമ്മേൽ നോവിഷ്യേറ്റ്, മാങ്ങാനം
ബെഥനി ജനറലേറ്റ്, കളത്തിൽപ്പടി
ബെഥനി കോൺവെന്റ് മണർകാട്
സെന്റ് പൗളിൻ വിസിറ്റേഷൻ കോൺവെൻറ്, നട്ടാശ്ശേരി ഈസ്റ്റ്
സ്പിരിറ്റ്വാലിറ്റി സെന്റർ, മാങ്ങാനം

# വിജയപുരം പഞ്ചായത്തിലെ ഹൈന്ദവ സ്ഥാപനങ്ങൾ

### ക്ഷേത്രങ്ങൾ

വിജയപുരം ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, മണർകാട്
മണർകാട് ദേവീക്ഷേത്രം
തൃക്കയിൽ മഹാദേവർ ക്ഷേത്രം, മണർകാട്
നടയ്ക്കൽ ശ്രീ ധർമ്മ ശാസ്താ ക്ഷേത്രം, മാങ്ങാനം
ശ്രീനരസിംഹ സ്വാമി ക്ഷേത്രം, മാങ്ങാനം
താമരശ്ശേരി ഉമ്പുക്കാട്ട് മഹാദേവർ ക്ഷേത്രം, മാങ്ങാനം
തേവർകുന്ന് മഹാദേവർ ക്ഷേത്രം, മാങ്ങാനം
പടച്ചിറ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, മാങ്ങാനം
മഹാദേവർ ക്ഷേത്രം, അരീപ്പറമ്പ്
മുല്ലയ്ക്കൽ ദേവീക്ഷേത്രം, തിരുവഞ്ചൂർ
താഴ്ത്തിക്കര അയ്യപ്പ ക്ഷേത്രം, തിരുവഞ്ചൂർ
ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, തിരുവഞ്ചൂർ
പെരിങ്ങല്ലൂർ മഹാദേവർ ക്ഷേത്രം, പാറമ്പുഴ
പൊയമറ്റം ധർമ്മ ശാസ്താ ക്ഷേത്രം, പാറമ്പുഴ
കാഞ്ഞിരക്കാട് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, നട്ടാശ്ശേരി
വേമ്പിൻകുളങ്ങര ശ്രീകൃഷ്ണ ക്ഷേത്രം, പാറമ്പുഴ
ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, വടവാതൂർ
താഴത്തേടം ശ്രീ. ധർമ്മശാസ്താ ക്ഷേത്രം, വടവാതൂർ
പാറയിൽ (തേവർകുന്ന്) മഹാദേവക്ഷേത്രം, വടവാതൂർ
ശ്രീധർമ്മശാസ്താ ക്ഷേത്രം, നട്ടാശ്ശേരി

### ആശ്രമങ്ങൾ

ജ്ഞാനന്ദ ആശ്രമം, തിരുവഞ്ചൂർ

### എസ്. എൻ. ഡി. പി ശാഖകൾ

| | | | |
|---|---|---|---|
| അരീപ്പറമ്പ് | 149 | മണർകാട് | 1337 |
| മാങ്ങാനം | 501 | മാലം | 3744 |
| വിജയപുരം | 1306 | വടവാതൂർ | 3151 |

### എൻ. എസ്. എസ്. കരയോഗങ്ങൾ

| | | | |
|---|---|---|---|
| അരീപ്പറമ്പ് | 1736 | നട്ടാശ്ശേരി | 130 |
| നട്ടാശ്ശേരി | 1132 | നട്ടാശ്ശേരി | 1366 |
| പാറമ്പുഴ | 702 | മണർകാട് | 642 |
| മണർകാട് | 1770 | മാങ്ങാനം | 664 |
| മാങ്ങാനം ഈസ്റ്റ് | 3683 | മാലം | 1505 |
| വടവാതൂർ | 413 | തിരുവഞ്ചൂർ | 444 |

### വിശ്വകർമ്മ മഹാസഭ, മാങ്ങാനം

### വേലർ മഹാസഭ, വടവാതൂർ

# 4

# ഭൂപ്രകൃതി, ജലപ്രകൃതി ജനപ്രകൃതി



ഭൂപ്രകൃതിയനുസരിച്ച് കേരളത്തിലെ ഇടനാട് മേഖലയിൽപ്പെട്ട പ്രദേശമാണ് വിജയപുരം. കുന്നുകളും താഴ്‌വരകളും ചേർന്നു നിമ്നോന്നതമായ ഭൂവിഭാഗമാണിത്. ഈ പഞ്ചായത്തിലെ പാടശേഖരങ്ങളും, ഉയരം കൂടിയ കുന്നുകളും മനംകവരുന്ന പ്രകൃതി ദൃശ്യമാണ്. ഇവിടത്തെ ഭൂപ്രകൃതിയും, കാലാവസ്ഥയും സുഖകരമായ ജനവാസത്തിനും കൃഷിക്കും വ്യവസായത്തിനും അനുയോജ്യമാണ്.

കോട്ടയം മുനിസിപ്പാലിറ്റിക്കും കുമാരനല്ലൂർ, അയർക്കുന്നം, കൂരോപ്പട, പാമ്പാടി, പുതുപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകൾക്കും മദ്ധ്യേ കിടക്കുന്ന വിജയപുരം ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം 29.7 ച. കി. മീ. ആണ്. കോട്ടയം നഗരത്തിന്റെ കിഴക്കേ അതിർത്തിയായ കഞ്ഞിക്കുഴി പാലത്തിന് കിഴക്ക്, തെക്ക്, വടക്ക് ഭാഗങ്ങളിലേക്കായി വ്യാപിച്ചു കിടക്കുന്ന ഈ ഗ്രാമത്തിന്റെ നല്ലൊരു ഭാഗം നാഗരിക സംസ്കാരവുമായി പൊരുത്തപ്പെട്ടു നിൽക്കുന്നു.

ജില്ലയിലെ പ്രധാന നദിയായ മീനച്ചിലാറ് വിജയപുരം പഞ്ചായത്തിലെ നട്ടാശ്ശേരി, പാറമ്പുഴ പ്രദേശങ്ങളെയും, കൊടൂരാർ, മാങ്ങാനത്തെയും സ്പർശിച്ചുകൊണ്ടു കടന്നു പോകുന്നു. മീനന്തറയാർ ഈ പഞ്ചായത്തിന്റെ ഉൾഭാഗത്തു കൂടി ഒഴുകി മീനച്ചിലാറ്റിൽ പതിക്കുന്നു. ഈ സമുദ്ര സമ്പർക്കം ഇവിടത്തെ മണ്ണിനെ ഫലഭൂയിഷ്ഠമാക്കുന്നു.

നൂറു വർഷത്തിലധികം പഴക്കമുള്ളതും കോട്ടയം നഗരത്തെ ഹൈറേഞ്ചുമായും, തമിഴ്നാട്ടിലെ മധുര, കൊടൈക്കനാൽ തുടങ്ങിയ പ്രദേശങ്ങളുമായും ബന്ധിപ്പിക്കുന്ന കെ. കെ. റോഡ് (കോട്ടയം - കുമളി റോഡ്) ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്തു കൂടി കടന്നു പോകുന്നു. കെ. കെ. റോഡിൽ കഞ്ഞിക്കുഴി പാലം മുതൽ ഇല്ലിവളവു വരെയുള്ള 6.5 കി. മീ. ഭാഗമാണ് വിജയപുരം പഞ്ചായത്തിൽപ്പെടുന്നത്. അതുപോലെ തന്നെ മറ്റൊരു പ്രധാന പാതയായ കോട്ടയം - പത്തനംതിട്ട റോഡിൽ, തുരുത്തേൽപ്പാലം മുതൽ മാങ്ങാനം മന്ദിരം കലുങ്കുവരെയുള്ള 1.8 കി. മീ. ഈ പഞ്ചായത്തു പ്രദേശത്തിന്റെ ഭാഗമാണ്. ഈ രണ്ടു റോഡുകളും, പഞ്ചായത്തിന്റെ വികസനത്തിലും വളർച്ചയിലും ഗണ്യമായ പങ്കുവഹിക്കുന്നു.

## ജലപ്രകൃതി

മഴയെ പ്രധാനമായും ആശ്രയിച്ചുള്ള കാർഷികവൃത്തിയാണ് ഈ പഞ്ചായത്തിലുള്ളത്. മഴയുടെ 70% ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്താണു ലഭിക്കുന്നത്. മീനച്ചിലാറ്, മീനന്തറയാറ്, കൊടൂരാറ് എന്നിവയുടെ കുറെ ഭാഗങ്ങളും ഏതാനും ചെറുതോടുകളും, കുളങ്ങളും, കിണറുകളും ചേർന്നതാണ് വിജയപുരം പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സുകൾ. നട്ടാശ്ശേരി, പാറമ്പുഴ കരകൾ ഉൾപ്പെടുന്ന താഴ്ന്ന പ്രദേശങ്ങൾ വർഷകാലത്ത് വെള്ളപ്പൊക്കകെടുതികൾ അനുഭവിക്കുമ്പോൾ കുന്നിൻപ്രദേശങ്ങളിൽ വേനൽകാലത്ത് കുടിവെള്ള ക്ഷാമവും ഉണ്ടാകുന്നു.

നല്ല ശുദ്ധജലം ലഭിക്കുന്ന കിണറുകൾ ഈ പഞ്ചായത്തിനു പ്രകൃതി നൽകിയിരിക്കുന്ന വലിയൊരനുഗ്രഹമാണ്. എന്നാൽ ചില റബ്ബർ ഫാക്ടറികളിൽ നിന്ന് നിയമ വിരുദ്ധമായി ഒഴുക്കുന്ന മലിന ജലം ഈ പ്രദേശത്തെ കിണറുകളിലെയും തോടുകളിലെയും ശുദ്ധജലം മലീമസമാക്കുന്നതായി പൊതുവെ പരാതിയുണ്ട്. ഇത് ജനങ്ങളടെ ആരോഗ്യത്തെയും, കൃഷിയെയും, മത്സ്യസമ്പത്തിനെയും ഒക്കെ പ്രതികൂലമായി ബാധിച്ചു തുടങ്ങിയിട്ടുണ്ട്. ഇക്കാര്യം ബന്ധപ്പെട്ട അധികൃതർ ഗൗവരവപൂർവ്വം പരിഗണിച്ച് ആവശ്യമായ അടിയന്തിര നടപടികൾ കൈക്കൊള്ളാത്തപക്ഷം ഈ പ്രദേശത്തെ ജനജീ

വിതത്തിനുണ്ടാകുന്ന ഭവിഷ്യത്തുകൾ ഗുരുതരമായിരിക്കും.

### ജനപ്രകൃതി

കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ വിസ്തൃതിയിൽ 25-ാം സ്ഥാനത്തുനിൽക്കുന്ന വിജയപുരം ജനസംഖ്യയിൽ ഒന്നാം സ്ഥാനത്താണ്. 1991-ലെ സെൻസസ് പ്രകാരം 50417 ആണ് ഇവിടുത്തെ ജനസംഖ്യ. പാലാ, വൈക്കം മുനിസിപ്പാലിറ്റികളിലേതിനേക്കാൾ രണ്ടിരട്ടിയിൽ അധികമാണിത്. 10114 വീടുകളുള്ള ഈ പഞ്ചായത്ത് അക്കാര്യത്തിലും ജില്ലയിലെ മറ്റു പഞ്ചായത്തുകളുടെ വളരെ മുന്നിൽതന്നെ. പാലാ വൈക്കം മുനിസിപ്പാലിറ്റികളിലേതിനേക്കാൾ രണ്ടിരട്ടിയിലധികം.

മൊത്തം ജനസംഖ്യയിൽ 25225 പുരുഷന്മാരും, 25192 സ്ത്രീകളുമാണുള്ളത്. 2482 പട്ടികജാതിക്കാരും, 204 പട്ടികവർഗ്ഗക്കാരും ഇവിടെയുണ്ട്. ഒരു വയസ്സിനും ആറ് വയസ്സിനും താഴെയുള്ള കുട്ടികളുടെ എണ്ണം 5578 ആണ്. 1991-ലെ കണക്കുകളുടെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 96.9% ആണ്. ഇത് കോട്ടയം മുനിസിപ്പാലിറ്റിയെക്കാളും, മറ്റുപഞ്ചായത്തുകളേക്കാളും കൂടിയ നിരക്കായിരുന്നു.

1981-ലേതിനേക്കാൾ 17.6% വർദ്ധനവാണ് 1991ലെ ജനസംഖ്യയിൽ ഉണ്ടായിട്ടുള്ളത്. സമീപ പഞ്ചായത്തുകളിലേതിനേക്കാൾ കൂടിയ നിരക്കാണിത്. അതേസമയം കോട്ടയം മുനിസിപ്പൽ പ്രദേശത്ത് 1981 ലേതിനേക്കാൾ ജനസംഖ്യയിൽ 1.81 ശതമാനം കുറവാണ് 1991ൽ ഉണ്ടായിട്ടുള്ളത്. 1991-ലെ കണക്കുപ്രകാരം വിജയപുരം പഞ്ചായത്തിലെ ജനസാന്ദ്രത 1697.5 ആണ്. കോട്ടയം നഗരത്തിൽനിന്നും മറ്റു സ്ഥലങ്ങളിൽനിന്നും ധാരാളം ആളുകൾ ഈ പഞ്ചായത്തുപ്രദേശത്തെ താമസം മാറ്റിക്കൊണ്ടിരിക്കുന്നതായിട്ടാണ് ഈ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്.

കോട്ടയം പട്ടണവുമായുള്ള സാമീപ്യം, ശാന്തിയും സമാധാനവും നിറഞ്ഞ ജീവിതാന്തരീക്ഷം, ഉന്നതനിലവാരം പുലർത്തുന്ന വിദ്യാലയങ്ങൾ, പുണ്യകേന്ദ്രങ്ങളായ ആരാധനാലയങ്ങൾ, ആധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രികൾ, MRF മുതൽ റബ്ബർ ബാൻറ് യൂണിറ്റുകൾ വരെയുള്ള വൻകിട-ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, ഫലഭൂയിഷ്ഠമായ മണ്ണ്, ഗതാഗത സൗകര്യം, തുടങ്ങിയവയെല്ലാം ഈ പഞ്ചായത്തിലെ ജനസാന്ദ്രതാ വർദ്ധനവിന്റെ അടിസ്ഥാന ഘടകങ്ങളാണ്.

അന്ധമായ രാഷ്ട്രീയ വിദ്വേഷത്തിന്റെയും, വർഗ്ഗീയതയുടെയും കരിനിഴൽ ബാധിച്ചിട്ടില്ലാത്ത പ്രദേശമാണിത്. ഹിന്ദു-ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ടവരാണ് ജനസംഖ്യയിൽ 99.9 ശതമാനവും. അംഗസംഖ്യയിൽ മുന്നിട്ടു നിൽക്കുന്നത് ക്രിസ്ത്യാനികളാണ്.

ജനസംഖ്യാ വർദ്ധനവിന് അനുസൃതമായ വികസനവും, പുരോഗതിയും ഈ പഞ്ചായത്തിന് ഇനിയും ഉണ്ടായിട്ടില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. റോഡുകൾ, ജലം, വൈദ്യുതി, തുടങ്ങിയ അവശ്യഘടകങ്ങളുടെ കാര്യത്തിൽ ഈ പ്രദേശം ഇപ്പോഴും പിന്നിലാണ്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധ പതിപ്പിക്കുന്ന പക്ഷം ജനജീവിതത്തിനും, കൃഷിക്കും, വ്യവസായത്തിനും എല്ലാം ഏറ്റവും അനുയോജ്യമായ പ്രകൃതിയുടെ വരദാനമാണ് വിജയപുരം ഗ്രാമപഞ്ചായത്ത്.

●●

**"നിങ്ങൾ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ദരിദ്രനായ നിസ്സഹായനായ മനുഷ്യന്റെ മുഖം സങ്കല്പിച്ചു നോക്കുക. എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയൽ പ്രയോജനപ്പെടുമോ എന്നു സ്വയം ചോദിച്ചു നോക്കുക അതിന് ഉത്തരം കിട്ടുമ്പോൾ സംശയങ്ങൾ ഇല്ലാതാകുന്നതായും അഹന്ത അലിഞ്ഞുപോകുന്നതായും അനുഭവപ്പെടും"**

**- ഗാന്ധിജി**

# 5 (1)

# കൃഷിയും ജലസേചനവും



വിജയപുരം പഞ്ചായത്തിൽ ഉൾപ്പെട്ട ഗ്രാമപ്രദേശം പുരാതന കാലം മുതൽ ഒരു പ്രധാന കാർഷിക/പാർപ്പിട മേഖല ആയിരുന്നു. കൃഷി ആയിരുന്നു മുഖ്യതൊഴിലും ഉപജീവനമാർഗ്ഗവും. അടുത്ത കാലത്ത് ഈ സ്ഥിതി വളരെയേറെ മാറി. വാണിജ്യ/വ്യവസായ മേഖലകൾ വികസിച്ചു. ജനസംഖ്യയും അതൊടൊപ്പം പാർപ്പിടങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങൾ പൊതുവെ കാർഷിക പ്രവർത്തനങ്ങളിൽ വിമുഖരായി വരികയാണ്. എന്നിരുന്നാലും കൃഷി ഈ പ്രദേശത്തിലെ പ്രധാന പ്രവർത്തനമായി തുടരുന്നു. ചെറുകിട ഭൂ ഉടമകളാണ് ഇവിടെയുള്ളത്. ഇവിടുത്തെ മുഖ്യ വിളകളെപ്പറ്റി കൃഷിഭവനിൽ നിന്നും ലഭിച്ചിട്ടുള്ള വിവിരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഇനങ്ങൾ | വിസ്തീർണ്ണം | | ഉത്പാദനക്ഷമത |
|---|---|---|---|
| ദീർഘകാലവിളകൾ | | | |
| തെങ്ങ് | 475 | Hect. | 4300 Nos. |
| റബർ | 925 | " | 750 Kg. |
| കുരുമുളക് | 135 | " | 1800 Kg. |
| കൊക്കോ | 10 | " | 1800 Kg. |
| ഹ്രസ്വകാല വിളകൾ | | | |
| നെല്ല് | 332 | " | 2800 Kg |
| കൈതച്ചക്ക | 50 | " | 12500 Nos. |
| ഏത്തവാഴ | 30 | " | 7700 Nos. |
| കപ്പ | 15 | | |
| ഇഞ്ചി | 10 | | |
| പച്ചക്കറി | 8 | | |
| ആകെ | 1990 | | |

മുൻ കാലങ്ങളിൽ വസ്തുവിനും കാർഷിക ഉല്പന്നങ്ങൾക്കും വില തുച്ഛമായിരുന്നു. പരമ്പരാഗതമായ രീതീയിലായിരുന്നു കൃഷി നടത്തിയിരുന്നത്. ഉല്പാദന ക്ഷമതയും കുറവായിരുന്നു. എന്നാൽ ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് കാർഷിക മേഖലയ്ക്കു മുൻഗണന കൊടുത്തുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും കൃഷിസമ്പ്രദായങ്ങൾ നവീകരിക്കുകയും ചെയ്തതിന്റെ ഫലമായി ഉല്പാദന ക്ഷമതയും മൊത്തം ഉല്പാദനവും വർദ്ധിച്ചു. എന്നിരുന്നാലും കർഷകർക്ക് കൃഷിയിൽനിന്ന് ന്യായമായ വരുമാനം ലഭിച്ചിരുന്നില്ല. പാടങ്ങൾ നെൽകൃഷിക്കല്ലാതെ മറ്റൊന്നിനും അനുയോജ്യമല്ലാതിരുന്നതുകൊണ്ടും മുൻകാലങ്ങളിൽ മിക്ക നിലമുടമകളും തുച്ഛലാഭത്തിലും ചിലപ്പോൾ നഷ്ടത്തിലും കൃഷി ചെയിതരുന്നത്. ഇന്നത്തെ പ്രതികൂല സാഹചര്യങ്ങളിൽ നെൽകൃഷി പ്രതിസന്ധിയിൽ എത്തിയിരിക്കുകയാണ്. നെൽപാടങ്ങൾ പലതും തരിശായി ഇടുകയോ നികത്തി മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നതിനുള്ള പ്രവണതയാണ് ഇന്നു വിജയപുരം പഞ്ചായത്തിൽ കാണുന്നത്. അതേ സമയം കേരളത്തിൽ നെല്ലിന്റെ ഉല്പാദനം ആവശ്യത്തേക്കാൾ വളരെ കുറവാണ്. ഉല്പാദനവും ഉപയോഗവും തമ്മിലുള്ള വിടവ് വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. നെൽകൃഷിക്കെന്നപോലെ മറ്റു പല കൃഷികൾക്കുമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇപ്പോൾ ഉള്ള അടിസ്ഥാന സൗകര്യങ്ങൾ കുറെക്കൂടെ മെച്ചപ്പെടുത്തണം. കർഷകർക്കു സാമ്പത്തികമായി സഹായം ലഭിക്കണം. ഇതിനു പര്യാപ്തമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കണം.

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഏറ്റവും പ്രധാനമായി ചെയ്യേണ്ടത് കൃഷിക്ക് വെള്ളം എല്ലാ സമയത്തും ആവശ്യത്തിനു ലഭിക്കുന്നതിനും അതേസമയം വെള്ളപ്പൊക്കം മൂലം കൃഷിനാശം ഉണ്ടാകാതിരിക്കുന്നതിനും മതിയായ മാർഗ്ഗങ്ങൾ കണ്ടുപിടിക്കണം. ഈ പ്രദേശത്തിന്റെ ഭൂപ്രകൃതി തീര സമതല പ്രദേശത്തിൽനിന്ന് ഉയർന്നു മലനാടിന്റെ നിരപ്പിൽ നിന്നു താണ കുന്നുകളും താഴ്വരകളുമാണ്. പലതരം കരകൃഷിക്കും പാടങ്ങളിൽ നെൽകൃഷിക്കും അനുയോജ്യമായ മണ്ണാണ് ഇവിടുള്ളത്. ആറു

മാസം മിക്കവാറും തുടർച്ചയായി മഴയും ആറുമാസം വരൾച്ചയുമാണ് സാധാരണ അനുഭവപ്പെടുന്നത്. മെയ്മാസം അവസാനം കാലവർഷം ആരംഭിക്കും. തുടർന്നു അഞ്ചുമാസത്തേയ്ക്ക് ശരാശരി അൻപതു സെന്റിമീറ്റർ വീതം മഴയുണ്ടാകും. നവമ്പർ ആദ്യം മഴക്കാലം അവസാനിക്കും. കാലാവസ്ഥ വരൾച്ചയാണ്. വരൾച്ച സമയത്ത് നെൽപാടങ്ങൾ കൃഷിയില്ലാതെ കിടക്കും. കരകൃഷിക്കും ഉണക്കു ബാധിക്കും. മഴക്കാലത്തു പെയ്യുന്ന വെള്ളം മുഴുവനും ഒഴുകിപോകുകയാണ് അതിന്റെകൂടെ ഫലഭൂയിഷ്ഠമായ മേൽമണ്ണുംകൂടെ കുറയൊക്കെ ഒഴുകിപ്പോകുന്നു. മഴക്കാലത്തു ലഭിക്കുന്ന വെള്ളം നഷ്ടപ്പെടുത്താതെ നെൽപാടങ്ങളിലും താഴ്ന്ന കരപ്രദേശങ്ങളിലും മറ്റും ഹ്യസ്വകാല പച്ചക്കറി കൃഷി ചെയ്യുന്നതിനും സാധിക്കും.

ഇതുകൂടാതെ കുന്നിൻ ചെരിവുകളിൽ കുഴികൾ കുത്തി മഴവെള്ളം ഈ കുഴികളിൽ ശേഖരിക്കണം. ഇതുവഴി മണ്ണൊലിപ്പു തടയാം, വേനൽകാലത്ത് മണ്ണിലെ ഈർപ്പം നിലനിർത്താം. കിണറുകളിൽ വെള്ളം വറ്റാതെയിരിക്കും. കുന്നിൻ പുറങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിച്ചാൽ കൃഷിക്ക് ആവശ്യമുള്ള വെള്ളത്തിന്റെ കാര്യം ഉറപ്പാക്കാം. വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതുപോലെതന്നെ പ്രാധാന്യമുള്ള ഒരു ഘടകമാണ് കാർഷിക തൊഴിലാളികളുടെ ലഭ്യത. ഇന്നു നെൽപ്പാടങ്ങളിലും കരഭൂമികളിലും കൃഷിപ്പണികൾ ചെയ്യുന്നതിനും വിളവെടുപ്പു നടത്തുന്നിതനും റബ്ബർ ടാപ്പിംഗ് ഉൾപ്പെടെ ആവശ്യത്തിന് തൊഴിൽക്കാർ ലഭ്യമല്ല. ഇതു ഈ പഞ്ചായത്തിലെ മാത്രം സ്ഥിതിയല്ല. ജില്ല മുഴുവനും ഇതുതന്നെയാണ് സ്ഥിതി. ഇതിനു പരിഹാരം കാണുന്നതിന് ജില്ലാ തലത്തിൽ ആസൂത്രണം ചെയ്യണം. യന്ത്രവത്കരണം കൊണ്ട് ഈ പ്രശ്നം കുറെയെല്ലാം പരിഹരിക്കാം. ഇതിനായി യന്ത്രോപകരണങ്ങളുടെ ലഭ്യതയും ഉപകരണങ്ങളുടെ ലഭ്യതയും ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ തയാറാക്കണം. ഈ കാര്യങ്ങളും പഞ്ചായത്തുതലത്തിൽ മാത്രം ചിന്തിക്കാനുള്ളതല്ല. ഉല്പാദന ശേഷിയുള്ള വിത്തുകൾ, ജൈവവളം, രാസവളം, കീടനാശിനികൾ മുതലായവയും ലഭിക്കണം. ഗതാഗത സൗകര്യം, വിപണന സൗകര്യം, വിള ഇൻഷുറൻസ്, വൈദ്യുതി, മുതലായവയും ആവശ്യത്തിനും തക്കസമയത്തുമുള്ള കൃഷിഭവന്റെ സേവനങ്ങളും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തി കൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും മൊത്തം ഉല്പന്നങ്ങളും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സാധിയ്ക്കും.

നെൽകൃഷി സംബന്ധിച്ച വിവരങ്ങൾ

ഇപ്പോൾ കൃഷിചെയ്യുന്ന പാടങ്ങളുടെ വിസ്തീർണ്ണം

| | | |
|---|---|---|
| ഒരുപ്പൂവ് | - | 308 |
| ഇരുപ്പൂവ് | - | 24 |
| ആകെ | - | 332 |

[ശരാശരി വിളവ് 2800 കി.ലോ/ഹെക്ടർ]

തരിശ് ഇടുകയോ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്ന നെൽപാടങ്ങളുടെ വിസ്തീർണ്ണം ദിവസേന വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മുഖ്യ ഭക്ഷ്യധാന്യമായ നെല്ലിന്റെ ഉല്പാദനം ആവശ്യത്തെക്കാൾ കുറവാണ്. തമ്മിലുള്ള വിടവ് വർദ്ധിച്ചുവരുകയുമാണ്. ഉല്പാദിപ്പിക്കുന്ന നെല്ലിന്റെ വിപണനം പ്രശ്നമല്ല. പക്ഷെ നെൽകൃഷി ഇന്ന് ശ്രമകരവും ആദായം കുറഞ്ഞതുമായ ഒരു സംരംഭമാണ് അതുകൊണ്ട് കർഷകർ നെൽകൃഷി ഉപേക്ഷിച്ചുകൊണ്ടിരിക്കുകയാണ്. പോരെങ്കിൽ നെൽപാടങ്ങൾ നികത്തി മറ്റാവശ്യങ്ങൾക്ക് കൂടുതൽ ഉപയോഗിക്കുന്നതിനുള്ള സാദ്ധ്യതകൾ ഈ പഞ്ചായത്തിൽ വർദ്ധിച്ചുവരികയുമാണ്. നെൽപാടങ്ങൾ നികത്തുന്നതിനെതിരെ നടപടി എടുക്കണമെന്ന് ഗ്രാമസഭകൾ ശക്തിയായി ആവശ്യപ്പെടുന്നുണ്ട്. അതേസമയം നഷ്ടം സഹിച്ചും കഷ്ടപ്പെട്ടും നെല്ല് ഉല്പാദിപ്പിക്കണമെന്ന് ഭൂവുടമകളെ നിർബന്ധിക്കാൻ എങ്ങനെ കഴിയും? ഈ സ്ഥിതിവിശേഷം ഉള്ളതുകൊണ്ട് കാർഷിക വികസന പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കർഷകർക്ക് ഉദാരമായ സാമ്പത്തിക പ്രചോദനവും കൂടെ കണക്കിലെടുക്കേണ്ടതായിട്ടുണ്ട്.

ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ:

- ഇപ്പോൾ ഉള്ള കുളങ്ങൾ നന്നാക്കി പമ്പ് സെറ്റുകൾ സ്ഥാപിക്കുക. കുളങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയതായി കുളങ്ങൾ കുത്തി പമ്പു സെറ്റുകൾ സ്ഥാപിക്കുക.
- തോട്ടത്തിൽപടി തേമ്പ്രവാൽകടവ് ചിറ നിർമ്മിച്ച് ചീപ്പുകൾ സ്ഥാപിച്ച് 500 ഏക്കറോളം വരുന്ന കൃഷിസ്ഥലത്തേക്ക് ജലസേചന സൗകര്യം ഉണ്ടാക്കുക. ചിര നിർമ്മിക്കുന്നതുമൂലം ഏഴ്, എട്ട് എന്നീ വാർഡുകളെ തമ്മിൽ കരമാർഗ്ഗം ബന്ധിപ്പിയ്ക്കാവുന്നതും, വെള്ളം സംഭരിയ്ക്കുന്നഭാഗത്ത് മത്സ്യകൃഷി നടത്താവുന്നതുമാണ്. ഈ ചിറമൂലം കുഴിപ്പുരയിടം, കോട്ടമുറി, മണർകാട് എന്നീ പ്രദേശങ്ങളിലുള്ളവർക്ക് കോട്ടയം ടൗണിലേക്കു പോകുവാൻ 3 കിലോമീറ്റർ ദൂരം ലഭിയ്ക്കാവുന്നതുമാണ്.
- വാലേൽ കോളനിക്കു ചുറ്റും കരിങ്കൽ ഭിത്തി കെട്ടി പാടങ്ങളിലേക്കുള്ള മണ്ണൊലിപ്പ് തടയുക.

### കുളങ്ങൾ ആവശ്യമുള്ള സ്ഥലങ്ങൾ

ഒന്നാം വാർഡ്

- ❑ നടയിൽ പുരയിടത്തിനു താഴെ
- ❑ പൈങ്ങോട്ടുപാലത്തിന് കിഴക്കും പടിഞ്ഞാറും വശങ്ങളിൽ
- ❑ അരീപ്പറമ്പ് ക്ഷേത്രത്തിനു പടിഞ്ഞാറുവശത്ത്
- ❑ കല്ലൂർ പുരയിടത്തിനു താഴെ
- ❑ ചിറ്റേട്ടുകുളം താഴ്ത്തി നന്നാക്കുക.

ആറാം വാർഡ്

- ❑ പനയിടവാലേൽ പമ്പ് ഹൗസ് പൂർത്തിയാക്കുക
- ❑ ഐരാറ്റുനട പാലത്തിന് വടക്കുവശം

ഒൻപതാം വാർഡ്

- ❑ താഴ്ത്തിക്കര, വടവാതൂർ പാടങ്ങളിൽ

പത്താം വാർഡ്

- ❑ പുറക്കാട്ടുതോട്, ഐക്കരതോട്, വാകയിൽതോട് എന്നിവിടങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുക ആറ്റുമുഖത്ത് ചീപ്പ് ഇടുക, പമ്പ്സെറ്റ് സ്ഥാപിക്കുക.

മറ്റു വാർഡുകൾ

- ❑ മറ്റു വാർഡുകളിൽ നീരുറവയുള്ള സ്ഥാനങ്ങൾ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടുകൂടി കണ്ടുപിടിച്ച് കുളങ്ങൾ കുത്തുക.
- ❑ സ്വകാര്യ കുളങ്ങൾക്കും പമ്പ് സെറ്റുകൾക്കും വർദ്ധിച്ച സബ്സിഡി നൽകുകയും അവ പ്രവർത്തിപ്പിക്കുന്നതിന് കുറഞ്ഞനിരക്കിൽ വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുക.
- ❑ ഈ പദ്ധതി നടപ്പിലാക്കിയാൽ നെൽകൃഷിക്ക് ആവശ്യമായ വെള്ളം ആവശ്യമുള്ളപ്പോൾ ലഭിക്കും. അതുകൂടാതെ കുറെ ഒരുപ്പൂ നിലങ്ങൾ കൂടെ ഇരുപൂവ് ആക്കുവാൻ സാധിച്ചേയ്ക്കും. വേനൽക്കാലത്ത് താഴ്ന്ന പ്രദേശങ്ങളിലും മറ്റം/ചിറ് മുതലായ സ്ഥലങ്ങളിലെകൃഷികൾക്കും തെങ്ങ്, കമുക്, വാഴ മുതലായ കൃഷികൾക്ക് നനയ്ക്കുകയും ചെയ്യാം. കൂടുതൽ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുന്നതിനും സാധിക്കും. കുന്നിൻപുറങ്ങളിൽ സ്വകാര്യ കുഴൽകിണറുകളിൽ നിന്ന് റബർ തോട്ടങ്ങളും വേനൽകാലത്ത് നനയ്ക്കാം.
- ❑ മീൻ വളർത്തുന്നതിനും മഴയില്ലാത്ത സമയങ്ങളിൽ കൃഷിചെയ്യാവുന്ന പൂന്തോട്ടകൃഷി മുതലായവയ്ക്കും മേൽ പദ്ധതി പ്രയോജനപ്പെടും.

II ജലസേചനം - തോടുകൾ, ചിറകൾ മുതലായവ

ഒന്നാം വാർഡ്

- ❑ പ്ലാക്കയിൽ പടിക്കു സമീപമുള്ള ഇരുവേലി ബണ്ടിന്റെ വശങ്ങൾ കെട്ടുക
- ❑ പൈങ്ങോട്ടുപാലത്തിന്റെ വശങ്ങൾ കെട്ടി ചീപ്പുണ്ടാക്കുക
- ❑ കണ്ടങ്കാവ് പൊടിറ്റം തോടിന്റെ വശങ്ങൾ കെട്ടുക

നാല്, അഞ്ച് വാർഡുകൾ

- ❑ മീനച്ചിൽ നദീതട പദ്ധതിയിൽ നിന്ന് ജലം ലഭ്യമാക്കു

ആറാം വാർഡ്.

- ❑ മരങ്ങോട്ടുചിറ കലങ്കു തീർത്ത് ഷട്ടർ സ്ഥാപിക്കുക.

ഏഴാം വാർഡ്.

- ❑ തോട്ടത്തിൽ പടി - തേമ്പ്രവാൽ കടവു ചിറ പൂർത്തിയാക്കുക.
- ❑ പാലമുറി തോടിന്റെ വീതിയും ആഴവും കൂട്ടി വശങ്ങൾ കെട്ടുക.
- ❑ തൊട്ടീപ്പടി മുതൽ ഐരാറ്റുനട വരെയും കാലുകടവു പടിവരെയും ഉള്ള തോട് വീതിയും ആഴവും കൂട്ടി വശങ്ങൾ കെട്ടുക.
- ❑ പരപ്പിൽനിന്ന് ഐരാറ്റുനട തോടിന്റെ വശങ്ങൾ കെട്ടുക.
- ❑ തെക്കേകുഴിപ്പടിയിൽ ചിറ തീർത്ത് ചീപ്പുകൾ നിർമ്മിക്കുക.

എട്ടാം വാർഡ്

- ❑ ഐരാറ്റുനട മുതൽ കരുപ്പിക്കടവു പടിവരെയുള്ള തോട് ആഴം കൂട്ടി വശങ്ങൾ കെട്ടി ബണ്ടു പ്രയോജനകരമാക്കുക.
- ❑ തോമ്പ്രവാൽ കടവുമുതൽ പനയിടവാൽപടിവരെ പാടശേഖരത്തിന്റെ പടിഞ്ഞാറെ വശത്തുകൂടി തോടുവെട്ടുക.
- ❑ പനയിടവാല തറയിൽ പമ്പു സ്ഥാപിക്കാനുള്ള നടപടി എടുക്കുക. ചെമ്പോലപ്പാടത്തു പമ്പുസെറ്റു സ്ഥാപിക്കുക.

ഒൻപതാം വാർഡ്

- ❑ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

പത്താം വാർഡ്

- ❑ പുറക്കാട്ടുതോട് ഐക്കരമാലിതോട് വാകയിൽ തോട് എന്നിവയിൽ ലിഫ്ററ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക. ആറ്റുമുഖത്ത് ചീപ്പ് ഇട്ട് വെള്ളം വെളിയിലേക്ക് പമ്പുചെയ്യുന്ന പദ്ധതി നടപ്പാക്കുക. മീനച്ചിൽ ആറ്റിൽനിന്ന് ഇറഞ്ഞാൽ പാടത്തിന്റെ മധ്യത്തിലൂടെ കഞ്ഞിക്കുഴി തോടുവഴി കൊടൂരാറ്റിലേക്ക് വെള്ളം തിരിച്ചുവിടുന്നതിന് തോടുകളുടെ വീതിയും ആഴവും കൂട്ടി വശങ്ങൾ കെട്ടുക.

പതിനൊന്നാം വാർഡ്

- വർഷകാലത്ത് പാറാമ്പുഴ പാടങ്ങളിലെ വെള്ളം ഒഴുകി പോകുന്നതിന് ഇപ്പോൾ ഉള്ള തോടുകളുടെ വീതിയും ആഴവും കൂട്ടുകയും മറ്റു തടസ്സങ്ങൾ നീക്കുകയും ചെയ്യുക.

പന്ത്രണ്ടാം വാർഡ്

- കഞ്ഞിക്കുഴി പാലം മുതൽ പെരുംതിട്ട കടവു വരെ തോടു നിർമ്മിച്ച് ജലസേചനം ക്രമീകരിക്കുക. മധുരഞ്ചേരി കടവുമുതൽ നെടുംതറ പുരയിടംവരെ ചിറകെട്ടി ഉയർത്തി കരിങ്കല്ലുകെട്ടി സംരക്ഷിക്കുക.

പതിമൂന്നാം വാർഡ്

- തുരുത്തേൽപാലം തോടും മുപ്രക്കള്ളി, ഇഞ്ചിക്കാലാ, തോണിക്കവ്, തോടുകളും ഉപതോടുകളും വടക്കുംതല മേനാശ്ശേരിതോടു പറപ്പള്ളിച്ചിറ മുണ്ടകപ്പാടം തോടും വീതിയും ആഴവും കൂട്ടുക.

പതിനാലാംവാർഡ്

- മേനാശ്ശേരി വടക്കുംതലതോട് പറപ്പള്ളിചിറ മുതൽ കൊടൂർ ആറുവരെയുള്ള മുണ്ടകപ്പാടം തോട് എന്നിവയിലെ മണ്ണുനീക്കി വശങ്ങൾ കെട്ടുക.

പതിനഞ്ചാം വാർഡ്

- മുണ്ടകപ്പാടം കലങ്കു മുതൽ കൊടൂർ ആറുവരെ തോട് ആഴംകൂട്ടി വശങ്ങൾ കെട്ടുക.

### കാർഷിക ഉപകരണങ്ങളും മനുഷ്യ വിഭവവും

കൃഷിക്കാവശ്യമായ വിവിധ ഉപകരണങ്ങളും, ആയുധങ്ങളും കൃഷിഭവൻ വഴിയോ സഹകരണ സംഘങ്ങൾവഴിയോ സബ്സിഡി നിരക്കിൽ വിതരണം ചെയ്യേണ്ടതാണ്. കർഷക തൊഴിലാളികളുടെ ലഭ്യത ഇന്നു വളരെ കുറഞ്ഞിട്ടുണ്ട്. ഇതിനും പരിഹാരം കണ്ടെത്തണം. നിലം ഒരുക്കുന്നതിന് ഇപ്പോൾതന്നെ ട്രാക്ടർ ഉപയോഗത്തിലുണ്ട്. എന്നാൽ, കൊയ്യുന്നതിനും മെതിക്കുന്നതിനും ആവശ്യമായ തൊഴിലാളികളെ ലഭിക്കാതെ കർഷകർ വിഷമിക്കുന്നു. ഈ കാര്യങ്ങൾക്കു യോജിച്ച ലഘുയന്ത്രങ്ങൾ നിർമ്മിച്ച് കർഷകർക്കു ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കണം. യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനുള്ള പരിശീലനവും ഇതോടൊപ്പം നൽകേണ്ടതാണ്. കൃഷി സ്ഥലങ്ങളിലേക്കു റോഡുകളും നിർമ്മിക്കേണ്ടതാണ്.

### വിത്ത്, വളം, കീടനാശിനികൾ

മേൽപറഞ്ഞ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കിക്കഴിഞ്ഞാൽ അത്യുല്പാദനശേഷിയുള്ള വിത്ത് യഥാസമയം ലഭ്യമാക്കുന്നതിനുള്ള സംവിധാനം കൃഷിഭവൻ വഴി ഉണ്ടായിരിക്കേണ്ടതാണ്. അമിതമായ രാസവള പ്രയോഗം മണ്ണിലെ വീര്യം ഗണ്യമായി കെടുത്തിക്കൊണ്ടിരിക്കുന്നതിനാൽ ഉല്പാദനക്ഷമതയെ ഇത് പ്രതികൂലമായി ബാധിക്കുന്നു. ഇതിനു പകരമായി ജൈവവളത്തിന്റ ഉപയോഗം കൂടുതൽ പ്രോത്സാഹിപ്പിക്കണം. ആവശ്യമായ ജൈവവളം ഉല്പാദിപ്പിക്കുന്നതിനും ഉപയോഗത്തിൽ വരുത്തുന്നതിനും ഉള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്. വികസിത രാജ്യങ്ങളിൽ ഇത്തരം നടപടികൾ വ്യാപകമായി നടപ്പിൽ വന്നുകൊണ്ടിരിക്കുകയാണെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

### വിള ഇൻഷ്വറൻസ് പദ്ധതി

നിയന്ത്രണാതീതമായ കാരണങ്ങളാൽ കൃഷിനാശം ഉണ്ടാകുമ്പോൾ കർഷകർക്ക് ആശ്വാസം നൽകുന്നതിനു വിള ഇൻഷ്വറൻസ് എല്ലാ വിളകൾക്കും നടപ്പിലാക്കേണ്ടതാണ്. കർഷകർക്ക് കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് ഗ്രാമീണ ബാങ്കുകളും സഹകരണ സ്ഥാപനങ്ങളും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ഇപ്രകാരം പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുതിയാൽ തരിശിട്ടിരിക്കുന്ന നെൽപാടങ്ങളിലും ആദായകരമായി കൃഷി നടത്താവുന്നതാണ്. ഇപ്പോൾ കൃഷിയുള്ള പാടങ്ങളുടെ വിസ്തീർണ്ണം 332 ഹെക്ടറാണ്. ഇതു 400 ഹെക്ടർ ആയി വർദ്ധിപ്പിക്കവാൻ കഴിയും. ഉല്പാദന നിരക്ക് ഹെക്ടറിന് 2800 കി. ആണ്. ഇത് 3500 കി. ആയി വർദ്ധിപ്പിക്കുന്നതിന് സാധിക്കും. മൊത്തം ഉല്പാദനം ഇപ്പോഴുള്ള 1000 ടണ്ണിൽനിന്ന് 1400 ടണ്ണായി വർദ്ധിപ്പിക്കുവാൻ കഴിയും. കർഷകർക്ക് പശ്ചാത്തല സൗകര്യങ്ങൾക്കുവേണ്ടി പണം ചെലവാക്കേണ്ടിവരികയില്ല. അതുപോലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യും.യന്ത്രവത്കരണംകൊണ്ട് തൊഴിൽ ചെലവ് കുറയ്ക്കാം. ഇതിന്റെ എല്ലാം ഫലം നെല്ലിന്റെ ഉത്പാദനചെലവ് കുറയും. ആദായം വർദ്ധിക്കും. കൃഷി കുറെക്കൂടെ ആകർഷകമാകും.

നെൽകൃഷിക്ക് വേണ്ടി നടപ്പാക്കുവാൻ, മേൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ കര കൃഷികൾക്കും പ്രയോജനപ്പെടുത്താം. കുളങ്ങളിൽ സംഭരിക്കുന്ന വെള്ളം പമ്പുചെയ്ത് കര കൃഷിക്കുകൂടെ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയാറാക്കണം. പദ്ധതി വിഹിതമായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കഴിഞ്ഞാൽ കൃഷിഭവന്റെ സഹായത്തിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലും സ്വകാര്യ ഉടമകൾക്ക് കാർഷിക വികസന പരിപാടികൾ ഏറ്റെടുക്കാവുന്നതാണ് ഉദാഹരണത്തിന്.

### തെങ്ങുകൃഷി

വിജയപുരം പഞ്ചായത്തിൽ ചെറുകിട സ്വകാര്യ ഉടമകളുടെ വകയായി മൊത്തം 475 ഹെക്ടറിലാണ് തെങ്ങു കൃഷി ഉള്ളത്. കൃഷിഭവന്റെ കണക്കനുസരിച്ച് ഒരു ഹെക്ടറിൽ ശരാശരി 200 തെങ്ങുകളും ഒരു തെങ്ങിൽനിന്ന് ഒരു വർഷം ശരാശരി 22 നാളികേരവും എന്ന തോതിൽ ഒരു ഹെക്ടറിലെ വാർഷിക ഉല്പാദനം 4400 നാളികേരം മാത്രമാണ്. ഈ പ്രദേശത്തെ ഭൂപ്രകൃതിയും മണ്ണിന്റെ സ്വഭാവവും കണക്കിലെടുത്താൽ ഈ ഉല്പാദന നിരക്ക് വളരെ കുറവാണ്. സംസ്ഥാന ശരാശരി ഉല്പാദനം 5800 ആണ്. ഈ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം ഒരു നാളികേര വികസന പരിപാടി ആസൂത്രണംചെയ്ത് നടപ്പാക്കാവുന്നതാണ്.

അഞ്ചുവർഷം നീണ്ടുനിൽക്കുന്ന പരിപാടിയായിട്ട് ഓരോ വാർഡിലും തെരഞ്ഞെടുത്ത പ്രദേശത്ത് അടുത്തടുത്തുള്ള ഭൂവുടമകളുടെതായി മൊത്തം നാലു ഹെക്ടർ സ്ഥലം തെങ്ങുകൃഷിക്കായി വേർതിരിക്കണ്. ഈ സ്ഥലത്ത് നിൽക്കുന്ന ഉല്പാദന ശേഷി കുറഞ്ഞതും കേടുപിടിച്ചതുമായ തെങ്ങുകൾ മുഴുവനും വെട്ടിമാറ്റം. അതിനുശേഷം ഈ പ്രദേശത്തിന് അനുയോജ്യമായ നല്ല ഇനം തെങ്ങിൻ തൈകൾ നട്ടു ശാസ്ത്രീയമായി പരിപാലിക്കണം. നാലു ഹെക്ടറിൽ ആയിരം തൈകൾ നടാം. പതിനഞ്ചു വാർഡുകളിലായി പതിനയ്യായിരം തൈകൾ നടാം.

അഞ്ചു വർഷത്തേക്ക് ഓരോ വർഷവും ഓരോ വാർഡിലും 1000 തൈകൾ വീതം നട്ടു പരിപാലിക്കണം. ഒന്നാം വർഷം നടുന്ന തൈകൾ അഞ്ചാം വർഷം ഫലംതരും. അഞ്ചു വർഷം കൊണ്ട് ഈ പഞ്ചായത്തിൽ 300 ഹെക്ടർ സ്ഥലത്ത് ഉല്പാദന ശേഷി കൂടിയ തെങ്ങുകൃഷി നടത്താം.

7% വളർച്ച ലക്ഷ്യമാക്കിക്കൊണ്ട് ഒൻപതാം പഞ്ചവത്സരപദ്ധതി, ഒന്നാം പഞ്ചവത്സരപദ്ധതിയിലേതുപോലെ കാർഷിക മേഖലയ്ക്കും കർഷകരുടെ ഉന്നമനത്തിനുമാണ് മുൻഗണനയും പ്രാധാന്യം കൊടുത്തിരിക്കുന്നത്. പദ്ധതി വിഹിതമായി കാർഷിക മേഖലയ്ക്കും അത്യാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിയാൽ കൃഷി ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചും കൃഷി ഡിപ്പാർട്ടുമെന്റും കൂടെ സഹകരിച്ചും കർഷകർ: ഏത്തവാഴ കൃഷി, കാപ്പികൃഷി, കൈതച്ചക്ക കൃഷി കൂൺകൃഷി, പുഷ്പച്ചെടി കൃഷി പച്ചക്കറി സസ്യകൃഷി മുതലായവ. ഓരോ ഇനം കൃഷിക്കും പ്രത്യേകം പ്രൊജക്റ്റുകൾ തയ്യാറാക്കി "ഗ്രോമോർഫുഡ് ക്യാംപെയിൻ" നടപ്പിൽ വരുത്തും.

ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വ്യാപകമായി കൃഷിചെയ്തുവരുന്നത് ദീർഘകാല നാണ്യവിളയായ റബർ ആണ്. കൃഷിസ്ഥലങ്ങളുടെ ആകെ വിസ്തീർണ്ണത്തിൽ 46% റബറാണ്. എല്ലാം ചെറുതോട്ടങ്ങളുമാണ്. നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ സ്വാഭാവിക റബറിന്റെ വില പിടിച്ചുനിറുത്തുന്നതിനും കർഷകർക്ക് ന്യായമായ വരുമാനം ഉറപ്പുവരുത്തുന്നതിനും ചെറുകിട കർഷകർക്ക് സാദ്ധ്യമല്ല. റബർകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഞ്ചായത്തു തലത്തിൽ കൈകാര്യം ചെയ്യാവുന്നതല്ല. എന്നാൽ റബർ അധിഷ്ഠിത ചെറുകടി വ്യവസായങ്ങൾ വിപുലീകരിക്കുകയും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുന്നതുവഴി റബർ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനു സാധിക്കും. ഈ വിഷയും വ്യവസായ മേഖലയെപ്പറ്റി പ്രതിപാതിക്കുന്ന ഭാഗത്തു ചേർത്തിരിക്കുന്നു. റബർ കൃഷിയുടെ ഉന്നമനത്തിനും പരിപാലനത്തിനും വാട്ടർഷെഡ് സമ്പ്രദായം ഉടപ്പാക്കുക, സ്പ്രേയിംഗ് മുതലായവ സൗകര്യപ്പെടുത്തുകയും ചെയ്യുക. SBTയുടെ കാർഷിക സ്വർണ്ണപ്പണയ പദ്ധതി പുനഃസ്ഥാപിക്കുന്നതിന് വേണ്ടനടപടി എടുക്കുക. കൃഷിഭവന്റെ ആഫീസും സേവനങ്ങളും കളത്തിപ്പടിയിൽ ഏർപ്പെടുത്തുക. സഹകരണ ബാങ്കുകളിൽനിന്നും കുറഞ്ഞ പലിശനിരക്കിൽ കൃഷിയാവശ്യത്തുനു വായ്പകൾ ലഭ്യമാക്കുക.

"ഗ്രാമം നശിച്ചാൽ ഇന്ത്യ നശിക്കും. പിന്നെ ഇന്ത്യ ഇന്ത്യയായിരിക്കുകയില്ല. ലോകത്തിനായി ഇന്ത്യയുടെ ദൈത്യം നഷ്ടപ്പെടും. അതുകൊണ്ട് ഗ്രാമങ്ങൾ സ്വയം പര്യാപ്തമാകണം. ഗ്രാമങ്ങൾ ചൂഷണമില്ലാതാവണം. എന്നാൽ മാത്രമേ അവയെ പുനഃരുദ്ധരിക്കാൻ പറ്റൂ"

- ഗാന്ധിജി

# 5 (2)

# മൃഗ സംരക്ഷണവും മത്സ്യ ബന്ധനവും



**1987**-ലെ സെൻസസ് പ്രകാരം വിജയപുരം പഞ്ചായത്തിലെ വിവിധയിനം മൃഗങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| നാടൻ കാള | - | 75 |
| സങ്കരയിനം കാള | - | 388 |
| നാടൻ പശു | - | 1643 |
| സങ്കരയിനം പശു | - | 6734 |
| എരുമ | - | 129 |
| പോത്ത് | - | 74 |
| ആട് | - | 2523 |
| പട്ടി | - | 1981 |
| നാടൻകോഴി | - | 32834 |
| സങ്കരം | - | 12035 |
| താറാവ് | - | 1288 |
| കാടപക്ഷി | - | 1057 |

പൊതുവെ കുന്നുകളും താഴ്വരപ്രദേശങ്ങളുമുള്ള ഭൂപ്രകൃതിയാണ് വിജയപുരം പഞ്ചായത്തിനുള്ളത്. എല്ലാ പ്രദേശങ്ങളിലും കന്നുകാലിയും കോഴിവളർത്തലും സർവ്വസാധാരണമായി വ്യാപരിച്ചു കാണുന്നുണ്ട്. പഞ്ചായത്തിലെ സ്ത്രീകളുടെ പ്രധാന തൊഴിൽ കാലിവളർത്തലും കോഴിവളർത്തലുമാണെന്നു പറയാം. ഇടത്തരം, പാവപ്പെട്ട കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗമായും കന്നുകാലി വളർത്തൽ വളർന്നു വന്നിട്ടുണ്ട്. മുൻകാലങ്ങളിൽ, നെൽപാടങ്ങൾ ഒരുക്കുന്നതിനും വണ്ടികൾ ഇന്നത്തേതുപോലെ ഇല്ലാതിരുന്ന കാലങ്ങളിൽ കാർഷികാവശ്യങ്ങൾക്കെന്നപോലെതന്നെ, ഗതാഗതത്തിനും കന്നുകാലികളെ വ്യാപകമായി ഉപയോഗിച്ചിരുന്നു. കാളവണ്ടി കർഷകരുടെ ഒരു പ്രധാന വാഹനമായിരുന്നു.

കൃഷിയും കാലിവളർത്തലും പരസ്പര പൂരകങ്ങളായ രണ്ടു ജിവിത മേഖലകളാണ്. നെൽകൃഷിയുടെ മുരടിപ്പ് പഞ്ചായത്തു പ്രദേശത്തെ കന്നുകാലി വളർത്തലിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എങ്കിലും കാർഷിക മേഖലയിലുണ്ടായ മുരടിപ്പ് മൃഗസംരക്ഷണ പ്രവർത്തനങ്ങളെ പിന്നോക്കാവസ്ഥയിലേക്കു തള്ളിവിട്ടിട്ടില്ല. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വിവിധയിനം പ്രോത്സാഹന പദ്ധതികളാണ് ഇതിനു സഹായകമായി വർത്തിച്ചിട്ടുള്ളത്. കാർഷികരംഗത്തെ വികസനവും വളർച്ചയും കൂടിയുണ്ടായിരുന്നെങ്കിൽ മൃഗസംരക്ഷണമേഖല ഇന്നത്തേതിൽ നിന്നും പുരോഗതി പ്രാപിക്കുമായിരുന്നു.

കന്നുകാലി വളർത്തലിന് ഇന്നുള്ള ഏറ്റവും വലിയ ഭീഷണി കാലിത്തീറ്റയുടെ വില വർദ്ധനയാണ്. ആഹാര സമ്പാദനത്തിനായി കന്നുകാലികളെ സ്വതന്ത്രമായി വിടുന്ന പഴയ രീതി ഇന്നു സാധ്യമല്ലാതായി തീർന്നിട്ടുണ്ട്. ജനസംഖ്യാവർദ്ധന അനുസരിച്ച് ഭൂമി തുണ്ടുതുണ്ടുകളായി പരിണമിച്ചതിന്റെ ഫലമായി കന്നുകാലികളെ കെട്ടഴിച്ചുവിടുന്ന സമ്പ്രദായം വിഷമം പിടിച്ചതായിത്തീർന്നു. നെൽകൃഷിയുടെ ശോഷണം വൈയ്ക്കോലിന്റെ ലഭ്യത ഗണ്യമായികുറച്ചു. ഉള്ള വൈക്കോലിന്റെ താങ്ങാനാവാത്ത വില വർദ്ധനയും കന്നുകാലി കർഷകരെ ശ്വാസംമുട്ടിക്കുന്നു. കൃത്രിമ കാലിത്തീറ്റയെ ആശ്രയിക്കാതെ കാലിവളർത്തൽ സാധ്യമല്ലാതായി. വിലവർദ്ധന സ്ഥിതികൾ കൂടുതൽ വഷളായി മാറ്റുന്നു. പാലിനു വില വർദ്ധിച്ചിട്ടുണ്ടെങ്കിലും മേൽവിവരിച്ച സാഹചര്യങ്ങൾ കന്നുകാലി വളർത്തലിനെ ലാഭകരമല്ലാത്ത അവസ്ഥയിലെത്തിച്ചുകൊണ്ടിരിക്കുന്നു. ഈ സ്ഥിതിക്ക് അടിയന്തിര പരിഹാരം പഞ്ചായത്തു തലങ്ങളിൽതന്നെ കണ്ടെത്തേണ്ടിയിരിക്കുന്നു.

നല്ലയിനം കന്നുകാലികളെ വളർത്തുന്നതിന് കർഷകർക്ക് പ്രോത്സാഹനവും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കേണ്ടതുണ്ട്. കൃത്രിമ ബീജസങ്കലനം വ്യാപിപ്പിക്കുക വഴി ഉല്പാദനക്ഷമത വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്തിൽ ഇന്നുള്ള മൃഗസരക്ഷണ കേന്ദ്രങ്ങൾ ഇതിന് അപര്യാപ്തമാണ്. മണർകാട് ഐ.സി.ഡി.പി. യൂണിറ്റിൽ 95-96ൽ 250

പശുക്കളിലും 13 എരുമകളിലും കൃത്രിമ ബീജസങ്കലനം നടത്തുകയുണ്ടായി.

രോഗ പ്രതിരോധ നിവാരണ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിലും നിലവിലുള്ള സംവിധാനങ്ങൾ കൂടുതൽ വ്യാപകമാക്കുകയും മെച്ചപ്പെടുത്തുകയും വേണം. പഞ്ചായത്തിലെ മൃഗങ്ങളെ ബാധിച്ച സാധാരണ രോഗങ്ങളുടെ കഴിഞ്ഞ ഒരു വർഷത്തെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി |
|---|---|---|---|---|---|---|
| ദഹന സംബന്ധം | 681 | 23 | 245 | 13 | 40 | 12 |
| ശ്വാസകോശ-സംബന്ധം | 106 | – | 27 | – | – | 74 |
| ഉപചയം | 62 | – | 7 | – | – | – |
| ത്വക്‌രോഗം | 104 | – | – | – | – | – |
| ധാതുലവണങ്ങളുടെ-അഭാവം | 21 | – | – | – | – | 8 |
| പാദരോഗങ്ങൾ | 791 | 19 | 92 | – | 8 | 3 |
| പ്രത്യുല്പാദനപരം | 144 | – | 2 | – | – | – |
| വന്ധ്യത | 112 | – | 1 | – | – | – |
| അകിടു വീക്കം | 94 | – | 20 | – | – | – |
| മുടന്തൻപനി | 89 | – | – | – | – | – |

പേപ്പട്ടി വിഷം പ്രതിരോധ കുത്തിവെയ്പ് 95-96 വർഷം 1200 പട്ടികൾക്കു നൽകിയിട്ടുണ്ട്. കൃത്രിമ ബീജസങ്കലന കുത്തിവയ്പുകൾ 800 പശുക്കളിലും 900 കിടാരികളിലും 51 എരുമകളിലും നടത്തിയിട്ടുണ്ട്. നാടൻ രീതി അനുസരിച്ച് കർഷകർ നടത്തുന്ന ചികിത്സമുറകൾ മേൽ കാണിച്ചിട്ടുള്ള കണക്കുകൾക്കു പുറമേയുള്ളതാണ്. പഞ്ചായത്തിൽ മൃഗചികിത്സാ രംഗത്ത് നിലവിലുള്ള സംവിധാനം തീർത്തും അപര്യാപ്തമാണ്. പഞ്ചായത്തിന്റെ വിസ്തൃതിക്കനുസരണമായി കുറഞ്ഞതു 4 മൃഗാശുപത്രികൾകൂടി ലഭിക്കേണ്ടതാണ്.

കാലിത്തീറ്റയും കോഴിത്തീറ്റയും കുറഞ്ഞ വിലക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു. കാലിത്തീറ്റ ഉല്പാദന കേന്ദ്രങ്ങൾ ഒന്നുംതന്നെ പഞ്ചായത്തു പ്രദേശത്തു പ്രവർത്തിക്കുന്നില്ല. സഹകരണാടിസ്ഥാനത്തിലോ, പൊതുമേഖലാടിസ്ഥാനത്തിലോ, ഒരു കാലിത്തീറ്റ ഉല്പാദനകേന്ദ്രം ആരംഭിക്കാൻ കഴിഞ്ഞാൽ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ കഴിയുന്ന തരത്തിൽ കന്നുകാലി വളർത്തൽ വ്യാപകമാക്കാൻ കഴിയും. വ്യവസായം സംബന്ധിച്ച റിപ്പോർട്ടിൽ ഇക്കാര്യം കൂടുതൽ പ്രതിപാദിച്ചിട്ടുണ്ട്.

ക്ഷീര സംഭരണ വിതരണത്തിന് നിലവിലുള്ള സംവിധാനങ്ങൾ തീരെ അപര്യാപ്തമാണ്. വടവാതൂർ, അരീപ്പറമ്പ് എന്നിവിടങ്ങളിലുള്ള പാൽ സംഭരണവിതരണ കേന്ദ്രങ്ങൾ പഞ്ചായത്തിലെ ന്യൂനപക്ഷം ജനങ്ങൾക്കു മാത്രമെ പ്രയോജനപ്പെടുന്നുള്ളൂ. അരീപ്പറമ്പു ക്ഷീരവ്യവസായ സഹകരണസംഘം 95-96 വർഷത്തിൽ 4,09,852.850 ലി. പാൽ ശേഖരിക്കുകയും 2,60,864.800 ലി. പഞ്ചായത്തിൽ തന്നെ വില്ക്കുകയും വടവാതൂർ ഡയറിയിലേക്ക് 1,48,664.050 ലി. അയയ്ക്കുകയും ചെയ്തിട്ടുണ്ട് അതുപോലെ തന്നെ മുട്ട സംഭരണത്തിനും വിതരണത്തിനും മെച്ചപ്പെട്ട സംവിധാനങ്ങൾ നടപ്പിലാക്കേണ്ടിയിരിക്കുന്നു.

ഇറച്ചിക്കോഴിവളർത്തൽ വികസിച്ചുവരുന്ന പ്രദേശമാണ് വിജയപുരം പഞ്ചായത്ത്. ഇതു കൂടുതൽ വ്യാപകമാക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ പഞ്ചായത്തിലുണ്ട്. കോഴിവസന്ത ചിലപ്പോൾ വ്യാപകമായി പടർന്നുപിടിക്കുന്നുണ്ട്. ഇതിനെ തടയുന്നതിന് തക്കതായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ വിസ്തൃതിയുമായി തട്ടിച്ചുനോക്കുമ്പോൾ ഇന്നു മണർകാടു പ്രവർത്തിക്കുന്ന കോഴിവളർത്തൽ കേന്ദ്രം തീർത്തും അപര്യാപ്തമാണ്. വിസ്തൃതിക്കനുസരണമായി കുറഞ്ഞത് 3 കേന്ദ്രങ്ങൾകൂടി പഞ്ചായത്തിൽ ഉണ്ടാകേണ്ടത് ഈ രംഗത്തെ വളർച്ചയ്ക്ക് ആവശ്യമാണ്.

പേപ്പട്ടി ശല്യം ഗണ്യമായി കുറഞ്ഞു വന്നിട്ടുണ്ട്. പ്രതിരോധ കുത്തിവയ്പ് കൂടുതൽ വ്യാപകമാക്കുന്നതിലൂടെയും നിയന്ത്രണമില്ലാതെ അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുന്നതിലൂടെയും പേപ്പട്ടി ശല്യം പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയുന്നതാണ്.

### ഗ്രാമസഭാചർച്ചകളിൽനിന്നും ഉയർന്നു വന്ന പ്രശ്നങ്ങൾ

1. കാലിത്തീറ്റയും കോഴിത്തീറ്റയും ലാഭകരമായി ലഭ്യമല്ല.
2. മൃഗാശുപത്രികളുടെ സേവനവും ആവശ്യാനുസരണം കിട്ടുന്നില്ല.
3. സാമ്പത്തിക സഹായവും പ്രോത്സാഹനവും വേണ്ടവിധം ലഭിക്കുന്നില്ല.

### പരിഹാര നിർദ്ദേശങ്ങൾ

മൃഗങ്ങളെ വളർത്തുന്നതിനും സംരക്ഷിക്കുന്നതിനും സാധ്യതകൾ പഞ്ചായത്തിൽ ധാരാളമായിട്ടുണ്ട്. ഇതിനാവശ്യമായ അടിസ്ഥാന ഘടകങ്ങൾ വിപുലപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം ഗ്രാമസഭകളിൽ ചർച്ചകളിൽ ഉയർന്നു വരുകയുണ്ടായി. അവയിൽ പ്രധാനപ്പെട്ടവ താഴെകൊടുക്കുന്നു.

1. കോഴി, കന്നുകാലി, തേനീച്ച എന്നിവയുടെ വളർത്തലിന് പരിശീലനവും ധനസഹായവും

നൽകുക.

കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ ലാഭകരമായി വിതരണം ചെയ്യുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ഉല്പാദനകേന്ദ്രം സ്ഥാപിക്കുക.

2. കൂടുതൽ മൃഗാശുപത്രികൾ സ്ഥാപിക്കുക.
3. പുൽകൃഷി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക.
4. മുട്ട, പാൽ ഇവയ്ക്കു കൂടുതൽ സംഭരണ വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
5. ഗോബർഗ്യാസ് ഉപയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും അതിനു സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്യുക.
6. മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തോടനുബന്ധിച്ചുള്ള എട്ടേക്കർ സ്ഥലത്ത് ആധുനിക രീതിയിലുള്ള ഹാച്ചറി യൂണിറ്റ്, മൃഗാശുപത്രി, പന്നിവളർത്തൽ കേന്ദ്രം തുടങ്ങിയവ ആരംഭിക്കുക.

### മത്സ്യബന്ധനം

മത്സ്യബന്ധനം വിജയപുരം പഞ്ചായത്തു പ്രദേശത്ത് ജനങ്ങളുടെ ജീവിത വൃത്തിയായി വളർന്നു വന്നിട്ടില്ല. മുൻകാലങ്ങളിൽ നദീതീരങ്ങളും തോടുകളും നെൽപാടങ്ങളും നാടൻ മത്സ്യത്തിനുള്ള വൻ സ്രോതസ്സുകളായിരുന്നു. തോടുകളുടെ ആഴം കുറയുകയും നെൽപാടങ്ങൾ തരിശുഭൂമികളായി മാറുകയും മണ്ണിട്ടു പൊക്കി കെട്ടിടങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്തതോടെ ജലനിർഗ്ഗമനമാർഗ്ഗങ്ങൾ കുറയുകയും, മത്സ്യസ്രോതസ്സുകളുടെ വ്യാപ്തി ഗണ്യമായി കുറയുകയും ചെയ്തു. മത്സ്യക്കുഞ്ഞുങ്ങൾക്കുണ്ടാകുന്ന സാംക്രമിക രോഗങ്ങൾ വർദ്ധിച്ചുവരുന്നതും മലിനജല വ്യാപനവും ഈ രംഗത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്.

### ഗ്രാമസഭകളിലെ ചർച്ചകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ.

1. മത്സ്യകൃഷിക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും ലഭിക്കുന്നില്ല.
2. ശുദ്ധജല ലഭ്യതയ്ക്കുള്ള ചിറകൾ തുടങ്ങിയവ സംവിധാനങ്ങളില്ല.
3. മാലിന്യങ്ങൾ ഒഴുകി വ്യാപരിക്കുന്നത് നിയന്ത്രിക്കുന്നില്ല.

### പരിഹാരനിർദ്ദേശങ്ങൾ

1. കാർഷിക മേഖലയുടെ വളർച്ചയും വികാസവും മത്സ്യബന്ധനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തും.
2. ശുദ്ധജലം ലഭിക്കുന്ന കുളങ്ങൾ, പാറമടകൾ എന്നിവ പഞ്ചായത്തിൽ പല സ്ഥലങ്ങളിലും ഉണ്ട്. ഏറ്റവും യോജിച്ച സ്ഥലങ്ങൾ തിരഞ്ഞെടുത്ത് മത്സ്യകൃഷി നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
3. സ്വകാര്യ ഉടമസ്ഥതയിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള പരിശീലനവും സാമ്പത്തിക സഹായങ്ങളും നനൽകുക.
4. തോട്ടത്തിൽപടി തേമ്പ്രവാൽ ചിറതീർത്ത്, ചീപ്പുങ്കൽ നിർമ്മിച്ച് 500 ഏക്കറോളം വരുന്ന കൃഷി സ്ഥലത്ത് മത്സ്യകൃഷി നടത്തുക.

**"ലക്ഷ്യം നന്നെങ്കിൽ ഏതു മാർഗ്ഗം ഉപയോഗിച്ചും അതു നേടാം എന്ന വിചാരം തെറ്റാണ്. കളകൾ നട്ടുപിടിപ്പിച്ചാൽ റോസാപ്പൂ പറിച്ചെടുക്കാം എന്നു പറയുന്നതു പോലെയാണ് അത്. സമുദ്രം കടക്കാൻ കപ്പലിൽ തന്നെ പോകണം അതല്ല കാളവണ്ടിയിലേ പോകൂ എന്നാണെങ്കിൽ വണ്ടിയും ആളും കടലിന്നടിയിൽ ആയതുതന്നെ. മാർഗം വിത്താണ്; ലക്ഷ്യം വൃക്ഷവും. ഈശ്വരനെ ആരാധിച്ചാൽ കിട്ടുന്ന ഫലം ചെകുത്താന്റെ മുന്നിൽ സാഷ്ടാംഗം നമസ്കരിച്ചാൽ കിട്ടുകയില്ല."**

**- ഗാന്ധിജി**



ദേവീക്ഷേത്രം മണർകാട്



മുണ്ടകപ്പാടം അഗതിമന്ദിരം മാങ്ങാനം

# 5 (3)

# വ്യവസായം



വടക്കേ ഇൻഡ്യൻ സംസ്ഥാനങ്ങളും അയൽ സംസ്ഥാന മായ തമിഴ്നാടുമായി ആയി താരതമ്യ പ്പെടുത്തുമ്പോൾ കേരളത്തിലെ വ്യവസായ വളർച്ച വളരെ കുറവാണ്. വ്യവസായ വളർച്ചയ്ക്ക് പ്രതികൂ ലമായി നിൽക്കുന്ന കാരണങ്ങൾ എന്തു തന്നെ ആയി രുന്നാലും അവ വിജയപുരം പഞ്ചായത്തിനും ബാധകമാ ണല്ലോ. പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുപിടിച്ച് വ്യവസായ വളർച്ച കൈവരിക്കുകയാണ് ഇന്നത്തെ ആവശ്യം. വസ്തുക്കളുടെ വില വർദ്ധന, ഉയർന്ന വേതന നിരക്ക്, വൈദ്യുതി ക്ഷാമം, സാങ്കേതിക ജ്ഞാ നക്കുറവ് മുതലായ കാരണങ്ങൾ ഇവിടുത്തെ വ്യവസായ വളർച്ചയുടെ വേഗത കുറയ്ക്കുന്നുണ്ട്. തമിഴ് നാട്ടിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ച് വളർന്നു വന്ന വൻകിട വ്യവസായ സ്ഥാപനമായ എം.ആർ.എഫ് ലിമി: എന്ന കമ്പനിയുടെ ഒരു യൂണിറ്റ് ഈ പഞ്ചാ യത്തിൽ പ്രവർത്തിക്കുന്നു എന്നല്ലാതെ മറ്റു വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഇവിടെ ഇല്ല. സ്വകാര്യ ഉടമയിലുള്ള അനേകം ചെറുകിട വ്യവസായ യൂണിറ്റുകൾ ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയിൽ മിക്കതും റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായങ്ങളാണ്. അതിൽ തന്നെ റബ്ബർ ബാൻഡ് നിർമ്മാണ യൂണിറ്റുകളാണ് കൂടുതലായിട്ടു ള്ളത്. റബ്ബർ പാൽ ഇവിടെ ധാരാളം ലഭ്യമാണ്. റബ്ബർ ബാൻഡ് നിർമ്മാണത്തിന് സാങ്കേതിക വിദ്യ വലുതായി ആവശ്യമില്ല. വിപണനവും എളുപ്പമാണ് . ഈ കാരണങ്ങളാൽ വളരെ അധികം ചെറിയ ചെറിയ റബ്ബർ ബാൻഡ് യൂണിറ്റുകൾ ഈ പഞ്ചായത്തിൽ ആരംഭിച്ചു വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. ഒരു പക്ഷേ ഇൻഡ്യയിൽ ഏറ്റവും കൂടുതൽ റബ്ബർ ബാൻഡ് നിർ മ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്ന ഗ്രാമം വിജയപുരം പഞ്ചായത്തിലെ 'മണർകാടു' പ്രദേശമാണ്. വിസ്തീർണ്ണത്തിൻെറ അടിസ്ഥാനത്തിൽ ഈ പഞ്ചാ യത്തിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത് റബ്ബർ ആണ്. സ്വാഭാവികമായി റബ്ബർ അധിഷ്ഠിതവും ബന്ധപ്പെട്ടതുമായ വ്യവസായങ്ങളുടെ വളർച്ചയ്ക്ക് ഇവി ടെ സാദ്ധ്യതയുണ്ട്. റബ്ബർ ബാൻഡിനു പുറമേ ഹവായി ചപ്പൽസ്, ട്രെഡ് റബർ, ക്രീപ്പ് മുതലായവയും ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. അതുപോലെ റബ്ബർ തടി സംസ്കരിച്ച് അന്യ സംസ്ഥാനങ്ങളിലേയ്ക്കും വിദേശങ്ങളിലേയ്ക്കും അയയ്ക്കുക, റബ്ബർ പലക കൊണ്ട് പായ്ക്കിംഗ് കേയ്സുകൾ, ഫർണിച്ചറുകൾ, എന്നിവയുടെ നിർമ്മാണവും ഈ പഞ്ചായത്തിൽ നടക്കുന്നുണ്ട്.

കെട്ടിട നിർമ്മാണരംഗത്ത് ഈ പഞ്ചായത്തിൽ പൊ തുവെയും പടിഞ്ഞാറൻ വാർഡുകളിൽ പ്രത്യേകിച്ചും അത്ഭുതപൂർവ്വമായ വളർച്ചയും മാറ്റങ്ങളുമാണ് അടുത്ത കാലത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നഗരത്തോടുള്ള സാമീപ്യം കൊണ്ടും ഉന്നതനിലവാരം പുലർത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്നതു കൊണ്ടും ഈ പ്രദേശം പാർപ്പിടകേന്ദ്രമായി മാറി കൊണ്ടിരിക്കുകയാണ്. ആധുനിക സൗകര്യങ്ങളോടു കൂടിയ ബഹുനില ഫ്ളാറ്റുകളും വെവ്വേറെയായി നിർമ്മി ച്ചു കൊണ്ടിരിക്കുന്ന വൻ പാർപ്പിട മന്ദിരങ്ങളും ഈ പ്രദേശത്തിൻെറ മുഖഛായ മാറ്റികൊണ്ടിരിക്കുന്നു. കെട്ടിട നിർമ്മാണരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ മാറ്റങ്ങളും വളർച്ചയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അനുബന്ധ വ്യവസായങ്ങളായ ചുടു കട്ട/ഹോളോബ്രിക്ക്സ് നിർമ്മാണം, കട്ടിള, ജനൽ നിർ മ്മാണം, ഫാബ്രിക്കേഷൻ, പാറ പൊട്ടിക്കലും ബന്ധപ്പെട്ട പ്രവർത്തനങ്ങളും മുതലായവയുടെയും വളർച്ചയ്ക്കും കൂടുതൽ തൊഴിൽ അവസരങ്ങൾസൃഷ്ടിക്കുന്നതിനും സാമ്പത്തിക വളർനു പ്രാപിക്കുന്നതിനും സഹായകരമാ യിട്ടുണ്ട്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റു വ്യവസായങ്ങൾ താഴെ പറയുന്നവയാണ്.

സ്വകാര്യ ഉടമയിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങൾ :

കറിപൗഡർ,
പാനൽ പിൻ,
പോളിത്തീൻ കവർ
റെഡി മെയ്ഡ് ഡ്രസ്,
മെഴുകുതിരി,
പ്ലാസ്റ്റിക്ക് ബോട്ടിൽ
ഫർണിച്ചർ എന്നിവ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ.
വുഡ് വെനീയർ,
ടയർ റിട്രേഡിംഗ്,
സോമിൽ,
ഫാബ്രിക്കേഷൻ,
ഓയിൽ മിൽ,
ഫ്ളവർ മിൽ
ഓട്ടോ മോബൈൽ വർക്ക്ഷോപ്പുകൾ
ക്ഷീര വ്യവസായ സഹകരണസംഘം

ഗ്രാമസഭകൾ ഉന്നയിച്ചിട്ടുള്ള പുതിയ നിർദ്ദേശങ്ങൾ:

- വിവിധ റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.
- സഹകരണ അടിസ്ഥാനത്തിൽ പഴവർഗ്ഗങ്ങൾ സംസ്കരിച്ച് വിപണനം നടത്തുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുക.
- വനിതകൾക്കു വേണ്ടി കറിപൗഡർ, അച്ചാറുകൾ ഡ്രസ്, പലഹാരം എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുക.
- നോട്ടുബുക്കു നിർമ്മാണം ബയോഗാസ് പ്ലാൻറ്, ഫർണിച്ചർ നിർമ്മാണം മുതലായവയ്ക്കും സാദ്ധ്യതകൾ ഉണ്ട്.

വ്യവസായ സ്ഥാപനങ്ങളും വീടുകളും ഇടകലർന്ന് സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിൽ പലയിടങ്ങളിലും ആരോഗ്യത്തിന് ഹാനീകരമായ പരിസ്ഥിമലീനികരണം റബ്ബർ ബാൻഡ് യൂണിറ്റുകളിൽ നിന്ന് ഉണ്ടാകുന്ന വായു ജലമലിനീകരണം, എല്ലുപൊടി ഫാക്ടറിയിൽ ഉണങ്ങാത്ത എല്ലു സൂക്ഷിക്കുകയും പൊടിക്കുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന വായു മലീനീകരണം , ഈച്ചശല്യം, ക്രീപ്പു മില്ലുകളിൽ ലാറ്റക്സ് ക്രമ്പ് അരയ്ക്കുമ്പോൾ ഉണ്ടാകുന്ന വായൂ മലീനീകരണം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പുകപ്പുരയിൽ നിന്നുണ്ടാകുന്ന വായു മലീനികരണം, മുനിസിപ്പൽ ഗാബേജ് ഡമ്പിൽ നിന്നുണ്ടാകുന്ന മലീനീകരണവും ഈച്ചശല്യവും മറ്റും മനുഷ്യരുടെയും വളർത്തു മൃഗങ്ങളുടെയും ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നുണ്ട്. ഈ മലിനീകരണകെടുതിക്ക് ശാശ്വത പരിഹാരം ഉണ്ടാക്കുകയും പുതുതായി ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങളിൽ ഫലപ്രദമായ മലിനീകരണ നിയന്ത്രണം ഉറപ്പു വരുത്തുകയും ചെയ്യണം.

ഒരു മിനി ഇൻഡ്സ്ട്രിയൽ എസ്റ്റേറ്റു സ്ഥാപിക്കുന്നതിനുള്ള സൗകര്യങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. വടവാതൂരിൽ വ്യവസായ മേഖലയിൽ തന്നെ ആവശ്യമായ സ്ഥലസൗകര്യങ്ങളും ഉണ്ട്. ഈ സ്ഥലത്ത് കെട്ടിടങ്ങൾ യന്ത്രസാമഗ്രികൾ പരിശീലന സൗകര്യങ്ങൾ മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ ഗ്രാമസഭകൾ നിർദ്ദേശിച്ചിരിക്കുന്ന വ്യവസായ സംരംഭങ്ങൾ സ്വകാര്യ ഉടമസ്ഥതയിൽ ആരംഭിക്കുന്നതിന് സാധിക്കും. വിപണന സൗകര്യത്തിനായി ഒരു ഇൻഡസ്ട്രിയൽ പ്രോഡക്സ് മാർക്കറ്റിംഗ് സഹകരണ സംഘവും ആരംഭിക്കണം. പഞ്ചായത്തിലെ എല്ലാ ഉൽപ്പന്നങ്ങളും ഈ സൊസൈറ്റി വഴി വിപണനം നടത്താം.

അധികാരം ജനങ്ങളിലേക്ക്

# 5 (4)

# വിദ്യാഭ്യാസം



ഇന്ത്യയിൽ ആദ്യമായി സമ്പൂർണ്ണ സാക്ഷരത കൈവരിച്ച് ''അക്ഷരനഗരി'' എന്ന ബഹുമതി കരസ്ഥമാക്കിയ കോട്ടയം പട്ടണത്തോടു തൊട്ടു കിടക്കുന്ന വിജയപുരം പഞ്ചായത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിൽ, മുന്നിലാണ്. 1991-ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് അക്ഷരനഗരത്തേക്കാൾ കൂടുതലായിരുന്നു.

ഒരു കോളേജ്, ഒരു ഐ. റ്റി. സി., രണ്ടു നേഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ഒരു കേന്ദ്രീയ വിദ്യാലയം, ഒരു നവോദയാ വിദ്യാലയം, 7 ഹൈസ്കൂളുകൾ, 5 യു. പി. സ്കൂളുകൾ, 14 എൽ. പി. സ്കൂളുകൾ എന്നിവ ഉൾപ്പെടെ ആകെ 32 വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഈ പഞ്ചായത്തിൽ ഇപ്പോഴുള്ളത്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ എണ്ണവും മറ്റു പഞ്ചായത്തുകളിലേതിനേക്കാൾ കൂടുതലാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ എല്ലാം തന്നെ വിജയ ശതമാനത്തിൽ മുൻ നിരയിൽ നിൽക്കുന്നവയാണ്. പഞ്ചായത്തിലെ ഏറ്റവും ആദ്യത്തെ സ്കൂൾ പുതുശ്ശേരി സി.എം.എസ്.എൽ.പി.എസ്. ആണ്. ഇതിന് 150 വർഷത്തോളം പഴക്കമുണ്ട്.

കണക്കുകളുടെ അടിസ്ഥാനത്തിലുള്ള മേൽപ്പറഞ്ഞ വസ്തുതകൾ ഈ പഞ്ചായത്തിന് അഭിമാനാർഹമാണെങ്കിലും വിദ്യാഭ്യാസരംഗത്ത് നമുക്കുള്ള വളർച്ചയും, വികസനവും തൃപ്തികരമാണെന്ന് അവകാശപ്പെടുവാൻ സാദ്ധ്യമല്ല. ഉന്നത നിലവാരം പുലർത്തുന്ന ഈ പഞ്ചായത്തിലെ വിദ്യാലയങ്ങൾ തദ്ദേശവാസികളായ വിദ്യാർത്ഥികൾക്ക് എത്രത്തോളം പ്രയോജനപ്പെടുന്നു എന്ന് ഗൗരവപൂർവ്വം വിലയിരുത്തേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ എന്നതുപോലെ തന്നെ ജനസംഖ്യയുടെയും വീടുകളുടെയും കാര്യത്തിലും ഈ പഞ്ചായത്ത് കോട്ടയം നഗരസഭയോട് തൊട്ടു നിൽക്കുന്നു. ഈ രണ്ടു കാര്യങ്ങളിൽ ജില്ലയിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന പഞ്ചായത്താണിത്. ഇതുമായി തുലനം ചെയ്യുമ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഇപ്പോഴുള്ള നില തൃപ്തികരമല്ല. ഉന്നത നിലവാരം പുലർത്തുന്ന പല വിദ്യാലയങ്ങളും ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഇവിടത്തെ വിദ്യാർത്ഥികളിൽ നല്ലൊരു പങ്ക് കോട്ടയം പട്ടണത്തിലെ വിവിധ വിദ്യാലയങ്ങളിൽ പഠിക്കുന്നവരാണ്. അതേ സമയം ഈ പഞ്ചായത്തിലെ അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നവരിൽ ഭൂരിപക്ഷവും കോട്ടയം നഗരത്തിൽ നിന്നും സമീപ പ്രദേശങ്ങളിൽ നിന്നുംഉള്ളവരാണ് എന്ന വസ്തുതയും പ്രാധാന്യമർഹിക്കുന്നു. മേൽ പ്രസ്താവിച്ച അൺ എയ്ഡഡ് സ്കൂളുകൾ പ്രവേശനത്തിനു വാങ്ങുന്ന സംഭാവനയും വർദ്ധിച്ച തോതിലുള്ള പ്രതിമാസ ട്യൂഷൻ ഫീസും, വെക്കേഷൻ ഫീസ്, മറ്റു പ്രത്യേക പിരിവുകൾ തുടങ്ങിയവയും ഇടത്തരക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും താങ്ങാനാവാത്തതാണ്. ഇത് ഈ പഞ്ചായത്തിലെ സാധാരണക്കാരായ വിദ്യാർത്ഥികളെ ടി സ്ഥാപനങ്ങളിലേക്ക് ആകർഷിക്കാതിരിക്കാൻ കാരണമാകുന്നു. സർക്കാർ സ്കൂളുകളിലെയും, ചില എയ്ഡഡ് സ്കൂളുകളിലെയും അടിസ്ഥാന സൗകര്യങ്ങളുടെ കുറവും, വിദ്യാഭ്യാസരംഗത്തുള്ള നിലവാരത്തകർച്ചയും കാര്യക്ഷമതയില്ലായ്മയും ഇംഗ്ലീഷ് മീഡിയം സമ്പ്രദായത്തോടു വർദ്ധിച്ചു വരുന്ന താല്പര്യവും ഈ പഞ്ചായത്തിലെ നല്ലൊരു ശതമാനം വിദ്യാർത്ഥികളെയും പഞ്ചായത്തിനു വെളിയിലുള്ള വിദ്യാലയങ്ങളിലേക്ക് ആകർഷിക്കുന്നതിനു കാരണമാകുന്നു.

വിദ്യാഭ്യാസരംഗത്തെ പുരോഗതി വിലയിരുത്തുമ്പോൾ വ്യക്തമാകുന്ന മറ്റൊരു സവിശേഷത, ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ തമ്മിലുള്ള അന്തരം വളരെ വലുതാണ് എന്നതാണ്. വിജയശതമാനത്തിലും വിദ്യാഭ്യാസ നിലവാരത്തിലും ഒക്കെ ഉന്നത നിലവാരം പുലർത്തുന്ന ഏതാനും സ്വകാര്യവിദ്യാലയങ്ങൾ ഈ പഞ്ചായത്തിന്റെ ഒരു പ്രദേശത്ത് അഭിമാനപൂർവ്വം തലയുയർത്തി നിൽക്കു

മ്പോൾ, ഭൂരിപക്ഷം പ്രദേശങ്ങളിലും ഉള്ള മറ്റു വിദ്യാലയങ്ങൾ അവഗണനയുടെയും പരാധീനതകളുടെയും ഭാണ്ഡവും പേറി നാളെയുടെ വാഗ്ദാനങ്ങളായ വിദ്യാർത്ഥികൾക്കു മുമ്പിൽ നിസ്സംഗതയോടെ നമ്രശിരസ്ക്കരായി നിൽക്കുന്ന സ്ഥിതിവിശേഷമാണ് ഇന്നു ള്ളത്.

കോട്ടയം നഗരത്തിൻെറ എല്ലാ മേഖലകളിലും ഉള്ള വികസന തരംഗം ഏറ്റവും കൂടുതലായി വ്യാപിച്ചു കൊണ്ടിരിക്കുന്ന വിജയപുരം പഞ്ചായത്തിൻെറ വിസ്തൃതിയും ജനസംഖ്യയും, സാംസ്ക്കാരിക പശ്ചാത്തലവും കണക്കിലെടുക്കുമ്പോൾ വിദ്യാഭ്യാസരംഗത്തു കൂടുതൽ വികസനം കൈവരിക്കണമെങ്കിൽ പ്രതിസന്ധികളും പ്രശ്നങ്ങളും പരാധീനതകളും നിറഞ്ഞ പാതയിലൂടെ നാം ബഹുദൂരം സഞ്ചരിക്കണമെന്ന് ബോധ്യപ്പെടും.

ഈ വസ്തുതകൾ ഗൗരവപൂർവ്വം കണക്കിലെടുത്തുകൊണ്ടാണ്, ഒമ്പതാം പദ്ധതിയിൽ, വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള വികസന റിപ്പോർട്ടു സമർപ്പിക്കുന്നത്. ഈ പഞ്ചായത്തിലെ 15 വിശേഷാൽ ഗ്രാമസഭകൾ ഈ വിഷയത്തിൽ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളും, ആവശ്യങ്ങളും താഴെ ചേർക്കുന്നു.

## പൊതു ആവശ്യങ്ങൾ :

1. പഞ്ചായത്തിൽപ്പെട്ട വിദ്യാലയങ്ങളിൽ മൂത്രപ്പുരകൾ, കക്കൂസുകൾ തുടങ്ങിയവ ഇല്ലാത്ത സ്ഥലങ്ങളിൽ അടിയന്തിര പ്രാധാന്യത്തോടു കൂടി അവ പണിയുന്നതിനുള്ള നടപടി സ്വീകരിക്കണം. അറ്റകുറ്റപ്പണികൾ ചെയ്യേണ്ട സ്ഥലങ്ങളിൽ ഉടനെ തന്നെ അവ പൂർത്തിയാക്കണം.
2. ഫർണിച്ചറുകൾ, പാഠ്യവിഷയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ, സ്പോർട്ട്സ് ആൻറ് ഗെയിംസ് ഉപകരണങ്ങൾ എന്നിവ എല്ലാ സ്കൂളികളിലും ആവശ്യത്തിനു നൽകണം.
3. ശുദ്ധ ജല ദൗർലഭ്യം നേരിടുന്ന വിദ്യാലയങ്ങളിൽ ശുദ്ധജലം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.
4. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ, യൂണിഫോം, കുട തുടങ്ങിയവ സൗജന്യനിരക്കിൽ ലഭ്യമാക്കണം.
5. വിദ്യാലയങ്ങളിൽ 'ഉച്ചഭക്ഷണം' നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.
6. ചുറ്റുമതിൽ ഇല്ലാത്ത വിദ്യാലയങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കണം.
7. അറ്റകുറ്റപ്പണികൾ നടത്താനുള്ള കെട്ടിടങ്ങളുടെ പണികൾ അടിയന്തിര പ്രാധാന്യത്തോടുകൂടി ചെയ്തു തീർക്കണം.
8. എല്ലാ സ്കൂളികളിലും അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകൾ കാര്യക്ഷമമാക്കണം.
9. 'മാതൃസംഗമം' എല്ലാ സ്കൂളുകളിലും കാര്യക്ഷമമാക്കണം.
10. പഠനം, കലാ-കായിക വിഷയങ്ങൾ എന്നിവയിൽ സമർത്ഥരായ കുട്ടികളെ കണ്ടെത്തി പഞ്ചായത്തു തലത്തിൽ സ്കോളർഷിപ്പുകളും, പുരസ്ക്കാരങ്ങളും നൽകി ആദരിക്കുകയും, അതതു രംഗങ്ങളിൽ കൂടുതൽ പ്രാഗത്ഭ്യം നേടത്തക്കവിധം ആവശ്യമായ പരിശീലനവും പ്രോത്സാഹനവും നൽകുകയും വേണം.
11. ഇംഗ്ലീഷ് മീഡിയം സംസ്ക്കാരം നമ്മുടെ വിദ്യാഭ്യാസമേഖലയിൽ കൂടുതൽ സ്വാധീനം ചെലുത്തിയതിൻെറ ഫലമായി മാതൃഭാഷയായ മലയാളം അവഗണിക്കപ്പെട്ടു വരികയാണ്. ടി സ്ഥാപനങ്ങളിൽ മലയാള പഠനത്തിന് പ്രത്യേക പ്രാധാന്യവും പ്രോത്സാഹനവും നൽകണം.
12. എല്ലാ വാർഡുകളിലും സാക്ഷരതാ പ്രവർത്തനം സജീവമാക്കണം.
13. പ്രീപ്രൈമറി സ്കൂളുകൾ എല്ലാ വാർഡുകളിലും ആരംഭിക്കണം.
14. വിദ്യാലയങ്ങളോടനുബന്ധിച്ച് കളിസ്ഥലങ്ങൾ നിർമ്മിക്കണം.
15. സ്കൂളുകളിൽ രോഗനിർണ്ണയ ക്യാമ്പുകൾ നടത്തി, നിർദ്ധനരായ വിദ്യാർത്ഥികൾക്ക് മരുന്നുകളും, പോഷകാഹാരവും സൗജന്യമായി നൽകണം.
16. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു മുൻഗണന നൽകണം.
17. മിനിമം ലെവൽ ഓഫ് ലേണിംഗ് പ്രോഗ്രാം എല്ലാ സ്കൂളുകളിലും നടപ്പിലാക്കണം.

## പ്രത്യേകാവശ്യങ്ങൾ :

1. 7-ാം വാർഡിൽ നിലവിലുള്ള മണർകാട് സെൻറ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന് എൻ.ഒ.സി. നൽകി 10-ാം സ്റ്റാൻഡാർഡു വരെ അംഗീകാരം നൽകണം.
2. വടവാതൂർ ഗവ. യു.പി.എസിനു മുൻഭാഗത്തുള്ള റോഡിൻെറ കുഴികൾ നികത്തി, അവിടം അപകട ഭീഷണിയിൽ നിന്നു വിമുക്തമാക്കണം.
3. അരീപ്പറമ്പ് ഗവ. ഹൈസ്കൂളിൽ അനുവദിച്ചിട്ടുള്ള കമ്പ്യൂട്ടർ വിദ്യാഭ്യാസ കേന്ദ്രത്തിൻെറ പ്രവർത്തനം എത്രയും വേഗം ആരംഭിക്കണം. കളിസ്ഥലത്തിൻെറ നിർമ്മാണം പൂർത്തിയാക്കാൻ അടിയന്തിര

നടപടി സ്വീകരിക്കണം. കോമ്പൗണ്ട് വോൾ നിർമ്മിക്കണം. ഈ ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കണം. ഹൈസ്കൂളിൻെറ വകയായി കിടക്കുന്ന 25 സെൻറ് സ്ഥലത്ത് ഗവ. പ്രീ-പ്രൈമറി സ്കൂൾ ആരംഭിക്കണം.

4. മണർകാട് ഗവ.യു. പി. സ്കൂളിൽ ഒന്നാം സറ്റാൻഡേർഡു മുതൽ ഇംഗ്ലീഷ് ഡിവിഷൻ എത്രയും വേഗം ആരംഭിക്കണം. ഈ സ്കൂളിൻെറ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ പൊളിച്ചു മാറ്റി, 3 നില കെട്ടിടം പണിയണം. ഇപ്പോഴുള്ള സ്കൂൾ ഗ്രൗണ്ട്, വികസിപ്പിച്ച കായിക പരിപാടികൾ നടത്തുവാൻ പ്രയോജനപ്പെടുംവിധം നല്ല സ്റ്റേഡിയമാക്കണം. സ്കൂളിൻെറ മുൻഭാഗത്ത് കുട്ടികളുടെ പാർക്ക് നിർമ്മിക്കണം. കോമ്പൗണ്ടു വോൾ പൂർത്തിയാക്കണം.

5. താഴെ പറയുന്ന ഗവ. യു. പി. സ്കൂളുകൾ ഹൈസ്കൂളാക്കി ഉയർത്തണം.

   1. മണർകാട്
   2. മാലം
   3. വടവാതൂർ
   4. നട്ടാശ്ശേരി

6. ഞാറയ്ക്കൽ (വടവാതൂർ) സെൻറ് മേരീസ് എൽ. പി. എസ്, യു. പി. സ്കൂളായി ഉയർത്തണം. 15-ാം വാർഡിൽ (മാങ്ങാനം) ഒരു യു. പി. സ്കൂൾ അനുവദിക്കണം. 10-ാം വാർഡിലെ ഹോളിഫാമിലി എൽ. പി. സ്കൂൾ എയ്ഡഡ് ആക്കുകയും, യു. പി. എസ് ആയി ഉയർത്തുകയും വേണം.

7. 10-ാം വാർഡിലെ ഹോളിഫാമിലി ഇംഗ്ലീഷ് മീഡിയം സ്കൂൾ ഒരു അൺ എയ്ഡഡ് സ്കൂളാണ്. അത് എയ്ഡഡ് സ്കൂളാകുകയും യു. പി. സ്കൂളായി ഉയർത്തുകയും വേണം.

8. വിജയപുരം പഞ്ചായത്തിൽ ഒരു പൊളി ടെക്നിക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും ആരംഭിക്കുക.

"മദ്യപാനശീലത്തിന് ഇരയായ ഒരു രാഷ്ട്രത്തിന് നേരിടേണ്ടി വരുന്നത് നാശമല്ലാതെ മറ്റൊന്നുമല്ല. ആ ശീലം കൊണ്ട് സാമ്രാജ്യങ്ങൾ നശിച്ചുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. ശ്രീകൃഷ്ണൻ പിറന്ന വംശം ആ ശീലത്താൽ നശിപ്പിക്കപ്പെട്ട കഥ നമുക്ക് ഇന്ത്യയിലുണ്ട്. റോമിൻെറ നാശത്തിന് കാരണമായിത്തീർന്നത് ഈ രാക്ഷസീയ ദുർവൃത്തിയാണ്. അതിനാൽ മാന്യമായി ജീവിക്കണമെന്നുണ്ടെങ്കിൽ ഈ തിന്മയെ നിങ്ങൾ വർജിക്കണം.

മയക്കുമരുന്നുകളും മദ്യവും പിശാചിൻെറ രണ്ടു കൈകളാണ്. അവ കൊണ്ടാണ് പിശാച് തൻെറ അടിമകളെ ബുദ്ധിശൂന്യതയിലേക്കും ലഹരിയിലേക്കും അടിച്ചു വീഴ്ത്തുന്നത്.

- ഗാന്ധിജി

# 5 (5)

# കുടിവെള്ളവും പൊതുജനാരോഗ്യവും



പ്രകൃതിജല ലഭ്യതയുടെ കാര്യത്തിൽ കേരളം ഇന്ത്യയിലെ മുൻപന്തിയിൽ നില്ക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ്. ഓരോ വർഷവും നമ്മുടെ നദികളിലൂടെ ഒഴുകിയെത്തുന്ന ദശലക്ഷക്കണക്കിനു ഘനയടി വെള്ളം ആവശ്യത്തിനു വേണ്ടതിൽ അനേക മടങ്ങു കൂടുതലാണ്. ഭൂഗർഭ ജലത്തിന്റെ കാര്യത്തിലും സ്ഥിതി ഇതു തന്നെയാണ്. പക്ഷേ, പ്രകൃതി കനിഞ്ഞു നൽകുന്ന വിലയേറിയ ഈ വിഭവം വേണ്ടവിധം ഉപയോഗിക്കുവാൻ കഴിയാത്തതിനാൽ കേരളം കഴിഞ്ഞ കുറെ വർഷങ്ങളായി കുടിവെള്ള ക്ഷാമം വർദ്ധിച്ചു വരുന്ന സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുന്നു. ജനങ്ങളുടെ ആവശ്യങ്ങൾക്ക് അനുസൃതവും ദീർഘവീക്ഷണത്തോടുകൂടിയതുമായ പദ്ധതികളുടെ അഭാവമാണ് ഇതിനുകാരണം. ജനസംഖ്യാവർദ്ധന, ഗ്രാമങ്ങളുടെ നഗരവത്കരണം, വനനശീകരണം, ഭൂമിയുടെ വിനിയോഗ രീതി, കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ എന്നിവയെല്ലാം ഇതിനു കാരണങ്ങളായിത്തീരുന്നു. ജനങ്ങളുടെ പങ്കാളിത്തത്തോടും പൂർണ്ണമായ സഹകരണത്തോടും കൂടി ദീർഘകാല-ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കിയാൽ മാത്രമേ ഇതിന് ശാശ്വതപരിഹാരം ഉണ്ടാവുകയുള്ളൂ.

വിജയപുരം പഞ്ചായത്തിന്റെ കാര്യത്തിലും മേൽപറഞ്ഞ പൊതു ഘടകങ്ങൾ ബാധകമാണ്. പൊതുവെ കുന്നുകളും ചരിവുകളും കൊണ്ട് നിമ്നോന്നതമായ നമ്മുടെ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളെല്ലാം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നവയാണ്. വർഷകാലങ്ങളിൽ കുത്തിയൊലിച്ചൊഴുകുന്ന വെള്ളം തടഞ്ഞുനിർത്തി സംഭരിക്കുന്നതിനുള്ള തടയണകൾ നന്നേ കുറവാണ്. വർഷകാലങ്ങളിൽ ഉയർന്ന പ്രദേശങ്ങളിൽ നിന്നും നിരവധി ചാലുകളിലൂടെ ഒഴുകിയെത്തുന്ന വെള്ളം തടസ്സമൊന്നുമില്ലാതെ താഴ്ന്ന പ്രദേശങ്ങളിൽ നിറഞ്ഞു കവിഞ്ഞ് തോടുകളിലൂടെ നദികളിൽ പതിച്ച് വേമ്പനാട്ടു കായലിലെത്തുന്നു. പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകളായ മീനച്ചിലാറും കൊടൂരാറും പഞ്ചായത്തിന്റെ വടക്കും തെക്കും പ്രാന്തപ്രദേശങ്ങളിലൂടെ കടന്നുപോകുന്നതു കൊണ്ട് ജനസാന്ദ്രമായ ഉൾനാടൻ പ്രദേശങ്ങൾക്ക് ഇവ കാര്യമായി പ്രയോജനപ്പെടുന്നില്ല. മീനച്ചിലാറിന്റെ കൈവഴിയായ മീനന്തറയാറിന്റെ പ്രയോജനവും ചുരുങ്ങിയ പ്രദേശങ്ങളിൽ ഒതുങ്ങിനിൽക്കുന്നു. മാർച്ച്-ഏപ്രിൽ മാസങ്ങളിൽ നദികളിലെ നീരൊഴുക്കു കുറയുകയും ജലനിരപ്പ് താഴുകയും ചെയ്യുന്നതോടെ സമീപ പ്രദേശങ്ങളിൽ കുടിവെള്ളപ്രശ്നങ്ങൾ ഉയർന്നുവരുകയും ചെയ്യുന്നു. വർഷകാലങ്ങളിൽ നദികൾ കരകവിഞ്ഞൊഴുകുന്നുണ്ടെങ്കിലും, തടയണകളുടെ അഭാവത്തിൽ ഇതിനെ വേനൽക്കാലങ്ങളിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന കുടിവെള്ള സ്രോതസ്സ് കിണറുകളാണ്. സ്വന്തമായി കിണറുകളില്ലാത്ത വീടുകൾ കുറവാണ്. പക്ഷേ, 12 മാസവും വെള്ളം ലഭിക്കുന്ന കിണറുകൾ 50% ത്തിൽതാഴെയാണ്. ഉയർന്ന പ്രദേശങ്ങളിൽ, വർഷത്തിൽ കുറച്ചു ദിവസങ്ങൾ മാത്രം വെള്ളം കിട്ടുന്ന കിണറുകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കാണാം. വർങ്ങണാക്കുന്ന്, മൂലേൽകുന്ന്, പെരുമ്പഴക്കുന്ന്, അയർക്കാട്ടുകുന്ന് ഇളംകുളത്തുപടി, വല്യറക്കൽപടി, തടത്തിമാക്കൽകുന്ന്, ആമലക്കുന്ന്, മാളിയേക്കൽപ്പടി, ശങ്കരശ്ശേരി, വലിയഉഴം പട്ടികവർഗ്ഗ കോളനി, വെണ്ണാശ്ശേരി, ആവത്താംകുന്ന്, കണ്ണിമലക്കുന്ന്, കൊരട്ടിക്കുന്ന്, മേലാട്ടുകുന്ന്, തടത്തിൽകുന്ന്, വലിയപാറ കോളനി, കളമ്പുകാട്ടുകന്ന്, പേഴുവേലിക്കുന്ന്, ചെമ്മരപ്പള്ളി, മാധവൻകോളനിക്കുന്ന്, ചൂരവേലിക്കുന്ന്, പറപ്പള്ളിക്കുന്ന്, ഉണ്ണിക്കുന്ന് പെരിങ്ങളൂർ, റബ്ബർ ബോർഡുകോളനി, പൂട്ടുചിറ ഭാഗം, ആനത്താനം തുടങ്ങിയ പ്രദേശങ്ങൾ കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന സ്ഥലങ്ങളാണ്. കഴിഞ്ഞ

പദ്ധതിക്കാലത്ത് ഉയർന്ന പ്രദേശങ്ങളിൽ സ്ഥാപിച്ച കുഴൽ കിണറുകളിൽ 90% വിവിധ കാരണങ്ങളാൽ ഉപയോഗപ്രദമല്ല. കിണറുകളിൽ ജലം ലഭിക്കുന്നതിനുതകുന്ന പദ്ധതികൾക്കും ഭൂവിനിയോഗ ക്രമങ്ങൾക്കും രൂപം കൊടുക്കേണ്ടതാണ്.

പൈപ്പു വഴിയുള്ള ജല ലഭ്യതയാണ് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള രണ്ടാമത്തെ മാർഗ്ഗം. പ്രത്യേകിച്ച്, ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ജലമെത്തിയ്ക്കാൻ മറ്റു മാർഗ്ഗമൊന്നുമില്ല. സാധാരണയായി, ക്ഷാമം നേരിടുന്ന മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പഞ്ചായത്തിൽ നിന്നും വാഹനങ്ങളിൽ ജലമെത്തിക്കുന്ന പതിവുണ്ട്. ലോകബാങ്കു പദ്ധതി പ്രകാരമാണ് വിജയപുരം പഞ്ചായത്തിനു പൈപ്പുവെള്ളം ലഭിക്കുന്നത്. 2011-ാമാണ്ടോടെ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന 30 വർഷത്തെ ദീർഘകാലപദ്ധതിയാണിത്. ഇതിന്റെ ജല സ്രോതസ്സ് മീനച്ചിലാറാണ്. വിജയപുരം പഞ്ചായത്തിന്റെ 9-ാം വാർഡിൽ വെള്ളൂപ്പറമ്പ് എന്ന സ്ഥലത്ത് മീനച്ചിലാറിന്റെ തീരത്തു സ്ഥാപിച്ചിട്ടുള്ള പമ്പിംഗ് സ്റ്റേഷനാണ് ഈ പദ്ധതിയുടെ ആസ്ഥാനം. ഇവിടെ നിന്നും പമ്പുചെയ്തു ശുദ്ധീകരിക്കപ്പെടുന്ന വെള്ളം, നാട്ടകം, കുമാരനല്ലൂർ, പനച്ചിക്കാട്, വിജയപുരം എന്നീ പഞ്ചായത്തുകൾക്ക് പ്രയോജനപ്പെടുന്നു. വിജയപുരം പഞ്ചായത്തിലേക്ക് ഉള്ള ടാങ്കിന്റെ സംഭരണശേഷി 14.3 ലക്ഷം ലിറ്റർ വെള്ളമാണ്. ഇതുവരെ പഞ്ചായത്തിൽ 135 കിലോമീറ്റർ നീളത്തിൽ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 457 പൊതു വാട്ടർ ടാപ്പുകൾ നിലവിലുണ്ട്. പൈപ്പുവഴിയുള്ള വെള്ളം ഉപയോഗപ്പെടുത്തുന്ന ജനങ്ങളുടെ എണ്ണം കൃത്യമായി ലഭ്യമല്ല. പൈപ്പുവെള്ളം മാത്രം ആശ്രയിക്കുന്ന കുടുംബങ്ങൾ ക്ലേശങ്ങളനുഭവിക്കേണ്ടി വരുന്ന സന്ദർഭങ്ങൾ നിരവധിയാണ്. വൈദ്യുതി തകരാറുമൂലം പമ്പു പ്രവർത്തിക്കാത്തതു മൂലമുണ്ടാകുന്ന പ്രതിസന്ധികളും ജലലഭ്യതയെ സാരമായി ബാധിയ്ക്കുന്ന പ്രശ്നങ്ങളാണ്. ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാത്തതാണ് ഇതിനു കാരണം.

പഞ്ചായത്തിൽ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ താഴെ വിവരിക്കുന്നു.

| | |
|---|---|
| ചെമ്പോലക്കോളനി | കാരാണിക്കുന്ന് |
| നെടുംപുഞ്ച | കാർമൽ വില്ല കോളനി |
| പുതുശ്ശേരിക്കുടി | നടുപ്പറമ്പ് |
| മാധവൻ കോളനി | ചൂരവേലിക്കുന്ന് |
| പാച്ചിറ | മറ്റത്തിൽക്കുന്ന് |
| താമരശ്ശേരി | പെരിങ്ങളൂർക്കുന്ന് |
| വലിയ പറമ്പുപ്രദേശം | മാങ്ങാനംകുടി |
| വലിയ ഊഴം കോളനി | ശങ്കരശ്ശേരി |
| വെണ്ണാശ്ശേരി | മേലോട്ടുകുന്ന് |
| വേലങ്ങാട്ടുഭാഗം | പാലുത്താനം കോളനി |
| കണ്ണിമല ഭാഗം | പൂട്ടുച്ചിറ ഭാഗം |
| പൂപ്പടക്കുന്ന് | റബ്ബർബോർഡു കോളനി |
| അയർപുഞ്ച് | കൈതമറ്റംഭാഗം |
| മാങ്ങാനം ആശ്രമം ഭാഗം | കൊശമറ്റം കോളനി |
| ഹരിജൻകോളനി | പാറേപ്പറമ്പ് കോളനി |
| ഉണ്ണിക്കുന്ന് | താഴത്തേടത്തുഭാഗം |
| ആവത്താംകുന്ന് | മേലടം |
| അങ്ങാടിക്കുന്ന് | മണ്ണുക്കുന്ന് |
| ഞാറയ്ക്കൽപടി | വെട്ടിക്കുളം |
| ആമലക്കുന്ന് | തടത്തിമാക്കൽ കുന്ന് |
| ഇളംകുളത്തുപടി | വല്യറക്കൽപ്പടി |
| അയർക്കാട്ടുകുന്ന് | വർങ്ങണാക്കുന്ന് |
| മൂലേൽക്കുന്ന് | പെരുമ്പഴക്കുന്ന്. |
| മാങ്ങാനം ലക്ഷംവീടുകോളനി | |
| രാജീവ്ഗാന്ധി ഹൗസിംഗ് കോളനി | |
| ചെമ്മരപ്പള്ളി കൈതേക്കുന്ന് | |

### ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പൊതുപ്രശ്നങ്ങൾ

1. ഉയർന്ന പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. ഉയർന്ന പ്രദേശങ്ങളിലെ പൈപ്പുകളിൽ വെള്ളം കിട്ടുന്നില്ല.
3. ഇവിടങ്ങളിൽ ആവശ്യമായ വെള്ളം എത്തിക്കുന്നില്ല.
4. പൊതുകിണറുകൾ പലതും ഉപയോഗപ്രദമല്ല.
5. കുഴൽ കിണറുകൾ വേണ്ടത്രയില്ല. ഉള്ളവയിൽ പലതും പ്രയോജനകരമല്ല.
6. വ്യവസായശാലകൾ, ആശുപത്രികൾ, അറവുശാലകൾ തുടങ്ങിയവയിൽനിന്നു ജലമലിനീകരണമുണ്ടാകുന്നുണ്ട്.

### പ്രശ്നപരിഹര നിർദ്ദേശങ്ങൾ

1. പൈപ്പുവെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ പൈപ്പുലൈൻ സ്ഥാപിക്കുക.
2. ഉയർന്ന പ്രദേശങ്ങളിൽ വെള്ളം ലഭിക്കുന്നതിന് പാണ്ഡവർകളരി കുന്നുംപുറത്ത് ഓവർഹെഡ് ടാങ്കു നിർമ്മിച്ച് പൈപ്പുലൈൻ സ്ഥാപിക്കുക.
3. ഫലപ്രദമായ കുഴൽ കിണറുകൾ സ്ഥാപിക്കുക.
4. ജല മലിനീകരണം തടയുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.

## പൊതുജനാരോഗ്യം

വെള്ളവും, വായുവും ശുദ്ധമായി സംരക്ഷിക്കേണ്ടത് ആരോഗ്യം നിലനിർത്താനും രോഗങ്ങളിൽ നിന്നു രക്ഷനേടാനും വേണ്ട അടിസ്ഥാന ഘടകങ്ങളാണ്. പരിസരമലിനീകരണം ആഹാരത്തെയും മലിനമാക്കും. മലിനമാക്കപ്പെടുന്ന ആഹാരപദാർത്ഥങ്ങൾ വിവിധ രോഗങ്ങൾക്ക് ഹേതുവായിത്തീരുകയും ചെയ്യുന്നു. അതുകൊണ്ട് പരിസര ശുചിത്വം ആരോഗ്യം നിലനിർത്തുന്നതിന് ഒഴിച്ചുകൂടാനാവാത്ത കാര്യമാണ്. കുടിവെള്ളവും പൊതുജനാരോഗ്യവും തമ്മിൽ അടുത്ത ബന്ധമുള്ളതു കൊണ്ടാണ് ആധുനിക ശുദ്ധജല പദ്ധതികൾ വാട്ടർ ആൻഡ് സാനിട്ടേഷൻ പദ്ധതിയെന്നറിയപ്പെടുന്ന സംയോജിത പദ്ധതിയായി നടപ്പിലാക്കുന്നത്. ഈ രംഗത്ത് നിലവിലുള്ള പദ്ധതികൊണ്ട് ഗ്രാമീണ ജനങ്ങളിൽ 50% താഴെ മാത്രമെ സംരക്ഷണം ലഭിക്കുന്നുള്ളൂ എന്നാണ് വിവിധ ഏജൻസികൾ നടത്തിയ പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നത്.

പരിസര ശുചീകരണത്തിന് കക്കൂസുകളടെ ഉപയോഗം പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. സാനിട്ടറി കക്കൂസുകളുടെ നിർമ്മാണ ചെലവ് സാധാരണക്കാർക്ക് താങ്ങാനാവുന്നതിൽ കൂടുതലായതിനാൽ പലപ്പോഴും സാധാരണ വീടുകളിൽ പണികഴിപ്പിക്കുന്ന കക്കൂസുകൾ പൂർണ്ണമായും മലിനീകരണ വിമുക്തമാണെന്നു പറയാൻ കഴിയുകയില്ല. രേഖകൾ പ്രകാരം വിജയപുരം പഞ്ചായത്തിൽ സാനിട്ടേഷൻ കക്കൂസുകളില്ലാത്ത വീടുകൾ 2395 ആണ്. 1992-നു ശേഷം അനുവദിച്ച കക്കൂസുകളിൽ 51 എണ്ണത്തിന്റെ പണി പൂർത്തിയാക്കുവാനുണ്ട്. ഇനിയും ആവശ്യമുള്ള കക്കൂസുകളുടെ വാർഡു തിരിച്ചുള്ള കണക്ക് താഴെ വിവരിക്കുന്നു.

| വാർഡ് | | എണ്ണം |
|---|---|---|
| I | - | 250 |
| II | - | 160 |
| III | - | 128 |
| IV | - | 132 |
| V | - | 148 |
| VI | - | 94 |
| VII | - | 190 |
| VIII | - | 185 |
| IX | - | 134 |
| X | - | 212 |
| XI | - | 205 |
| XII | - | 103 |
| XIII | - | 183 |
| XIV | - | 131 |
| XV | - | 140 |
| Total | - | 2395 |

പരിസര മലിനീകരണത്തിനിടയാക്കുന്ന ചപ്പുചവറുകൾ, വ്യാപാരവ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ, ആശുപത്രികളിൽ നിന്നുമുള്ള വിസർജ്ജ്യ വസ്തുക്കൾ ഇവ മലിനീകരണത്തിനു കാരണമാകുന്നു. ഇവയെല്ലാം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള കർമ്മപദ്ധതികൾ നടപ്പിലാക്കണം.

വിജയപുരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആതുരാലയങ്ങളെ സംബന്ധിക്കുന്ന പൊതു വിവരങ്ങൾ

| | സർക്കാർ | സ്വകാര്യം |
|---|---|---|
| ആശുപത്രികൾ | 1 | 3 |
| ഡിസ്പെൻസറികൾ | 2 | 4 |
| മാതൃശിശു സംരക്ഷണം | 1 | 1 |

പഞ്ചായത്തിൽ ഒരു പ്രധാന പ്രാഥമികാരോഗ്യ കേന്ദ്രവും 6 ഉപകേന്ദ്രങ്ങളുമുണ്ട്.

1995 ഡിസംബർ 31-ാം തീയതി അവസാനിക്കുന്ന വർഷത്തിൽ പഞ്ചായത്തിലെ മരണ സംഖ്യ 279-ഉം ജനനസംഖ്യ 1920 ഉം ആയിരുന്നു. ഈ കാലയളവിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള ശിശു മരണങ്ങൾ 7 ആണ്.

പഞ്ചായത്തിൽ സാധാരണയായി പടർന്നു പിടിക്കാറുള്ള സാംക്രമിക രോഗങ്ങൾ ഒന്നും 1995ൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

സർവെ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ സ്ഥിതി വിവരങ്ങൾ

ആകെ കുടുംബങ്ങൾ - 3959
പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ - 86
സാമ്പത്തിക സഹായം ലഭിച്ചവർ - 158
അതിൽ പട്ടികജാതി പട്ടികവർഗ്ഗം - 86
സഹായം ലഭിക്കുക വഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയവർ - 8

### പൊതു പ്രശ്നങ്ങൾ

1. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല.
2. കക്കൂസുകൾ ഇല്ലാത്ത വീടുകളുണ്ട്
3. മാലിന്യ നിവാരണ സംവിധാനങ്ങൾ കുറവാണ്.
4. എലി, കൊതുകു ശല്യം വർദ്ധിച്ചു വരുന്നു.

### പരിഹാര മാർഗ്ഗങ്ങൾ

1. നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വിപുലപ്പെടുത്തുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യണം.

2. പ്രധാന പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ പ്രസവ വാർഡ് തുറക്കുകയും ആധുനിക സജ്ജീകരണങ്ങളോടുകൂടി വിപുലീകരിക്കുകയും ചെയ്യുക. കൂടുതൽ ഡോക്ടർമാരേയും, നഴ്സുമാരേയും നിയമിക്കുക.
3. അരീപ്പറമ്പിലുള്ള ഹോമിയോ ഡിസ്പൻസറി 25 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക. കൂടുതൽ ആയുർവ്വേദ-ഹോമിയോ ഡിസ്പൻസറികൾ ജനസംഖ്യാനുപാതികമായി സ്ഥാപിക്കുക.
4. ഒമ്പതാം വാർഡിൽ പണി തീർത്തിട്ടുള്ള ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കണം.
5. കളത്തിൽപ്പടി താന്നിക്കൽപ്പടി കേന്ദ്രീകരിച്ച് അറവുശാല ആധുനിക രീതിയിൽ സ്ഥാപിക്കണം.
6. 6, 12, 13 വാർഡുകൾക്കുള്ള പ്രാഥമിക കേന്ദ്രത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകണം.
7. പൊതുവഴികളുടെ ഓരങ്ങളിൽ താമസിക്കുന്നവരെ മാറ്റിപാർപ്പിക്കുക.
8. മാലിന്യ നിർമ്മാർജ്ജന പരിപാടികൾ പ്രാദേശികമായി പദ്ധതി തയ്യാറാക്കുക.
9. കക്കൂസുകൾ ഇല്ലാത്തവർക്ക് സാമ്പത്തികമായും സാങ്കേതികമായും സഹായങ്ങൾ നല്കുക.
10. പ്രതിരോധ കുത്തിവെയ്പുകൾ നടത്തിന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
11. 7-ാം വാർഡ് കേന്ദ്രമാക്കി P. H. സബ്സെന്റർ ആരംഭിക്കുക. ആറ്, പതിമൂന്ന് വാർഡുകളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് സ്ഥലവും കെട്ടിടവും ലഭ്യമാക്കുക.



എസ്.എൻ.ഡി.പി.യൂണിയൻ ശാഖ നം. 510
മാങ്ങാനം




സെൻറ് പോൾസ് ന്യൂ ലൈഫ് സ്കൂൾ, മണർകാട്



ഗവ. യു.പി. സ്കൂൾ മണർകാട്

# 5 (6)

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്



വളരെ വിസ്തൃതമായ വിജയപുരം പഞ്ചായത്തിന്റെ വിവിധങ്ങളായ വളർച്ചയ്ക്കും വികാസനത്തിനും റോഡുകളുടെ സംഭാവന പരമപ്രധാനമാണെന്നുപറയാം. പഞ്ചായത്തിലെ റോഡുകളുടെ നീളം മൊത്തം 180 കിലോ മീറ്ററാണ്. എന്നാൽ ടാർചെയ്ത റോഡുകൾ 40 കി. മീ. മാത്രമാണ്. കേരളത്തിലെ പ്രധാന റോഡുകളിലൊന്നായ കെ. കെ. റോഡ് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കടന്നുപോകുന്നു. ചെറുതും വലുതുമായ നിരവധി റോഡുകൾ കെ. കെ. റോഡുമായി ബന്ധിച്ച് ലിങ്ക് റോഡുകളായി വർത്തിക്കുന്നു. ഒന്നിനോടൊന്ന് ബന്ധപ്പെട്ടു കിടക്കുന്ന ഈ പാതകൾ ഫലത്തിൽ പഞ്ചായത്തിന്റെ എല്ലാ മേഖലകളെയും കോർത്തിണക്കുന്നു. നിരവധി കലുങ്കുകളും പാലങ്ങളും ഈ റോഡുകളെ തമ്മിൽ ചേർക്കുന്ന കണ്ണികളായി വർത്തിക്കുന്നു. ഓരോ വാർഡിലും കുറഞ്ഞത് 15 റോഡുകൾ വീതംഎങ്കിലും നിലവിലുണ്ട്. ഗ്രാമസഭകളിൽ ഉയർന്നുവന്ന ചർച്ചകളിൽ സജീവ വിഷയമാത് റോഡുകളുടെ ഉദ്ധാരണത്തെ സംബന്ധിച്ചായിരുന്നു.

നിലവിലുള്ള റോഡുകളിൽ ഭൂരിപക്ഷത്തിന്റെയും അവസ്ഥ പരിതാപകരമാണ്. ഗണത്തിലുണ്ടായവർദ്ധന ഗുണത്തിലുണ്ടായിട്ടില്ല. ടാർ ചെയ്തിട്ടുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ട് നാളുകളേറെയായി. ആവശ്യമായ ഓടകൾ ഇല്ലാത്തതുമൂലം പൊതുവെ എല്ലാ റോഡുകളും തകർന്നുകിടക്കുന്നു. ഓട തീർത്തും വീതികൂട്ടി വശങ്ങൾ കെട്ടിയും, ടാർചെയ്തും, പണിപൂർത്തിയാക്കേണ്ട റോഡുകൾ അനവധിയാണ്. പുതിയതായി നിർമ്മിക്കേണ്ട റോഡുകളെ സംബന്ധിച്ചുള്ള നിരവധി നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

അറ്റകുറ്റപ്പണികൾ ചെയ്തും വീതികൂട്ടിയും സഞ്ചാര യോഗ്യമാക്കേണ്ട റോഡുകളുടെ പേരുകൾ താഴെ ചേർക്കുന്നു.

കുമ്പളപ്പള്ളിപ്പടി - പള്ളിയാമ്പിൽ റോഡ്
കുമ്പളപ്പള്ളിപടി - പൈലിത്താനംപടി റോഡ്
ആവത്താംകുന്ന് - പാത്തിക്കൽപ്പടി റോഡ്
പള്ളിപ്പടി - പള്ളിക്കുന്ന് റോഡ്
കുമ്പളപ്പടി - പണിക്കൻപടി റോഡ്
പള്ളിയമ്പിൽപടി - വെട്ടിക്കുളം റോഡ്
മൂലക്കാട്ട് പടി - പൊക്കണാമറ്റം റോഡ്
പൊക്കണാമറ്റം - കുമ്പപ്പള്ളി റോഡ്
പുല്ലാട്ടുപടി - മണ്ണാർതോട്ടം റോഡ്
പാത്തിക്കൽപടി - പൊടിമറ്റം റോഡ്
കാലായിൽപടി - ആലയ്ക്കൽ പറമ്പിൽപടി റോഡ്
ആലയ്ക്കൽപറമ്പിൽപടി - വെട്ടിക്കുളം റോഡ്
പള്ളിക്കുന്ന് - പ്ലാക്കീൽപടി റോഡ്
പൊടിമറ്റം - ഉറുമ്പിൽപടി റോഡ്
ആവത്താൻകുന്ന് - മരോട്ടിപ്പുഴ റോഡ്
കൊട്ടാടിപ്പടി - പൊടിമറ്റംപാലം റോഡ്
വടക്കൻമണ്ണൂർ - പറപ്പള്ളിക്കുന്ന് റോഡ്
മരോട്ടിപ്പുഴ - മണ്ണുക്കുന്ന് റോഡ്
കാലായിൽപടി - വടക്കേക്കരപ്പടി ചേലകുന്ന് റോഡ്
മാലംപാലം - ചക്കുംകുഴികുന്നുംപുറം റോഡ്
പുളിയാമ്പള്ളിൽപടി - മുണ്ടയ്ക്കൽപടി റോഡ്
ചെന്നലത്തുകുഴി - വാര്യത്തുപടി റോഡ്
ചേന്നംകുന്ന് - കുറിച്ചീപ്പടി റോഡ്
തുരുത്തീൽപ്പടി - ചേലത്തുംപടി റോഡ്
അക്കരക്കുന്നുപടി മുണ്ടയ്ക്കൽപടി റോഡ്
മുത്തൻമുക്ക് പുതമനപടി റോഡ്.
ചേന്നംകുന്ന് പുതുമനപടി റോഡ്
പാലക്കോട്ട്പടി - നടയ്ക്കൽപടി റോഡ്
പോസ്റ്റോഫീസ്പടി - വാലേൽപടി റോഡ്
പറമ്പുകര ലക്ഷംകോളനി - ചിറ്റേട്ടുപുരയിടം കോളനി റോഡ്

എൻ.എസ്.എസ് കരയോഗത്തിന്റെ തെക്കുഭാഗത്തു കൂടി കരിക്കോട്ടുമൂല ഭാഗത്തേയ്ക്ക്.

കളപ്പുരപ്പടി - കൊരട്ടിക്കുന്ന് റോഡ്

പറമ്പുകരമറ്റം - മണലടിത്തുരുത് റോഡ്

ഹരിജൻകോളനി നരിവേലിത്തുരുത്ത് റോഡ്

കോട്ടമുറി - ഹരിജൻ കോളനി റോഡ്

കോട്ടമുറി - പോളച്ചിറ റോഡ്

വാലേൽ പടി - മരവത്തുപടി റോഡ്

മണർകാട് -ഏറ്റുമാനൂർ റോഡ്

കോട്ടമുറി - തൂത്തൂട്ടി റോഡ്

കുറ്റിയക്കുന്ന് - മാലം റോഡ്

കാവുംപടി - കിഴക്കേടത്തുപടി

കുമ്പയിൽപടി - വടക്കേടം റോഡ്

കിഴക്കേടത്തുപടി - പാണ്ഡവർകളരി റോഡ്

മാലം സ്കൂൾ - പഴയിടത്തുപടി റോഡ്

കണിയാംപറമ്പിൽപടി - താഴത്തേക്കുറ്റ് റോഡ്

തലപ്പാടി - വലിയ ഉഴം ഓലിത്തൊണ്ട് വീതികൂട്ടുക

വലിയ ഉഴം - വെണ്ണാശ്ശേരി തൊണ്ട് വീതികുട്ടുക

തലപ്പാടി - വലിയ ഉഴം വീതികൂട്ടുക.

കടുവാക്കുഴി -ചൂരക്കുറ്റി വീതികൂട്ടുക

ശങ്കരശ്ശേരി - വെട്ടിക്കുന്നേൽതൊണ്ട് വീതികൂട്ടുക

വലിയ ഉഴം - മംഗലം ഫാക്ടറിതൊണ്ട് വീതികൂട്ടുക.

ശങ്കരശ്ശേരി - മണർകാടുപള്ളി റോഡ് തൊണ്ട്വീതി കൂട്ടുക

കടുവാക്കുഴി - ഒറ്റപ്ലാക്കൽപടിതൊണ്ടു വീതികൂട്ടുക.

മാധവൻപടി - റബ്ബർബോർഡ് റോഡ്

ഫാൻസിപ്പടി - പൗൾട്രിഫാം റോഡ്

വടവാതൂർ കവല - സെമിനാരി റോഡ്

ശാബതുപള്ളി - നവോദയാ സ്കൂൾ റോഡ്

പൂട്ടുചിറ - കൈതമറ്റം റോഡ്

പുത്തൻപുരപ്പടി - റബ്ബർബോർഡ് കോളനി റോഡ്

ഈരേച്ചേരിൽപടി - ചെമ്മാത്തുപടി റോഡ്

മണർകാട് കവല - താഴത്തേടത്തുപടി റോഡ്

കല്ലുകാട് - തലപ്പാടി റോഡ്

ഐരാറ്റുനട - പുളിമൂട് കവല റോഡ്

ഐരാറ്റുനട - കുറ്റിക്കാട്ടുപടി റോഡ്

വല്യറയ്ക്കൽപടി - തടത്തിമാക്കൽ കുന്ന ് നടപ്പാത

മണർകാട് തിരുവഞ്ചൂർ റോഡും, പള്ളിക്കൂളം പാല മുറി റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന പെരുമ്പഴകുന്ന് തൊണ്ട് വീതികൂട്ടുക.

പൈനുങ്കൽചിറ വീതികൂട്ടുക

പാലൂർപടി പഞ്ചായത്തുകടവ് റോഡ്

വടവാതൂർ കുരിശ് എം. ആർ.എഫ്. റോഡ്

തേമ്പ്രവാൽകടവ് തോട്ടത്തിൽപ്പടിചിറ

ഇ.എസ്.ഐ. കരിപ്പാൽപടി റോഡ്

മാമൂട്ടിൽപടി നടുവിലേടത്തുപടി റോഡ്

തുരുത്തേൽകവല പൂവത്തുംമൂട് റോഡ്

നീലാണ്ടപ്പടി പൂത്തേട്ടിൽപടി റോഡ്

വടവാതൂർകടവ് മോസ്കോകവല റോഡ്

ശ്രാമ്പിക്കൽപ്പടി - നെടുംപുഞ്ചറോഡ്

ചെട്ടിയിൽപടി പൊതിയന്തറപ്പടിറോഡ്

പായിപ്രപ്പടി താഴത്തിക്കര റോഡ്

മുളയ്ക്കൽ കവല - മൈലപ്പള്ളി റോഡ്

മുളയ്ക്കൽകവല. കൊച്ചാർ റോഡ്

ചേന്നാട്ടിൽപടി പഞ്ചായത്ത് റോഡ്

മോസ്കോകവല - കൊട്ടിപ്പള്ളി റോഡ്

മോസ്കോകവല - വടവാതൂർ ബണ്ട് റോഡ്

വെൽഫയർ സെന്റർ - ചെറുമണത്ത്മാലി റോഡ്

മായിമ്മപടി - മുരിങ്ങോത്തുപടി റോഡ്

എൻ.എസ്.എസ്. കരയോഗം - കഴിക്കോട്ടുപടി റോഡ്

പാലമൂട്ടിൽ ക്ഷേത്രം - പഴേക്കുറ്റിക്കടവ് റോഡ്

തൂമ്പുങ്കൽപടി - പുറക്കാട്ടുപടി റോഡ്

മേലേട്ടുപടി - ചെങ്ങേത്തുപടിറോഡ്

എത്തിയിൽകടവ് - തൂണിത്രപ്പടി റോഡ്

വടവാതൂർ കുരിശ് - ശാന്തിഗ്രാം ലിങ്ക് റോഡ്

കാരാണി - നെടുംപുഞ്ച റോഡ്

ഞാറയ്ക്കൽ - കൊല്ലക്കൊമ്പ് റോഡ്

പള്ളിക്കുന്ന് റോഡ്

തറേപ്പടി - മാരായിക്കുളം പൊൻപള്ളികടവ് റോഡ്

മുൻസിപ്പൽ ഡിപ്പോ - കാർമൽവില്ല റോഡ്

കാരാണി-കൊല്ലക്കൊമ്പ് റോഡ്

മഠത്തുംകുന്ന് റോഡ്

ഇറഞ്ഞാൽ - വെട്ടിക്കൽ റോഡ്

മൈലക്കൽപടി - മധുരംചേരിറോഡ്

തോണിക്കടവ് - മാങ്ങാനം ലിങ്ക് റോഡ്

ചിദംബരപ്പടി - കോർപസ്ക്രിസ്റ്റി റോഡ്

പുത്തൻവീട്ടിൽപടി - താമരപ്പടി റോഡ്

വട്ടവേലി - ഉണ്ണിക്കുന്ന് റോഡ്

ഞാറയ്ക്കൽ ചിറ - ശവക്കോട്ടപ്പടി.

പൂവേലിപ്പടിറോഡ്

എടാട്ടുമഠം റോഡ്

കളത്തിപ്പടി - ഞാറയ്ക്കൽ ചിറ റോഡ്

മധുരഞ്ചേരിക്കടവ് - ഇറഞ്ഞാൽ റോഡ്

തങ്കപ്പൻമാറം ഇറഞ്ഞാൽ റോഡ്

പടച്ചിറ - മച്ചുകാട് റോഡ്

ചാത്തൻപുത്തൂർ റോഡ്

താന്നിക്കൽപ്പടി റോഡ്

എം. ഒ. സി. വടക്കുംതല റോഡ്

ആനത്താനം മാധവൻ കോളനി റോഡ്

മറ്റത്തിൽ കുന്ന് - താമരശ്ശേരി റോഡ്

പുതുശ്ശേരി - തകിടി റോഡ്

ആനത്താനം - മറ്റത്തിൽക്കുന്ന് റോഡ്

ആനത്താനം - ചൂരവേലിക്കുന്ന് റോഡ്

താമരശ്ശേരി - വടക്കുംതല റോഡ്

മച്ചുകാട് - പടച്ചിറ റോഡ്

മനോരമഭവൻ - ക്ഷേത്രം റോഡ്

ലക്ഷംവീട് മുണ്ടകപ്പാടം റോഡ്

അപ്പോസ്തോലിക് സെമിനാരി - വടക്കുംതല റോഡ്

പാലച്ചുവട് - സെമിത്തേരി റോഡ്

മാങ്ങാനം - തറയിൽ റോഡ്

മാങ്ങാനം - കളമ്പുകാട്കുന്ന് റോഡ്

എ. ജി. ചർച്ച് - വിശ്രാന്തി റോഡ്

കളമ്പുകാട് കുന്ന് റോഡ്

മാങ്ങാനം നരസിംഹസ്വാമിക്ഷേത്രം റോഡ്

മന്ദിരംകവല - പേഴുവേലിക്കടവ് റോഡ്

കൈതയിൽകുന്ന് റോഡ്

**പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ**

എം. എൽ. എ. റോഡിൽ ഇഞ്ചിക്കാനം ഭാഗത്തു കൂടി ചെന്നലത്തുകുഴി റോഡുമായി ബന്ധിപ്പിക്കുന്ന നടപ്പാത.

ഊരോത്തുപടി റോഡിൽ നിന്നും കാലായിൽപ്പടി ചേല ക്കുന്ന് റോഡുമായി ബന്ധിപ്പിക്കുന്ന നടപ്പാത

ലക്ഷം വീടുകോളനി ഹരിജൻ കോളനി

പാറേപ്പടിയിൽ പടി മമ്മേലിറോഡ്

കൊരട്ടിക്കുന്ന് തുണ്ടത്തിൽപടി റോഡ്

പഴയ കെ. കെ. റോഡിൽ നിന്നും കിടങ്ങൂർ റോ ഡിൽ എത്തത്തക്കവിധം പാടത്തിൽക്കൂടിയുള്ള ചിറ വീതികൂട്ടി റോഡു നിർമ്മിക്കുക. വലിയ ഊഴം നേഴ്സ റിപ്പടി പായിക്കാട്ടുവേലിപ്പടി എന്നിവിടങ്ങളിലെ വള വുകൾ നിവർത്തി കെ. കെ. റോഡ് നേരെയാക്കുക.

കണ്ണാമ്പടം - പൈനുങ്കൽപ്പടി തൊണ്ട് വീതികൂട്ടുക

ശങ്കരശ്ശേരി - ഓളോപ്പറമ്പിൽപ്പടി വീതികൂട്ടുക.

തലപ്പാടി - വല്യൂഴം മെറീനാതൊണ്ട് റോഡ്വീതികൂട്ടുക.

തീപ്പാച്ചാംകുഴിയിൽ റോഡ് നിർമ്മിക്കുക.

മൂക്കാമ്പടത്തുപടിക്കൽ നിന്നും കണിയാമ്പറമ്പിൽ പ ടിക്കലേക്കു റോഡ് നിർമ്മിക്കുക.

ശാബതുപള്ളിയിൽനിന്നും വടവാതൂർ കുരിശുവരെ ശാസ്താംകടവു ഭാഗത്തുള്ള ബണ്ട് വീതി കൂട്ടുക. വടവാതൂർപാടത്തിന്റെ മദ്ധ്യഭാഗത്തുകൂടി റോഡ് നിർമ്മി ക്കുക.

പാച്ചിറ റോഡ് സെൻട്രൽ സ്കൂൾ ലിങ്ക് റോഡ്

എലിപ്പുലിക്കാട്ടുകടവിലെ പാലത്തിന്റെ അപ്രോച്ച് റോഡ് പൂർത്തിയാക്കുക.

വാട്ടർ വർക്സ് കരിയന്തറ റോഡ്

കുന്നുംകിടാരത്തിൽപടി - ഹോളിഫാമിലി റോഡ്

കൊല്ലപ്പള്ളിപ്പടി - ഐക്കരത്തറ റോഡ്

കോയിക്കൽപടി - മുധരഞ്ചേരി റോഡ്

ഓണംപള്ളിപ്പടി - ചെത്തിയിൽപടി റോഡ്

ചള്ളുമറ്റം - ആശാരിക്കടവ് റോഡ്.

മാങ്ങാനം സ്കൂൾ - കളമ്പുകാട്ട്കുന്ന് റോഡ്

മാങ്ങാനം സ്കൂൾ - ആനത്താനം റോഡ്

കുന്നേൽപടി - കൈതമറ്റം റോഡ്

തലപ്പാടി - മണർകാട് പഞ്ചായത്താഫീസ് റോഡ്

കുടുവാക്കുഴി ഇല്ലിവളവ്

വിജയപുരം - പാമ്പാടി പഞ്ചായത്തതിർത്തിയിലുള്ള കടുവാക്കുഴി തൊണ്ടു വീതികൂട്ടി റോഡു നിർമ്മിക്കു ക.

**കലുങ്കുകൾ പാലങ്ങൾ നിർമ്മിക്കേണ്ട റോഡുകൾ**

കുമ്പളപ്പള്ളി - പൈലിത്താനം റോഡിൽ ഇടയോടി പ്പടിക്കൽ.

തൊട്ടിപ്പടി - മൂലേപ്പടി റോഡിൽ ചേരിപ്പടിയിൽ

മരോട്ടിപ്പുഴ - മണ്ണുക്കുന്ന് റോഡിൽ മരോട്ടിപ്പടിയിൽ.

പഴയ കെ. കെ. റോഡ് - മേലാട്ടുകുന്നിൽ റോഡിൽ വെട്ടിക്കുന്നേൻ പടിക്കൽ

ഐരാറ്റുനട - കുറ്റിക്കാട്ടുപടി റോഡ്

ഇറഞ്ഞാൽ - അയ്യനത്തുകാവു റോഡ്

തടത്തിമാക്കൽപടി

മാളിയേക്കൽപടി

അയ്മനത്തുപുഴ വട്ടമൂട് കടവ്.

ആറാംവാർഡിൽ കുറ്റിക്കാട്ടുപടിക്കൽ കലുങ്ക്

പത്താം വാർഡിൽ വട്ടമൂട് കടവ് പാലം

പതിനൊന്നാം വാർഡിൽ പൂഴിത്തറ പടിക്കൽ കലുങ്ക്

വടവാതൂർ കടത്ത് കടവിൽ 8, 9, വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന മേജർ പാലം

14-ാം വാർഡിൽ പാലൂർപ്പടി ഭാഗത്തും, ആശ്രമം കവലമുതൽ മച്ചുകാട് കലുങ്ക്‌വരെയുള്ള പി.ഡബ്ല്യു.ഡി. റോഡ് സൈഡിൽ ഓട തീർക്കണം

പുതുപ്പള്ളി - മണർകാട് തെങ്ങണാൽ റോഡിലെ മെറീനാ ഫാക്ടറിക്കു സമീപമുള്ള കലുങ്ക് നന്നാക്കുക.

**ടാർ/റീടാർ ചെയ്യേണ്ട റോഡുകൾ**

തൊട്ടിപ്പടി മൂലേൽപടി റോഡ്

പറപ്പള്ളിൽകുന്ന് പ്ലാക്കീൽപടി റോഡ്

അമ്പലപ്പടി പൊക്കണാമറ്റം റോഡ്

തുണ്ടിയിൽപ്പടി പാത്രപാങ്കൽപടി

കോട്ടമുറി നീലാണ്ടപ്പടി

പഴയിടത്തുപടി മാലം സ്കൂർ റോഡ്

പഴയ കെ. കെ. റോഡ്

വലിയഉഴം പട്ടിക വർഗ്ഗകോളനി റോഡ്

എരുമപ്പെട്ടി - കാട്ടിൽപ്പടി റോഡ്

പഴയ കെ. കെ. റോഡ് - ശങ്കരശ്ശേരി റോഡ്

പഴയ കെ. കെ. റോഡ് - മേലാട്ടുകുന്ന് റോഡ്

പഴയ കെ. കെ. റോഡ് - എരുമപ്പെട്ടി റോഡ്

പഴയ കെ. കെ. റോഡ് - ആറാംമൈൽ ലിങ്ക് റോഡ്

പെരുമാനൂർകുളം മേലാട്ടുകുന്ന് റോഡ്

മേലാട്ടുകുന്ന് പീടിയേക്കൽപടി റോഡ്

വെണ്ണാശ്ശേരി കൊച്ചുമറ്റം റോഡ്

വെണ്ണാശ്ശേരി - കടുവാക്കുഴി റോഡ്

ആറാംമൈൽ കടുവാക്കുഴി റോഡ്

എരുമപ്പെട്ടി കടുവാക്കുഴി റോഡ്

കല്ലുകാട് തലപ്പാടി റോഡ്

ഐരാറ്റുനട കുറ്റിക്കാട്ടുപടി റോഡ്

മണ്ണൂപ്പറമ്പിൽപടി ഈരേച്ചേരിൽപടി റോഡ്

ഐരാറ്റുനട അയർക്കാട് കുന്ന് റോഡ്

ഐരാറ്റുനട ബ്രദറൺപള്ളി റോഡ്

തോട്ടത്തിൽപ്പടി തേമ്പ്രവാൽ ചിറ റോഡ്

പാറേൽപടി മൂലേൽപടി റോഡ്

ഐരാറ്റുനട മൂലേൽപടി റോഡ്

പള്ളിക്കുളം പാലമുറി റോഡ്

കണിയാംകുന്ന് തോട്ടത്തിൽപടി റോഡ്

തടത്തിമാക്കൽപടി - മൂലേൽപടി റോഡ്

പൈനുങ്കൽപടി തടത്തിമാക്കൽപടി റോഡ്

കാലുകടവിൽപടി ഇരേച്ചേരിൽപടി റോഡ്

തോട്ടത്തിൽപടി കല്ലുവെട്ടം റോഡ്

തടത്തിൽപടി പാച്ചുപ്പടി റോഡ്

മേച്ചേരിപ്പടി തെക്കേക്കുഴിപ്പടി റോഡ്

കെ. ജെ. മാണി - പാരഗൺപടി റോഡ്

കരിമ്പനത്തറപടി - ചെമ്മാത്തുപടി റോഡ്

ചാവച്ചേരിൽപടി - വട്ടമല കോളനി റോഡ്

മാളിയേക്കൽപടി - കൊക്കരവാലേൽപടി

കുതിരക്കല്ലേൽപടി - പാരഗൺപടി റോഡ്

കാവുംപടി - വാര്യംപടി റോഡ്

തേമ്പ്രവാൽകടവ് പാലൂർപടി റോഡ്

ഇ. എസ്. ഐ. കരിപ്പാൽകടവ്

മാമൂട്ടിൽപടി കരിപ്പാൽപടി റോഡ്

പാറമ്പുഴ ആശുപത്രി റോഡ്

പാണമ്പറമ്പിൽ പെരിങ്ങള്ളൂർ ലിങ്ക് റോഡ്

ചെട്ടിയിൽപടി പുതിയ വീട്ടിൽപടി റോഡ്

എലിപ്പുലിക്കാട്ടുകടവ് മേലേട്ടുപടി റോഡ്

വട്ടേട്ടുപടി പാലക്കാട്ടുപടി റോഡ്

കാരാണി കലുങ്ക് കടത്തുകടവ് റോഡ്

കാർത്തികപ്പള്ളി താന്നിക്കൽപടി റോഡ്

പൊൻപള്ളി ചെമ്പോലറോഡ്

ഞാറയ്ക്കൽചിറ കൊല്ലക്കൊമ്പ് റോഡ്

കളത്തിൽപ്പടി പൊൻപള്ളി റോഡ്

കെ. കെ. റോഡ് പാറേപ്പടി ഗിരിദീപം റോഡ്

ഇറഞ്ഞാൽ വെട്ടിക്കൽ റോഡ്

മൈലക്കൽപടി മധുരംകടവ് റോഡ്

തോണിക്കടവ് മാങ്ങാനം ലിങ്ക് റോഡ്

വട്ടവേലി ഉണ്ണിക്കുന്ന് റോഡ്

ആനത്താനം മാധവൻകോളനി റോഡ്

മറ്റത്തിൽകുന്ന് താമരശ്ശേരി റോഡ്

പുതുശ്ശേരി - തകടി റോഡ്

ലക്ഷംവീട് മുണ്ടകപ്പാടം റോഡ്

അപ്പോസ്തോലിക് ചർച്ച് വടക്കുംതല റോഡ്.

മാങ്ങാനം തറയിൽറോഡ്

പാലച്ചുവട് - സെമിത്തേരി റോഡ്

മാങ്ങാനം - കളമ്പുകാട്ടുകുന്ന്

മന്ദിരംകവല പേഴുവേലിക്കടവ്

കൈതയിൽകുന്നു റോഡ്

അപ്പോസ്തോലിക് ചർച്ച് - മറ്റം റോഡ്

പാലച്ചുവട് - ചിറയിൽ റോഡ്

നടയിൽപ്പടി - വേലങ്ങാട്

കോട്ടപ്പടി - തേവർകുന്ന്

ചടച്ചിറ - മച്ചുകാട് റോഡ്

## ഊർജ്ജം

വിജയപുരം പഞ്ചായത്തിലെ പ്രധാന ഊർജ്ജ സ്രോതസ്സുകൾ റബ്ബർതടി, തെങ്ങുല്പന്നങ്ങൾ തുടങ്ങിയവയാണ്. റബ്ബർതടി വ്യാപകമായി ഉള്ളതുകൊണ്ട് വിറക് സുലഭമാണ്. തൊണ്ട്, ചിരട്ട, ഓലമടൽ എന്നിവയും സാധാരണവീടുകളിൽ ഇന്ധനമായി ഉപയോഗിക്കുന്നു. വർഷകാലങ്ങളിലെ ഉപയോഗത്തിനായി ഇവ ശേഖരിച്ചു വയ്ക്കുന്ന പതിവ് പ്രചാരത്തിലുണ്ട്. പഞ്ചായത്തിലെ ഇടത്തരം, ചെറുകിട ഹോട്ടലുകളിലും, ചായക്കടകളിലും റബ്ബർ വിറക് ധാരാളമായും ഉപയോഗിക്കപ്പെടുന്നു. പഞ്ചായത്തിന്റെ ചിലപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ചൂളകളിൽ തെങ്ങിൻ തടിയാണ് മുഖ്യ ഇന്ധനം.

തടിമില്ലുകൾ, റബ്ബർ ബാൻഡു നിർമ്മാണസ്ഥാപനങ്ങൾ ചെറുതും ഇടത്തരവുമായ എൻജിനീയറിംഗ് സ്ഥാപനങ്ങൾ, ധാന്യം പൊടിക്കുന്ന സ്ഥാപനങ്ങൾ, ഓയിൽമില്ലുകൾ എന്നിവ വൈദ്യുതി ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. ഇടത്തരം ചെരുപ്പുനിർമ്മാണ ഫാക്ടറികൾ, റബ്ബർ മിക്സിംഗ് യൂണിറ്റുകൾ, ക്രീപ്പുമില്ലുകൾ തുടങ്ങി വൻകിട വ്യവസായസ്ഥാപനമായ എം.ആർ.എഫ്. വരെയുള്ള സ്ഥാപനങ്ങൾ വൈദ്യുതിയാണ് ആശ്രയിക്കുന്നത്.

ഗാർഹിക ആവശ്യങ്ങൾക്ക് വിറകും, പാചകവാതകവും, ബയോഗ്യാസും, മണ്ണെണ്ണയും, വൈദ്യുതിയും ഉപയോഗിക്കപ്പെടുന്നുണ്ട്. വീടുകളിൽ പാചകാവശ്യങ്ങൾക്ക് ഏറ്റവുംകൂടുതൽ ഉപയോഗിക്കപ്പെടുന്നത് അറക്കപ്പൊടിയും വിറകുമാണ്. പാചകവാതകം ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിവരുന്നുണ്ട്. ചെറിയ വിഭാഗം ഇടത്തരം കുടുംബങ്ങളും സാമ്പത്തിക ശേഷിയുള്ളവരും പൂർണ്ണമായും പാചകവാതകമാണം പ്രധാനമായും ഉപയോഗിക്കുന്നത്. വെളിച്ചം ഒഴികെയുള്ള ഗാർഹികാവശ്യങ്ങൾക്ക് വൈദ്യുതി ഉപയോഗിക്കുന്നവരുടെ എണ്ണം കുറവാണ്. മണ്ണെണ്ണയുടെ ഉപയോഗം വ്യാപകമായിട്ടുണ്ട്.

### ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

വൈദ്യുതിക്ഷാമം പരിഹരിക്കാത്തതുമൂലം തുടർച്ചയായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ലോഡ്ഷെഡിംഗ് വീടുകളിൽ കുട്ടികളുടെ വിദ്യാഭ്യാസമുൾപ്പെടെ പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. വ്യാവസായികരംഗത്തും ഇതുമൂലം പ്രശ്നങ്ങൾ കൂടുതലായിക്കൊണ്ടിരിക്കുന്നു. വഴിവിളക്കുകൾ വേണ്ടവിധം പ്രവർത്തിക്കുന്നില്ല.

### പരിഹാരനിർദ്ദേശങ്ങൾ

1. കണിയാംകുന്ന് കേന്ദ്രമാക്കി ഉടനടി ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
2. കണിയാംകുന്ന് തോട്ടത്തിൽപടി റോഡിൽ ത്രീഫേസ് സംവിധാനം ഉണ്ടാക്കുക.
3. വർങ്ങണാകുന്ന്, തടത്തിമാക്കൽകുന്ന്, കല്ലുവെട്ടം എന്നീ സ്ഥലങ്ങളിൽ ഉടനടി വൈദ്യുതി എത്തിക്കുക.

കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം, സോഡിയം വേപ്പർ ലാമ്പുകൾ വ്യാപിപ്പിക്കണം, എല്ലാ വിടുകളിലും വൈദ്യുതി എത്തിക്കണം. ട്യൂബ് ലൈറ്റുകൾ കവലകളിലെല്ലാം സ്ഥാപിക്കണം. ത്രീഫേസ് ലൈനുകൾ കൂടുതലായി ഏർപ്പെടുത്തണം.

വ്യവസായ ആവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷൻ നല്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. പല പ്രദേശങ്ങളിലും വളരെ പഴക്കംചെന്നതും വണ്ണം കുറഞ്ഞതുമായ കമ്പികളിൽകൂടി വൈദ്യുതി വിതരണം നടത്തുന്നതുമൂലം കമ്പികൾ പൊട്ടുന്നതിനും വോൾട്ടേജ് ക്ഷാമം ഉണ്ടാക്കുന്നതിനും ഇടയാകുന്നു. ആയതിനാൽ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ വണ്ണംകൂടിയ വൈദ്യുതി ലൈനുകൾ സ്ഥാപിക്കുകയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി കൂടുതൽ സ്ഥലങ്ങളിലേക്ക് ത്രീഫേസ് ലൈനുകൾ നീട്ടുകയും ചെയ്യണം. കാലാകാലങ്ങളിൽ ടച്ചിംഗ് വെട്ടി വൈദ്യുതി പ്രസരണ നഷ്ടം ഉണ്ടാകുന്നത് തടയുവാനുള്ള നടപടി സ്വീകരിക്കണം. പഞ്ചായത്തിലെ എല്ലാ റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം. വലിയ ഉഴം പട്ടിക വർഗ്ഗ കോളനി, ചെമ്പോല സെറ്റിൽമെന്റ് കോളനി, മാങ്ങാനം ലക്ഷ്വീട് കോളനി തുടങ്ങിയ സ്ഥലങ്ങളിൽ അടിയന്തിരമായി ട്രാൻസ്ഫോർമർ സ്ഥാപിക്കണം. വളരെയധികം വ്യവസായ ശാലകളും ഗാർഹിക ഉപയോക്താക്കളുമുള്ള വിജയപുരം പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മണർകാട് കവലയോടു ചേർന്ന് ഒരു 66KV സബ്സ്റ്റേഷൻ സ്ഥാപിക്കണം. ഇതിന്റെ പ്രയോജനം പുതുപ്പള്ളി, അയർക്കുന്നം തുടങ്ങിയ പഞ്ചായത്തുകൾക്കും ലഭിക്കുന്നതാണ്. ഈ പഞ്ചായത്തിലെ നിരവധി സ്ഥലങ്ങളിൽ നാളിതുവരെയായി വൈദ്യുതി എത്തിയിട്ടില്ല ദുർബല വിഭാഗക്കാരായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ശങ്കരശേരി, മേലാട്ടുകുന്ന് വറങ്ങണകുന്ന് കാർമ്മൽവില്ല ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കണ്. സോളാർ വിളക്കുകളും, സോളാർ അടുപ്പുകളും

സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യത്തിന് ഉപകരിക്കത്തക്കവിധം ഒരു പാചക വാതക വിതരണ കേന്ദ്രം സർക്കാർ ഉടമസ്ഥതയിൽ തുടങ്ങേണ്ടതാണ്.

മാർക്കറ്റ്

പഞ്ചായത്തിൽ പൊതു മാർക്കറ്റുകൾ ഒന്നുംതന്നെയില്ല. പൊതു മാർക്കറ്റുകൾ സ്ഥാപിക്കണം എന്ന ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ കാർഷിക മേഖലകൾ കൂടുതൽ അഭിവൃദ്ധിപ്പെടുകയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രയോജനപ്പെടുകയും ചെയ്യും.

വഴിയോരങ്ങളിൽ അനധികൃതമായി മൃഗങ്ങളെ കശാപ്പുചെയ്യുന്നത് ഈ പഞ്ചായത്തിലെ ഒരു സ്ഥിരം കാഴ്ചയാണ്. ഇത് നിരോധിക്കുന്നതിനുവേണ്ടിയും ഗുണമേന്മയുള്ള മാംസം ലഭ്യമാക്കുന്നതിനുവേണ്ടിയും ആധുനിക രീതിയിലുള്ള ഒരു അറവുസാല ഈ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്.

ഈ പ്രദേശത്ത് ഉള്ള കൃഷിക്കാർക്ക് അവരുടെ ഉല്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിൽക്കുന്നതിനും പൊതു ജനങ്ങൾക്ക് പച്ചക്കറിയും മത്സ്യമാംസാദികളും മറ്റും ന്യായമായ വിലയ്ക്ക് വാങ്ങുന്നതിനും സൗകര്യപ്രദമായ രീതിയിൽ ഈ പഞ്ചായത്തിന്റെ പ്രധാന കവലകളോടു ചേർന്ന് പൊതു മാർക്കറ്റുകൾ സ്ഥാപിക്കേണ്ടതാണ്. ഇതുമൂലം തങ്ങളുടെ ഉല്പന്നങ്ങളുമായി കോട്ടയംപട്ടണത്തിലുള്ള മാർക്കറ്റിൽ എത്തി വില്പന നടത്തുന്ന സാധാരണക്കാരനായ കൃഷിക്കാർക്ക് വളരെയധികം ആശ്വാസവും സാമ്പത്തിക ലാഭവും ഉണ്ടാകും.

പഞ്ചായത്തിന്റെ ഏഴാം വാർഡിൽപ്പെട്ട കണിയാംകുളം നികത്തി മാർക്കറ്റു സ്ഥാപിക്കുക. പഞ്ചായത്താഫീസിനു സമീപമുള്ള നിലം അക്വയർചെയ്തു ഇവിടെ ആധുനികരീതിയിലുള്ള മാർക്കറ്റും അറവുശാലയും സ്ഥാപിക്കുക.



എം.ആർ.എഫ്. വടവാതൂർ

# 5 (7)

# പാർപ്പിടവും, സാമൂഹ്യക്ഷേമവും



ഗ്രാമസഭകൾ നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ പൊതുവെ:-

1. വീടുകൾ ഇല്ലാത്തവർക്ക് വീടു വയ്ക്കുന്നതിന് ധനസഹായവും കുറഞ്ഞ നിരക്കിൽ വായ്പ സൗകര്യവും ഏർപ്പെടുത്തണം. IRDP സർവെ പ്രകാരം ഈ പഞ്ചായത്തിൽ 802 വീടുകൾ പുതുതായി നിർമ്മിക്കണം എന്നാൽ യഥാർത്ഥ കണക്കു പ്രകാരം 4000 ഓളം വീടുകൾ നിർമ്മിക്കേണ്ടതാണ്. - ഒന്നാം വാർഡിൽ 100 ഉം, രണ്ടാം വാർഡിൽ 176ഉം 5-ാം വാർഡി 82 ഉം, 7-ാം വാർഡിൽ 203ഉം ബാക്കിയുള്ളത് മറ്റു വാർഡുകളിലും ഇതിനു പുറമെ ഒരു വീട്ടിൽതന്നെ താമസിക്കുന്ന ഒന്നിൽ കൂടുതലുള്ള വീട്ടുകാർക്കും പ്രത്യേകം വീടുകൾ ഉണ്ടാക്കണം. അഞ്ചാം വാർഡിലും ആറാം വാർഡിലും പതിനൊന്നാം വാർഡിലും ലക്ഷംവീടുകോളനി സെറ്റിൽമെന്റ് കോളനി ഹരിജൻകോളനി എന്നിവിടങ്ങളിലാണ് ഈ ആവശ്യം എടുത്തു പറഞ്ഞിരിക്കുന്നത്.
2. ഓലമേഞ്ഞ വീടുകൾ വാസയോഗ്യമായി പുതുക്കിപണിയുന്നതിനും അറ്റകുറ്റപ്പണികൾ ആവശ്യമുള്ളവർക്കും ധനസഹായം ലഭ്യമാക്കുക.
3. കിണറുകൾ നന്നാക്കുന്നതിനും പുതുതായി കിണറുകൾ കുത്തുന്നതിനുമുള്ള ധനസഹായം നൽകുക.
4. കക്കൂസുകൾ നിർമ്മിച്ചു കൊടുക്കണം.
5. പ്രളയക്കെടുതിയിൽനിന്ന് സംരക്ഷണം ലഭിക്കുന്നതിനുള്ള ആശ്വാസ കേന്ദ്രം സ്ഥാപിക്കണം.
6. പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കണം.
7. വൈദ്യുതിയും ശുദ്ധജലവും എത്തിച്ചു കൊടുക്കണം.
8. ഭവന നിർമാണ വായ്പപാചട്ടങ്ങൾ ലഘൂകരിക്കണം.
9. ഭവന നിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണം.
10. ഭവന നിർമ്മാണ സഹകരണ സംഘം ആരംഭിക്കണം.
11. ജനങ്ങൾ തിങ്ങിപാർക്കുന്ന 11-ാം വാർഡിൽ സ്ഥിതിചെയ്യുന്ന മുനിസിപ്പൽ ഗാർബേജ് ഡബിഗ് യാർഡിൽനിന്നും സമീപ ഫാക്ടറികളിൽനിന്നും ഉണ്ടാകുന്ന ഹാനികരമായ മലിനീകരണം ഇല്ലാതാക്കുന്നതിന് നടപടി എടുക്കണം.

സാമൂഹ്യക്ഷേമം പരിപാടികളിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

ഒന്നാം വാർഡ് പൊടിമറ്റത്തും പറപ്പള്ളികുന്നിലും അംഗൻവാടികൾ വേണം. അരീപ്പറമ്പ് പബ്ലിക്കു ലൈബ്രറിയോടു ചേർന്നുള്ള നേഴ്സി സ്കൂൾ ഗവ. പ്രീ പ്രൈമറിയായി ഉയർത്തി ഗവ ഹൈസ്കൂളിനോടു ബന്ധിപ്പിക്കുക. അമ്പലപ്പടിയിലെ മഹിളാസമാജം അംഗൻവാടിയാക്കുക. NSS കരയോഗത്തിലെ നേഴ്സറി സ്കൂളിന് അംഗീകാരം നൽകുക.

രണ്ടാം വാർഡിൽ അംഗൻവാടി ആരംഭിക്കുക. മൂന്നാം വാർഡിൽ ബാലവാടി സ്ഥാപിക്കണം. നാലാം വാർഡിൽ റിക്രിയേഷൻ സെന്റർ സ്ഥാപിക്കണം. അഞ്ചാം വാർഡിൽ അംഗൻവാടിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ബാലവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എട്ടാം വാർഡിൽ അംഗൻവാടി ആരംഭിക്കണം. മറ്റാവശ്യങ്ങൾ: വാർദ്ധക്യകാല പെൻഷനും, വികലാംഗ പെൻഷനും അർഹരായവർക്ക് അനുവദിച്ച് വിതരണം ചെയ്യുന്നതിന് ക്രമീകരണങ്ങൾ ചെയ്യണം. മാങ്ങാനത്ത് ഒരു വൃദ്ധപരിപാലന മന്ദിരം ആരംഭിക്കണം.

വൈദ്യുതി ആവശ്യമുള്ളിടത്ത് എത്തിച്ചു കൊടു

ക്കണം. അതുപോലെ ജലവിതരണവും. അഞ്ചാം വാർഡിൽ ന്യായവിലഷോപ്പ് എരുമപ്പെട്ടിയിൽ സ്ഥാപിക്കണം. സാമ്പത്തികശേഷി കുറഞ്ഞ വനിതകളുടെ വിവാഹത്തിന് സാമ്പത്തിക സഹായം അനുവദിക്കണം. അഞ്ചാം വാർഡിലും, ഏഴാം വാർഡിലും PHC ആരംഭിക്കണം. പത്താം വാർഡിൽ ആയുർവേദ ഡിസ്പൻസറിയും ഹോമിയോ ഡിസ്പൻസറിയും ആരംഭിക്കണം. ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തണം. പന്ത്രണ്ടാം വാർഡിൽ കമ്യൂണിറ്റി ഹാൾ, ലൈബ്രറി, സ്പോർട്ട്സ് ക്ലബ്ബ് ഇവ ആവശ്യമാണ്.

വിജയപുരം വില്ലേജ് ഓഫീസിന്റെ ചുറ്റുമതിൽ ഉയരംകൂട്ടി പരിസര വാസികൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഒമ്പതാം വാർഡിൽ ലൈബ്രറി കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം. പതിനൊന്നാം വാർഡിൽ ഞാറയ്ക്കൽ ഭാഗത്ത് ഒരു സാംസ്കാരിക നിലയം സ്ഥാപിക്കണം.

ഏഴ്, പതിമൂന്ന് വാർഡുകളിൽ സാംസ്കാരിക കേന്ദ്രം ആരംഭിക്കണം.

പതിനഞ്ചിലധികം വാർഡുകളിലായി വിസ്തൃതമായികിടക്കുന്ന കോട്ടയം ജില്ലയിലെ ഏറ്റവും വലിയ പഞ്ചായത്തുകളിലൊന്നായ വിജയപുരം പഞ്ചായത്തിന് ഇന്ന് ആഫീസ് സ്ഥലസൗകര്യം ആവശ്യത്തിനില്ലാത്തത് ജീവനക്കാർക്കും, പൊതുജനങ്ങൾക്കും ഒരുപോലെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഫയലുകൾ കൂമ്പാരം കൂട്ടിയിരിക്കുന്ന മുറികളിൽ ജോലി ചെയ്യുന്നത് ജീവനക്കാർക്ക് ദുസ്സഹമായിത്തീർന്നിരിക്കുന്നു. വിശാലമായ ഒരു കോൺഫറൻസ് ഹാൾ ഇല്ലാത്തതും കമ്മറ്റിയംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു. ഇതിനൊക്കെ ശാശ്വത പരിഹാരമായി പഞ്ചായത്ത് ഓഫീസ് മാറ്റി ആധുനിക സൗകര്യങ്ങളോടുകൂടി പണിയേണ്ടിയിരിക്കുന്നു. ഇതിനാവശ്യമായ സ്ഥലം പഞ്ചായത്തിന്റെ കൈവശമുണ്ട്. മാത്രമല്ല മണർകാട് കവലയിൽ നൂറുകണക്കിന് ഓട്ടോറിക്ഷാ ടാക്സി കാറുകൾ, മിനി ലോറികൾ മുതലായ വാഹനങ്ങൾക്ക് പാർക്ക് ചെയ്യാൻ ഇടമില്ലാതെ ബുദ്ധിമുട്ടുന്നതിനാൽ പ്രസ്തുത വാഹനങ്ങൾക്ക് പാർക്കുചെയ്യുന്നതിനായി ഇപ്പോൾ പഞ്ചായത്തുകെട്ടിടം ഇരിക്കുന്ന സ്ഥലത്തോടു ചേർന്നുള്ള നിലം അക്വയർ ചെയ്തെടുത്താൽ സാധിക്കും. ഇവിടെ ഒരു ആധുനിക സൗകര്യത്തോടുകൂടിയ മാർക്കറ്റും സ്ഥാപിക്കാം. അതുപോലെതന്നെ ബസ്റ്റാന്റ് വികസനത്തോടനുബന്ധിച്ച് പഞ്ചായത്ത് കമ്യൂണിറ്റി ഹാളിന്റെ ഒരു ഭാഗം പൊളിച്ചുകളയുന്നതിനാൽ ആധുനിക രീതിയിലുള്ള ഒരു കമ്യൂണിറ്റി ഹാൾ പഞ്ചായത്തിന്റെ തന്നെ മണർകാട് കവലയ്ക്ക് സമീപമുള്ള സ്ഥലത്ത് നിർമ്മിക്കണം. നിലവിലുള്ള കമ്യൂണിറ്റി ഹാൾ ഷോപ്പിംഗ് കോംപ്ലക്സാക്കി മാറ്റിയെടുക്കണം. മറ്റൊന്ന് പഞ്ചായത്തു വക മണർകാടു കവലയ്ക്ക് സമീപമുള്ള 62 സെന്റ് സ്ഥലത്ത് ഷോപ്പിംകോംപ്ലക്സ് കം ഓഫീസ് ബിൽഡിംഗ് നിർമ്മിച്ചാൽ ഇന്ന് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇലക്ട്രിസിറ്റി ഓഫീസ്, പോലീസ് സ്റ്റേഷൻ, പോസ്റ്റ് ഓഫീസ് എന്നീ സ്ഥാപനങ്ങൾ ഇവിടേക്കു മാറ്റി സ്ഥാപിക്കാനും ഒരു മിനി സിവിൽസ്റ്റേഷനായി ഇതു ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുവാനും സാധിക്കും.

# 5 (8)

# സംസ്കാരം



ജനകീയ ആസൂത്രണത്തിൽ 12 വിഷയങ്ങളെക്കുറിച്ച് പരിചിന്തനം ചെയ്യുവാനുള്ളതിൽ സുപ്രധാനമായ ഒന്നാണ് സംസ്കാരം. ഒരു പഞ്ചായത്തിന്റെ സംസ്കാരം ആ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്ന വായനശാലകൾ, ഗ്രന്ഥശാലകൾ, ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബുകൾ, ആരാധനാലയങ്ങൾ, അവയിലെ ഉത്സവങ്ങൾ, പഞ്ചായത്തിലെ മതപരവും, ജാതിപരവുമായ അവസ്ഥ. സാംസ്കാരിക സംഘടനകൾ, നാടൻകലകൾ, കായികമത്സരങ്ങൾ, സ്ത്രീകളുടെ വായനാശീലം വാർഡുകളിൽ അഥവാ പഞ്ചായത്തിൽ പൊതുവായി നടക്കുന്ന ആഘോഷങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി വിലയിരുത്താവുന്നതാണ്.

പഞ്ചായത്ത് അടിസ്ഥാനത്തിൽ വിജയപുരം പഞ്ചായത്ത് ഓഫീസിനോട് അനുബന്ധിച്ച് ഒരു സാംസ്കാരിക നിലയം സ്ഥാപിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. വായനശാലയുടെയും, റ്റി. വി. പരിപാടികളുടെയും പ്രയോജനം ജനങ്ങൾക്ക് ഇതിൽ നിന്നും ലഭിക്കുന്നു.

ഇപ്പോൾ വിവിധ വാർഡുകളിലായി, താഴെ പ്രതിപാദിച്ചിട്ടുള്ള വായനശാലകളും, ഗ്രന്ഥശാലകളും, ക്ലബ്ബുകളും പ്രവർത്തിച്ചു വരുന്നു. ഗ്രാമസഭകളിൽ നടത്തിയിട്ടുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ അതാതു വാർഡുകളിൽ നടപ്പിലാക്കേണ്ട നിർദ്ദേശങ്ങളും ഇതോടൊപ്പം ചേർക്കുന്നു.

വാർഡ് ഒന്ന്

ഇവിടെ അരീപ്പറമ്പ് പബ്ലിക് ലൈബ്രറി പ്രവർത്തിച്ചു വരുന്നു. എന്നാൽ വിവിധ സാംസ്കാരിക പ്രവർത്തനങ്ങൾക്കായുള്ള കേന്ദ്രമായി ഈ പ്രസ്ഥാനത്തെ വികസിപ്പിക്കണം. ടെലിവിഷൻ സെറ്റ് പ്രവർത്തിയ്ക്കുന്ന വായനശാലയും ലൈബ്രറിയും കൂടുതൽ കാര്യക്ഷമമാക്കണം. നിലവാരമുള്ള പുസ്തകങ്ങൾ വാങ്ങി ലൈബ്രറി വികസിപ്പിക്കേണ്ടതാണ്. സ്ത്രീകളുടെ വായനാശീലം പ്രോത്സാഹിപ്പിക്കുവാൻ തക്കവണ്ണം അവരുടെ അഭിരുചിക്ക് യോജിച്ച പുസ്തകങ്ങൾ ശേഖരിയ്ക്കണം. കുട്ടികൾക്കുവേണ്ടി ബാലസാഹിത്യ കൃതികളും ചിത്രകഥാപുസ്തകങ്ങളും ശേഖരിക്കണം. ഈ രണ്ടു കാര്യങ്ങൾ എല്ലാ വായനശാലകൾക്കും പൊതുവായി അംഗീകരിക്കേണ്ട സംഗതികളാകയാൽ അവ വീണ്ടും ആവർത്തിക്കുന്നതല്ല. നാടൻ പാട്ടുകൾ, നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കൊയ്ത്തുപാട്ട്, ഞാറ്റുപാട്ട്, തിരുവാതിരപ്പാട്ടുകൾ മുതലായവ റെക്കാർഡ് ചെയ്തു സൂക്ഷിക്കുകയും, ഉപയോഗിക്കുകയും ചെയ്യണം. ഇതുപോലെതന്നെ മാർഗ്ഗംകളി, പരിചമുട്ടുകളി ഇവയെ പ്രോത്സാഹിപ്പിക്കുകയും, സ്കൂൾ യുവജനോത്സവങ്ങളിൽ അവതരിപ്പിക്കുന്നതിന് അവസരം ഉണ്ടാക്കേണ്ടതുമാണ്. അരീപ്പറമ്പ് പഞ്ചവാദ്യസംഘം ഇന്ന് പല സ്ഥലങ്ങളിലേക്ക് ചിന്നിപ്പോയി. ഈ കലയും ആയി ബന്ധമുള്ള ആളുകളെ പ്രോത്സാഹിപ്പിച്ച് പഞ്ചവാദ്യം പുനരുദ്ധരിക്കേണ്ടതാണ്. അരീപ്പറമ്പ് ക്ഷേത്രത്തോട് അനുബന്ധിച്ച് നടത്തിക്കൊണ്ടു വന്നിരുന്ന പരമ്പരാഗത കലയായ കൂത്ത് നിലനിർത്തുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതുപോലെ തന്നെ യോഗക്ഷേമസഭയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ള കഥകളി, ഭരതനാട്യം തുടങ്ങിയ കലകളെയും പരിപോഷിപ്പിക്കണം.

വാർഡ് രണ്ട്

മാലത്തു സ്ഥാപിച്ചിട്ടുള്ള മാലം പബ്ലിക് ലൈബ്രറി രണ്ടാം വാർഡിലെ ഒരു സാംസ്കാരിക കേന്ദ്രമാണ്. ഒരു വായനശാലയും, രണ്ടു ക്ലബ്ബുകളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. റേഡിയോയും, ടെലിവിഷൻ സെറ്റും വാങ്ങിവയ്ക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമാണ്. ലൈബ്രറിയിൽ, ഗുണനിലവാരമുള്ള കൂടുതൽ പുസ്തകങ്ങൾ വാങ്ങിയ്ക്കണം. കുട്ടികളുടെ പഠന കാര്യത്തിൽ കോട്ടം തട്ടാതെ ഉചിത

മായ സമയത്ത് റ്റി. വി. കാണുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുവാനും ബോധവത്കരണം നടത്തണം. മാലത്തു പ്രവർത്തിച്ചു വരുന്ന യുവഭാവന ബാലജനസഖ്യം ഓണക്കാലത്ത് കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും, വാർഷിക യോഗത്തോട് അനുബന്ധിച്ച് നാടകങ്ങളും മറ്റു കലാപരിപാടികളും സംഘടിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇവർക്ക് സാമ്പത്തിക സഹായം ആവശ്യമാണ്. രണ്ടാം വാർഡിൽ ഒരു സാംസ്കാരിക നിലയം പണിയുന്നതിനുള്ള സാമ്പത്തിക സഹായം നല്കേണ്ടതാണ്.

വാർഡ് മൂന്ന്

പട്ടികജാതി പട്ടികവർഗ്ഗ കോളനിയോട് അനുബന്ധിച്ച് ഒരു ടെലിവിഷൻ കേന്ദ്രമുണ്ട്. വായനക്കാർക്ക് പ്രയോജനപ്പെടത്തക്കവണ്ണം പത്രങ്ങളും മാസികകളും ഈ കേന്ദ്രത്തിൽ ലഭ്യമാക്കണം. മൂന്നാം വാർഡിന്റെ മദ്ധ്യത്തിലായി ഒരു സാംസ്കാരിക കേന്ദ്രം താമസിയാതെ ആരംഭിക്കണം.

നാലാം വാർഡ്

നാലാം വാർഡിൽ ഒരു റിക്രിയേഷൻ ക്ലബ്ബ് മെച്ചമായ നിലയിൽ നടത്തി വരുന്നു. ഇവിടെ റ്റി.വി. സെറ്റും, റേഡിയോയും പ്രവർത്തിക്കുന്നുണ്ട്. മറ്റു ഭാഗത്തുള്ള ക്രിക്കറ്റ് ക്ലബ്ബ് മെച്ചമായ നിലയിൽ പ്രവർത്തിച്ചു വരുന്നു.

അഞ്ചാം വാർഡ്

അഞ്ചാം വാർഡിൽ പഞ്ചായത്തുവക ഒരു സാംസ്കാരിക കേന്ദ്രവും ലൈബ്രറിയും പ്രവർത്തിക്കുന്നു. ഇവിടെ റ്റി. വി. സെറ്റ് പ്രവർത്തിക്കുന്നുണ്ട്. ലൈബ്രറിയ്ക്ക് ആവശ്യമായ പുസ്തകങ്ങളും ഫർണിച്ചറുകളും ലഭ്യമാക്കേണ്ടത് ഒരു അടിയന്തിരാവശ്യമാണ്. ഇപ്പോഴുള്ള റ്റി. വി. യിൽ വിവിധ ചാനലുകളിലുള്ള പരിപാടികൾ ലഭിക്കത്തവണ്ണം ഡിഷ് ആന്റിന സ്ഥാപിക്കണം. ആളുകൾക്ക് ഇരിക്കുന്നതിന് വേണ്ട ഫർണിച്ചറുകൾ വാങ്ങണം. കെട്ടിടത്തിന്റെ കേടുപാടുകൾ മാറ്റി കെട്ടിടം സൗകര്യപ്രദമാക്കുകയും ചെയ്യണം.

ആറാം വാർഡ്

ആറാം വാർഡിൽ പറയത്തക്ക സാംസ്കാരിക കേന്ദ്രങ്ങൾ ഒന്നും തന്നെയില്ല. ഒരു വായനശാല സ്ഥാപിച്ച്, അതിനോട് അനുബന്ധിച്ച് റേഡിയോയും, റ്റി. വി. സെറ്റും പ്രവർത്തിപ്പിക്കണം. കലകളെ പ്രോത്സാഹിപ്പിക്കണം. ആറാം വാർഡിൽ ഒരു പൊതു കളിസ്ഥലം നിർമ്മിക്കുക എന്നുള്ളത് ഗ്രാമസഭയുടെ ഒരു പ്രത്യേക നിർദ്ദേശമാണ്. കലകളെ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ഏഴാം വാർഡ്

ഏഴാം വാർഡിൽ ഒരു സാംസ്കാരിക നിലയം ഉടനെ സ്ഥാപിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കണം. അതിനോട് അനുബന്ധിച്ച് വായനശാല, ലൈബ്രറി എന്നിവ വേണം. റേഡിയോ, റ്റി. വി. സെറ്റുകൾ ഇവിടെ പ്രവർത്തിക്കണം. കാവുംപടി ഭാഗത്ത് ഇപ്പോൾ Y.M.A. എന്ന സാംസ്കാരിക കേന്ദ്രവും, അവിടെ വായനശാലയും പ്രവർത്തിച്ചുവരുന്നു. 1983 ൽ ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചതാണ്. ഏഴാം വാർഡിൽ സ്ഥാപിക്കുന്ന സാംസ്കാരിക കേന്ദ്രം വഴി ഓരോ മാസവും കലാസാംസ്കാരിക കായിക മത്സരങ്ങൾ സംഘടിപ്പിക്കണം. ചർച്ചകളും ബോധവത്കരണ സെമിനാറുകളും സംഘടിപ്പിച്ച് ജനങ്ങളുടെ സാംസ്കാരിക നിലവാരം ഉയർത്തണം.

മണർകാടു കവലയിലും, മണർകാടുപള്ളിക്കവലയിലും Piller Letter Box കൾ സ്ഥാപിക്കേണ്ടതാണ്. ഏഴാം വാർഡിൽ വികസന സമിതിക്ക് സ്വന്തമായി സ്ഥലം ഉണ്ട്. അവിടെ ഉചിതമായ കെട്ടിടം പണിയുന്നതിന് സാമ്പത്തി സഹായം നൽകണം.

എട്ടാം വാർഡ്

എടുത്തു പറയുവാൻ അർഹതയുള്ള യാതൊരു കലാസാംസ്കാരിക കേന്ദ്രങ്ങളും എട്ടാം വാർഡിൽ നിലവിലില്ല. ഏറ്റവും വേഗം ഒരു സാംസ്കാരിക നിലയം സ്ഥാപിച്ച് അവിടെ വായനശാലയും, ലൈബ്രറിയും, റേഡിയോ, ടി. വി. സെറ്റ് എന്നിവയും സ്ഥാപിക്കണം. സാംസ്കാരിക രൂപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട നടപടികളും സ്വീകരിക്കണം.

ഒമ്പതാം വാർഡ്

ഒൻപതാം വാർഡിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 10 സെൻറ് സ്ഥലം വാങ്ങി സാംസ്കാരിക നിലയം പണികഴിപ്പിച്ചിട്ടുണ്ട്. വായനശാലയും, ലൈബ്രറിയും പ്രവർത്തിച്ചു വരുന്നു. ജനങ്ങളുടെ സാംസ്കാരിക അഭിവൃദ്ധിയ്ക്കുവേണ്ടി റ്റി. വി. സെറ്റ് ഇപ്പോൾതന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പുതിയ പുതിയ സാംസ്കാരിക വേദികൾ നിലയത്തിൽ നടപ്പിൽ വരുത്തണം. നിലയത്തോടു ബന്ധപ്പെട്ട് "മാതൃഭൂമി സ്റ്റഡി സർക്കിൾ" പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ വളർച്ചയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കണം. സാംസ്കാരിക നിലയത്തിന് ചുറ്റുമതിൽ നിർമ്മിച്ചു കൊടുക്കേണ്ടതാണ്.

രണ്ടു വനിതാ ക്ഷേമ പ്രവർത്തന സംഘടനകൾ ഈ വാർഡിൽ ഉണ്ട്. വനിതകളുടെ കാലാസാംസ്കാ

രിക സാമ്പത്തിക ഉന്നമനത്തിനായി ഒരു പ്രോജക്റ്റ് തയ്യാറാക്കണം. അതിനുവേണ്ടി പണം കണ്ടെത്തണം.

പത്താംവാർഡ്

പത്താം വാർഡിൽ ലൈബ്രറിയും വായന ശാലയും നിലവിലുണ്ട്. റ്റി. വി. സെറ്റ്, റേഡിയോ എന്നിവ സ്ഥാപിക്കണം ഒരു കമ്യൂണിറ്റിഹാൾ ഈ വാർഡിൽ പണിയണമെന്ന് ഗ്രാമസഭ ശുപാർശ ചെയ്തിരിക്കുന്നു.

പതിനൊന്നാം വാർഡ്

പതിനൊന്നാം വാർഡിൽ വടവാതൂർ പബ്ലിക് ലൈബ്രറി പ്രവർത്തിക്കുന്നു. റ്റി. വി. സെറ്റ്, റോഡിയോ തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കണം. ഞാറയ്ക്കൽ കേന്ദ്രമാക്കി ഒരു സാംസ്കാരിക കേന്ദ്രം ഉണ്ടാക്കണം. ഭഗത് സിംഗ് ക്ലബ്ബ് ഈ വാർഡിൽ പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ കലാകായിക മത്സരങ്ങൾ സാമാന്യം നല്ല നിലവാരത്തിൽ നടത്തിവരുന്നു.

പന്ത്രണ്ടാം വാർഡ്

ഇപ്പോൾ പന്ത്രണ്ടാം വാർഡിൽ വായനശാലയോ ഗ്രന്ഥശാലയോ നിലവിലില്ല. വായനശാലയും ഗ്രന്ഥശാലയും സ്ഥാപിക്കണം. അവിടെ റേഡിയോയും, ടി. വി. സെറ്റും പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം. സ്ത്രീകളുടെ കലാകായിക വാസനകളെ പരിപോഷിപ്പിക്കത്തക്കവണ്ണം ഒരു മഹിളാസമാജം സ്ഥാപിക്കണം. ഒരു സഞ്ചരിക്കുന്ന ലൈബ്രറി നടപ്പിൽ വരുത്താമോ എന്ന് പരിശോധിക്കുന്നത് നല്ലതാണ്.

പതിമൂന്നാം വാർഡ്

പതിമൂന്നാം വാർഡിൽ പറയത്തക്കവിധം കലാസാംസ്കാരിക പരിപാടികൾ ഒന്നും തന്നെ സംഘടിപ്പിക്കപ്പെട്ടിട്ടില്ല. കോട്ടയം പബ്ലിക് ലൈബ്രറിയുടെ ഒരു ശാഖ ഇവിടെ പ്രവർത്തിക്കുന്നു. വായനശാലയും ഗ്രന്ഥശാലയും വികസിപ്പിക്കത്തക്കവണ്ണം കെട്ടിടം നിർമ്മിക്കുവാൻ സത്വര നടപടികൾ എടുക്കണം. റേഡിയോ, ടി. വി. സെറ്റുകൾ സ്ഥാപിക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം. പതിമൂന്നാം വാർഡിൽ ഒരു പൊതു കളിസ്ഥലം ഉണ്ട്. അതിന് ചുറ്റുമതിൽ കെട്ടി ഇൻഡോർ സ്റ്റേഡിയം സ്ഥാപിക്കണം.

പതിനാലാം വാർഡ്

പതിനാലാം വാർഡിൽ ഇപ്പോൾ സ്ഥിരമായി പ്രവർത്തിയ്ക്കുന്ന കലാസാംസ്കാരിക കേന്ദ്രങ്ങൾ ഒന്നുംതന്നെയില്ല. ഒരു ലൈബ്രറി സ്ഥാപിച്ച് അതിൽ വായനശാലയ്ക്കുള്ള സൗകര്യങ്ങൾ കൂടെ ക്രമീകരിക്കണം. റ്റി. വി. സെറ്റ് ഉടനെ തന്നെ സ്ഥാപിക്കണം. വനിതകൾക്ക് അനുയോജ്യമായ പുസ്തകങ്ങൾ വാങ്ങി അതു വായിക്കുവാൻ സ്ത്രീകൾക്കു ബോധവത്കരണം നടത്തണം. ഇപ്പോൾ വെൽഫെയർ സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് 20 സെന്റ് സ്ഥലം പ്രയോജനപ്പെടുത്താതെ കിടപ്പുണ്ട്. ആ സ്ഥലത്ത് ഒരു സാംസ്കാരിക കേന്ദ്രം പണിയാവുന്നതാണ്.

പതിനഞ്ചാം വാർഡ്

പതിനഞ്ചാം വാർഡിൽ ഇപ്പോൾ കാര്യമായി പ്രവർത്തിയ്ക്കുന്ന സാംസ്കാരിക കേന്ദ്രങ്ങൾ ഒന്നുംതന്നെ ഇല്ല. ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിച്ച് വായനശാലയും, ഗ്രന്ഥശാലയും, റ്റി. വി. സെറ്റും അതിൽ സ്ഥാപിക്കണം. ഒരു കലാക്ഷേത്ര കേന്ദ്രം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പതിനാലും, പതിനഞ്ചും വാർഡുകൾക്ക് പൊതുവായി ഒരു കളിസ്ഥലം നിർമ്മിക്കേണ്ടതാണ്.

പൊതുവെ എല്ലാ വാർഡുകളിലും കലാസാംസ്കാരിക കേന്ദ്രങ്ങൾ നിർമ്മിക്കുകയും, ലൈബ്രറി, വായനശാല, റേഡിയോ, റ്റി. വി. സെറ്റ് എന്നിവ സ്ഥാപിക്കുകയും ചെയ്യണം. ലൈബ്രറിയിൽ സ്ത്രീകൾക്കും, കുട്ടികൾക്കും അനുയോജ്യമായ പുസ്തകങ്ങളും മാസികകളും വാങ്ങിക്കുകയും അത് അവർക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

### ആരാധനാലയങ്ങളും അവയിലൂടെ ഉണ്ടാകുന്ന സാംസ്കാരികാഭിവൃദ്ധിയും

വിജയപുരം പഞ്ചായത്തിൽ താഴെ വിവരിക്കുന്ന വിവിധ ആരാധനാലയങ്ങൾ സ്ഥിതിചെയ്യുന്നു.

ക്ഷേത്രങ്ങൾ - 20

എപ്പിസ്കോപ്പൻ ചർച്ചുകൾ - 27

മറ്റ് സഭകൾ - 23

ഇവയോട് അനുബന്ധിച്ച് നടക്കുന്ന ഉത്സവങ്ങൾ, പെരുന്നാളുകൾ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, മനുഷ്യകാരുണ്യപരമായ പ്രവർത്തനങ്ങൾ ഇവ ഈ പഞ്ചായത്തിന്റെ സാംസ്കാരിക തലത്തിൽ കാര്യമായ പങ്കു വഹിക്കുന്നുണ്ട്.

ഈ പഞ്ചായത്തിലെ ക്ഷേത്രങ്ങളിൽ വിജയപുരം ശ്രീകൃഷ്ണ സ്വാമിക്ഷേത്രം, മണർകാട് ദേവീക്ഷേത്രം, അരീപ്പറമ്പ് മഹാദേവ ക്ഷേത്രം, മാങ്ങാനം ശ്രീ നരസിംഹ സ്വാമി ക്ഷേത്രം, വടവാതൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം എന്നിവ പ്രസിദ്ധങ്ങളാണ്.

വിജയപുരം ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം വകയായി ധാരാളം ഭൂ സ്വത്തുക്കൾ ഉണ്ടായിരുന്നു. എന്നാൽ ഭൂനിയമപരിഷ്കാരം നടപ്പിൽ വന്നപ്പോൾ

ഭൂ സ്വത്തുക്കൾ കൃഷിക്കാരുടെ വകയായിത്തീർന്നു. മണർകാടു കരയിൽ കാവുംപടിഭാഗത്തുള്ള മണർകാടു ദേവീക്ഷേത്രം മണർകാടും സമീപ പ്രദേശത്തും ഉള്ള കരക്കാരുടെ ആരാധനാലയമാണ്. വെമ്പലനാട്ട് തമ്പുരാനണ് ഈ ക്ഷേത്രം പണികഴിപ്പിച്ചത് എന്ന് വിശ്വസിക്കുന്നു. പിന്നീട് തെക്കുംകൂർ രാജാവിന്റെ അധീനതയിൽ ആയി. തിരുവിതാംകൂർ മഹാരാജാവ് തെക്കുംകൂർ രാജ്യംപിടിച്ചെടുത്തപ്പോൾ തിരുവിതാംകൂർ ദേവസ്വത്തിന് ക്ഷേത്രത്തിന്മേൽ ചില അവകാശങ്ങൾ ഉണ്ടായി. താന്നിയില്ലത്ത് ഇളയനന്മാരാണ് ഭഗവതീ ക്ഷേത്രത്തിലെ പൂജാരികൾ.

ഈ ക്ഷേത്രത്തിലെ പ്രധാന ഉത്സവങ്ങൾ മീനഭരണി, കുംഭഭരണി, പത്താം ഉദയം (ഏപ്രിൽ 23) ഊരുവലത്ത് എന്നിവയാണ്. ഉത്സവത്തോടനുബന്ധിച്ച് നടത്തുന്ന കുംഭകുട എഴുന്നള്ളിപ്പ്, പന്ത്രണ്ടു വർഷത്തിൽ ഒരിക്കൽ നടത്തുന്ന പതിനൊന്ന് ഗരുഡൻ ഇവ ക്ഷേത്രത്തിലെ പ്രത്യേക ചടങ്ങുകളാണ്.

മണർകാട് വി. മർത്ത മറിയം സുറിയാനിപ്പള്ളി ഈ രണ്ടു ക്ഷേത്രങ്ങളുടെ മധ്യഭാഗത്ത് 500 മീ. ഉള്ളിൽ സ്ഥിതി ചെയ്യുന്നു. അതിപുരാതനമായ ഈ ക്രിസ്ത്യൻ ദേവാലയത്തിൽ 2238 വീട്ടുകാർ ഇടവകക്കാരായിട്ടുണ്ട്. കേരളത്തിലെ എന്നു മാത്രമല്ല, അന്തർദേശീയ തലത്തിൽ പേരു കേട്ടിട്ടുള്ള ഒരു ദേവവാലയമാണിത്. സെപ്തംബർ 1 മുതൽ 8 വരെ തീയതികളിൽ പള്ളിയിൽ എല്ലാവർഷവും നടക്കുന്ന എട്ടുനോയമ്പും, 8ാം തീയതിയിലെ പ്രസിദ്ധമായ പെരുന്നാളും ആണ് ലക്ഷക്കണക്കിന് ആളുകളെ ഈ ദേവാലയത്തിലേക്ക് ആകർഷിക്കുന്നത്. അതിലുപരി ഈ ദേവാലയത്തിൽ വരുന്ന ആരാധകരിൽ 30% ത്തോളം അക്രൈസ്തവരായ ആളുകളാണ്. ഈ കാലഘട്ടത്തിൽ മണർകാടു പള്ളിയിൽ വരുന്ന ഹിന്ദു സഹോദരീ സഹോദരന്മാരിൽ ഭൂരിപക്ഷവും ഭഗവതീക്ഷേത്രത്തിലും ആരാധനയ്ക്കായി പോകാറുണ്ട്. സെപ്റ്റംബർ ആറാം തീയതി പള്ളിയിൽനിന്നും മണർകാട് കവലയിലുള്ള കുരിശുപള്ളിയിലേക്കു നടത്തുന്ന വർണ്ണ ശബളമായ റാസ വളരെ ആകർഷണീയമാണ്. 2000 ലധികം മുത്തുക്കുടകളും, മറ്റ് പള്ളി ഉപകരണങ്ങളുമായി പ്രാർത്ഥനാ ഗാനത്തോടും, വാദ്യമേളത്തോടും കൂടെ ചിട്ടയായി നടത്തുന്ന റാസ ആദ്ധ്യാത്മികത തുളുമ്പുന്ന ഒരു സാംസ്കാരിക ഘോഷയാത്രയാണ്. ഈ ദേവാലയത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഒരു First Grade College, ഹൈസ്കൂൾ, ഇംഗ്ലീഷ് മീഡിയം സ്കൂൾ, നേഴ്സിംഗ് സ്കൂൾ, ഐ. റ്റി. സി. എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളും, ആശുപത്രിയും, സാധുജനങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി നടത്തുന്ന വി. മർത്തമറിയം സേവികാ സംഘവും വിജയപുരം പഞ്ചായത്തിന്റെ മുഖച്ഛായയ്ക്ക് ശോഭ വർദ്ധിപ്പിക്കുന്നതാണ്. സേവകാസംഘത്തിൽ നിന്നും 100 നിർദ്ധന കുടംബങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ പ്രതിമാസം നൽകി വരുന്നു. ഈ വർഷംതന്നെ 8 നിർദ്ധനനർക്ക് ഭവനം നിർമ്മിച്ചു കൊടുത്തു ഇതിനകം 150 വീടുകൾ ഇപ്രകാരം സംഭാവനചെയ്തിട്ടുണ്ട്. കൂടാതെ വസ്ത്രസഹായം, ചികിത്സാസഹായം, വിവാഹ സഹായം എന്നിങ്ങിനെ പല പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഈ മൂന്ന് ആരാധനാലയങ്ങൾ ആവുന്നത്ര മണ്ഡലങ്ങളിൽ എല്ലാം സഹകരിച്ച് പ്രവർത്തിക്കുന്നു. അതുകൊണ്ടുതന്നെ ഈ പ്രദേശം മതസൗഹാർദ്ദത്തിന്റെ പ്രതീകമായി നിലകൊള്ളുന്നു.

ശ്രീകൃഷ്ണ ജയന്തിയോട് അനുബന്ധിച്ച്, മണർകാട് ഭഗവതീ ക്ഷേത്രവും, ശ്രീകൃഷ്ണ ക്ഷേത്രവും സന്ദർശിച്ച് നടത്താറുള്ള ശോഭായാത്ര അദ്ധ്യാത്മീക അന്തരീക്ഷത്തിൽ നടത്തുന്ന ആകർഷണീയമായ ഒരു സാംസ്കാരിക ഘോഷയാത്രയാണ്. ഇതുപോലെതന്നെ ഗുരുദേവമന്ദിരങ്ങളോട് ബന്ധപ്പെട്ട് ചതയ ദിനത്തിൽ നടത്താറുള്ള ഘോഷയാത്രകളും, ശ്രദ്ധേയമായ സാംസ്കാരിക പരിപാടികളാണ്.

കലാ സാഹിത്യ വിഷയങ്ങളിലും, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലും വൈദ്യശാസ്ത്ര രംഗത്തും മറ്റുമായിവ്യക്തി മുദ്രപതിപ്പിച്ചിട്ടുള്ള നിരവധി പ്രതിഭകളുള്ള പ്രദേശമാണിത്. ഓരോ രംഗത്തും പ്രശസ്തരായ ഏതാനും വ്യക്തികളെക്കുറിച്ച് മാത്രം ഇവിടെ പരാമർശിക്കുന്നു.

മലയാള കവികളിൽ പ്രശസ്തനായ പ്രൊഫ. സി. ജെ. മണ്ണുംമൂട് മണർകാട് നിവാസിയാണ്. ഡൽഹിയിൽ നടന്ന ഇൻഡ്യൻ ദേശീയ കവിസമ്മേളനത്തിൽ മലയാള കവികളെ പ്രതിനിധീകരിച്ച് കവിത അവതരിപ്പിച്ചിണ്ടുണ്ട്. ഇദ്ദേഹത്തിന്റെ "ചർക്കയുടെ സംഗീതം" എന്നകവിതയ്ക്ക് വിശാല കൈരളിയുടെ അവാർഡ് ലഭിച്ചിട്ടുണ്ട്.

നോവൽ സാഹിത്യകാരന്മാർ എന്നെ നിലിയൽ ശ്രീ മുകുന്ദൻ കാരാണിയും, ശ്രീ മണർകാട് വിജയനും വിജയപുരം പഞ്ചായത്തിന് അഭിമാനിക്കാവുന്ന പ്രതിഭകളാണ്. ശ്രീ വിജയന് മാമ്മൻമാപ്പിള അവാർഡ് ലഭിച്ചിട്ടുണ്ട്.

കഥാപ്രസംഗവേദിയിൽ സ്വന്തമായി ഒരു ശൈലി പരിപോഷിപ്പിച്ചെടുത്ത അഖിലേന്ത്യാ പ്രശസ്തനായ കാഥികൻ ശ്രീ. കോട്ടയം ബാബുരാജ് വിജയപുരം പഞ്ചായത്തിന്റെ ഉജ്ജ്വല പ്രതിഭയാണ്. ശ്രീ. ബാബുരാജ് അനേക വർഷങ്ങളിലെ അക്ഷീണപരിശ്രമ

ത്തിന്റെ ഫലമായി തയ്യാറാക്കിയ ''കോട്ടയം ജില്ലാ ഡയറക്ടറി'' ഒരു അമൂല്യ റഫറൻസ് ഗ്രന്ഥമാണ്. ഇപ്രകാരമുള്ള ഒരു പ്രസിദ്ധീകരണം ഇന്ത്യയിൽ ഇത് ആദ്യത്തേതാണ്.

കഥകളി പ്രസ്ഥാനത്തിന്റെ ഈറ്റില്ലമായ കേരള കലാമണ്ഡലത്തിലെ പ്രശസ്തനായ കഥകളിനടൻ ശ്രീ. കുറൂർ വാസുദേവൻ നമ്പൂതിരി ഈ പഞ്ചായത്തിൽ നട്ടാശ്ശേരി സ്വദേശിയാണ്. മാങ്ങാനം കൊച്ചുകൃഷ്ണപിള്ള, കലാനിലയം ഗോപാലകൃഷ്ണൻ, മാങ്ങാനം രാമപ്പിഷാരടി എന്നിവർ കഥകളി രംഗത്ത് പേരെടുത്തിട്ടുള്ള അനുഗൃഹീത നടന്മാരാണ്.

മാങ്ങാനത്ത് പൊതിയിൽ ചാക്യാരന്മാർ ക്ഷേത്രകലയായ ചാക്യാർകൂത്തിൽ പ്രശസ്തി നേടിയിട്ടുള്ളവരാണ്. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ കുഞ്ചൻനമ്പ്യാർ പൊതിയിൽ ചാക്യാന്മാരുടെ മിഴാവുകൊട്ടുകാരനായി മാങ്ങാനത്ത് താമസിച്ചതായി ഐതിഹ്യമുണ്ടെന്ന് ചിലർ പറയുന്നു. പൊതിയിൽ ചാക്യാന്മാരിൽ പ്രശസ്തനായ ശ്രീ പരമേശ്വര ചാക്യാർക്ക് കലാകാരന്മാർക്കുള്ള പെൻഷൻ ലഭിക്കുന്നു.

ക്രൈസ്തവരുടെ പൗരാണിക പാരമ്പര്യകലകളായ മാർഗ്ഗംകളിയും, പരിചമുട്ടുകളിയും പരിപോഷിപ്പിച്ചതിൽ ഈ പഞ്ചായത്തിലെ പായിക്കാട്ട് കുട്ടപ്പനാശ്ശാനും, പറമ്പുകര ആശാനും വഹിച്ചിട്ടുള്ള പങ്ക് സ്തുത്യർഹമാണ്.

പ്രസിദ്ധ ഹാസ്യ സാഹിത്യകാരനും, സിനിമാ നടനുമായിരുന്ന ശ്രീ. വാണക്കുറ്റിയും, പ്രസിദ്ധ സിനിമാ നടനായിരുന്ന ശ്രീ. പി. കെ. ഏബ്രഹാമും ഈ അവസരത്തിൽ സ്മരണീയരാണ്. പ്രസിദ്ധ പിന്നണി ഗായിക ശ്രീമതി ആലീസ് ഉണ്ണികൃഷ്ണൻ ലോക പ്രശസ്ത പോപ്പ് സംഗീത ഗായിക ശ്രീമതി ഉഷാഉതുപ്പ്, ദിവ്യചരിതംഎന്ന കാവ്യത്തിലൂടെ പ്രശസ്തനായ പൊയ്കയിൽ ശ്രീ പി. സി. മത്തായി എന്നിവരും ഈപഞ്ചായത്ത് നിവാസികളാണ്.

അരീപ്പറമ്പ് പഞ്ചവാദ്യസംഘം ഈ പഞ്ചായത്തിലെ മികവുറ്റ കലാസംഘമാണ്.

മേനാശ്ശേരി ശ്രീ. എം. സ്. കൃഷ്ണൻ മഞ്ഞപ്പിത്ത ചികിത്സാ രംഗത്തും, ശ്രീ. കുറു വൈദ്യൻ (കളത്തിൽപ്പടി) വിഷ ചികിത്സാ രംഗത്തും പ്രസിദ്ധി നേടിയിട്ടുള്ളവരാണ്. ആയുർവേദ ചികിത്സാ രംഗത്ത് മാലം വൈദ്യൻമാർ പ്രശസ്തരാണ്. പരേതനായ കെ. ആർ. രാമകൃഷ്ണൻ വൈദ്യർ പ്രത്യേകം സ്മരണീയനാണ്.

വിജയപുരം പഞ്ചായത്തിന്റെ ആദ്യ പ്രസിഡണ്ടും മുൻമന്ത്രിയുമായ ശ്രീ. എം. പി. ഗോവിന്ദൻനായർ മുൻ കോട്ടയം എം. എൽ. എ. പരേതനായ പി. പി. ജോർജ്ജ്, മുൻ എം. എൽ. സി. ശ്രീ. വട്ടപ്പറമ്പിൽ രാമൻനായർ, മുൻ പഞ്ചായത്തു പ്രസിഡണ്ടുമാരായിരുന്ന സർവ്വശ്രീ ടി. എ. കോര, എം. കെ. മാത്യു, കെ. എം. ഐപ്പ് എന്നിവർ ഈ പഞ്ചായത്തിന്റെ വളർച്ചയ്ക്ക് മഹത്തായ സംഭാവനകൾ നൽകിയവരാണ്.

മണർകാട് സെന്റ് മേരീസ് പള്ളി വികാരിയും ഉജ്ജ്വല വാഗ്മിയും സംഘാടകനുമായിരുന്ന വെട്ടിക്കുന്നേൽ കുറിയാക്കോസ് കത്തനാർ (വല്യച്ചൻ), മികച്ച സാമൂഹ്യ പ്രവർത്തകനായിരുന്ന ശ്രീ. ടി. സി. മൂസസ്, മുണ്ടകപ്പാടം അഗതിമന്ദിരത്തിന്റെ സ്ഥാപകനും കേരളാ മധ്യവർജ്ജനപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളിൽ പ്രഥമഗണനീയനുമായിരുന്ന ശ്രീ. പി. സി. ജോർജ്ജ് എന്നിവരും പ്രത്യേകം സ്മരണീയരാണ്.

സ്വാതന്ത്ര്യസമര സേനാനിയും എൻ. എസ്. എസ്. നേതാവുമായ ശ്രീ. എം. ആർ. ജി. പണിക്കർ, സ്വാതന്ത്ര്യസമരസേനാനിയായിരുന്ന ശ്രീ. പി. ജോൺതോമസ് പാറയിൽ, 1996-ലെ യുവജന ശാസ്ത്രജ്ഞർക്കുള്ള കേരളാ ഗവൺമെന്റിന്റെ അവാഡ് കരസ്ഥമാക്കിയ ശ്രീ ജോഷ്വാ ഏബ്രഹാം, സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ശ്രീ. ഏബ്രഹാം ഈപ്പൻ പാലാമ്പടം എന്നവരും വിജയപുരം പഞ്ചായത്തിന് അഭിമാനിക്കാവുന്ന വ്യക്തികളാണ്.

കൈസ്തവാശ്രമം മാങ്ങാനം

മാങ്ങാനം പ്രദേശത്ത് പ്രവർത്തിക്കുന്ന പല സംഘടനകളും വിജയപുരം പഞ്ചായത്തിന്റെ സാംസ്കാരിക രംഗത്തിന് വിലപ്പെട്ട സംഭാവനകൾ നല്കുവാൻ സഹായിച്ചിട്ടുണ്ട്. സാധു മത്തായിച്ചനും (ശ്രീ. കെ. ഐ. മത്തായി) ജോബ് അച്ചനും (റവ. ജെ. പി. മൂത്തേടത്ത്) റവ. കെ. കെ. ചാണ്ടിയും ചെർന്ന് ബേക്കർ മദാമ്മയുടെ (മിസ്. ഐ. എ. ബേക്കർ) സാമ്പത്തിക സഹായത്തോടെ 1938-ൽ മാങ്ങാനം ചലമ്പ്രക്കുന്നിൽ ക്രൈസ്തവാശ്രമം സ്ഥാപിച്ചു.

കേരള ബാലഗ്രാം, ഗുരുകുലം, ആശ്രമം പ്രസ്സ്, യു. പി. സ്കൂൾ, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പശു വളർത്തൽ കേന്ദ്രം, കൃഷിഫാം എന്നിവ ആശ്രമത്തിൻരെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇൻഡസ്ട്രിയൽ സ്കൂളിൽ പ്രിന്റിംഗ്, കമ്പോസിംഗ്, ബുക്ക് ബൈന്റിംഗ്, കാർപന്ററി മുതലായവയ്ക്ക് പരിശീലനം നല്കുന്നുണ്ട്. ബാലഗ്രാമിൽ വിവിധ ഭവനങ്ങളിലായി 80-ൽ അധികം കുട്ടികളെ സംരക്ഷിക്കുന്നുണ്ട്.

മുണ്ടകപ്പാടം അഗതിമന്ദിരം

യശ. ശരീരനായ പി. സി. ജോർജ്ജ് സാർ, അഗതിമന്ദിരം സ്ഥാപിച്ചു. പരസഹായം കൂടാതെ ജീവിക്കുവാൻ നിവർത്തിയില്ലാത്ത നിർധനരായവരെയും, രോഗികളെയും, ഇവിടെ സ്വീകരിച്ച് ശുശ്രൂഷിക്കുന്നു. മന്ദിരത്തിൽ ഇപ്പോൾ 120 അന്തേവാസികളുണ്ട്. ഇവരെ ശുശ്രൂഷിക്കുവാൻ 8 സേവിനിമാരും, 2 സെവിനി ട്രയനീസും ഒരു വാർഡനും സേവനമനുഷ്ഠിക്കുന്നു.

മന്ദിരം അന്തേവാസികൾക്കായി 1934-ൽ ആരംഭിച്ച ഡിസ്പെൻസറിയാണ് 200 കിടക്കകളോടുകൂടി, ആധുനീക സൗകര്യങ്ങൾ ഉള്ള ഇപ്പോഴത്തെ മന്ദിരം ആശുപത്രി.

ഇൻഡ്യൻ നേഴ്സിംഗ് കൗൺസിലിന്റെയും, കേരലാ ഗവൺമെന്റ് നേഴ്സിംഗ് ആന്റ് മിഡ്വൈഫ്സ് കൗൺസിലിന്റേയും അംഗീകാരമുള്ള ലേയാമ്മ മെമ്മോറിയൽ സ്കൂൾ ഓഫ് നേഴ്സിംഗ് ഹോം നേഴ്സിംഗിന്റെ പരിശീനലകേന്ദ്രം, ലാബററ്ററി ടെക്നീഷ്യൻസ് പരിശീലനകേന്ദ്രം എന്നിവയും മന്ദിരം ആശുപത്രിയോട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു കേന്ദ്രങ്ങളാണ്.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ കോട്ടയം കൊച്ചി ഭദ്രാസന ആസ്ഥാനമായ ബഥേൽ അരമന മാങ്ങാനത്താണ് സ്ഥിതിചെയ്യുന്നത്. ഈ ഭദ്രാസന ആസ്ഥാനം വഴിയായി വിജയപുരം പഞ്ചായത്തിൽ ലഭിക്കുന്ന സേവനങ്ങൾ താവെ വിവരിക്കുന്നു.

1. T. M. A. M Orientation Centre, Manganam

ഈ ഓറിയന്റേഷൻ സെന്ററിനോട് അനുബന്ധിച്ച് വളരെ വിപുലമായ ഒരു ലൈബ്രറി പ്രവർത്തിക്കുന്നുണ്ട്. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ "സെന്റർ ഫോർ റിസേർച്ച് ഇൻ കൾച്ചർ ആന്റ് ഡവലപ്മെന്റ്" (Centre for Resarch in Cultural and Development). ഇവിടെ തുടങ്ങുവാനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

2. ആശാനികേതൻ മാങ്ങാനം

ആസാനികേതനിലെ "മോചന"യിൽ മദ്യപാന രോഗികൾക്ക് ചികിത്സയും, കൗൺസിലിംഗും നല്കി രോഗ വിമുക്തരാക്കുന്നു.

3. ഇതോടൊപ്പം "CARD" Christian Association for Rural Development) എന്നൊരു പ്രസ്ഥാനം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. പ്രിന്റിംഗ്, ബയന്റിംഗ്, ടെയ്ലറിംഗ് എന്നീ ഇനങ്ങളിൽ തൊഴിൽ പരിശീലനം നല്കുന്ന ഒരു കേന്ദ്രമാണിത്.

**TRADA** (ട്രാഡാ) മാങ്ങാനം. (Total Responce to Alchohol and Drug Abuse) ഇൻഡ്യാ ഗവൺമെന്റിന്റെ സാമൂഹ്യ ക്ഷേമ മന്ത്രാലത്തിന്റേയും കേരള സംയുക്ത ക്രൈസ്തവ മദ്യവർജ്ജനസമിതിയുടെയും കീഴിൽ മാങ്ങാനത്തു പ്രവർത്തിക്കുന്ന ട്രാഡായിൽ, അത്യാധുനിക രീതിയിലുള്ള സമഗ്ര മദ്യമയമക്കുമരുന്ന് ചികിത്സാകേന്ദ്രവും, കൗൺസിലിംഗ് സെന്ററും ഉണ്ട്.

ലഹരിക്കടിമപ്പെട്ടവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും, ബോധവത്കരണ നടപടികൾ നടത്തുന്നതിനുമായി, മനഃശാസ്ത്ര വിദഗ്ദ്ധർ, ഡോക്ടർമാർ, കൗൺസിലർമാർ, സാമൂഹ്യ പ്രവർത്തകർ, മനോരോഗ വിദഗ്ധർ, നേഴ്സുമാർ എന്നിവർ ഇവിടെ രോഗികളെ പരിചരിക്കുന്നു. ആക്യുപങ്ചർ ചികിത്സയും ഈ കേന്ദ്രത്തിലുണ്ട്. റവ. ഫാ. പി. വി. വറുഗീസ് ഡയറക്ടറായും, റവ. സിസ്റ്റർ ജോവാൻ ചുങ്കപ്പുര പ്രിൻസിപ്പലായു ഇവിടെ സേവനമനുഷ്ഠിക്കുന്നു.

വടവാതൂർ അപ്പോസ്തോലിക് സെമിനാരി

ലോകത്തിലെതന്നെ ഏറ്റവും വലിയ വൈദിക സെമിനാരികളിലൊന്നാണ് വടവാതൂർ സെൻറ് തോമസ് അപ്പോസ്തോലിക് സെമിനാരി 1926 July 3ന് ആരംഭിച്ച ഈ സമിതി നടയിൽ Theology, History, Literature, Sociology, Pshychology എന്നിവയുടെ മുഖ്യ പഠനവിഷയങ്ങൾ. ഇപ്പോൾ ഇവിടെ 400 Degree വിദ്യാർത്ഥികൾ 20 Post Graduate വിദ്യാർത്ഥികളും പഠനം നടത്തുന്നുണ്ട്.

മതസൗഹാർദ്ദം വിജയപുരം പഞ്ചായത്തിൽ എവിടെയും കളിയാടുന്നു. ദേശീയ സംഭവങ്ങളെ എക്കാലവും സ്മരിക്കുവാൻ വേണ്ടി. ദേശീയ ദിവസങ്ങളിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വാർഡുകൾ തോറും ബോധവത്കരണ സെമിനാറുകൾ നടത്തേണ്ടതാണ്.

# 5 (9)

# വനിതാക്ഷേമം



സമൂഹത്തിന്റെ വളർച്ചയ്ക്ക് സ്ത്രീകളുടെ സംഭാവന അതുല്യമാണ്. എന്നാൽ ബഹുഭൂരിപക്ഷം സ്ത്രീകളും സ്വന്തം വീടുകളിൽ ഒതുങ്ങി കഴിയുന്ന പ്രവണത തുടരുകയാണ്. ഭാരതീയ സമൂഹത്തിൽ സ്ത്രീകളുടെ പ്രാധാന്യം കുടുംബങ്ങളിൽ ഒതുങ്ങുന്നതായിരുന്നു. ഭൂമീദേവിക്കൊപ്പം ക്ഷമയും, സഹനശക്തിയുമുള്ള അമ്മമാരായും, 'ആര്യപുത്രനെ' ദൈവതുല്യം വണങ്ങി സേവിക്കുന്ന കുടുംബിനികളായും മാത്രമാണ് ഇവരെ കണ്ടിരുന്നത്. സ്ത്രീ-പുരുഷ സമത്വത്തിന്റെ അവകാശവാദങ്ങൾ മാറ്റൊലി കൊള്ളുന്ന ഈ കാലഘട്ടത്തിൽപോലും പുരോഗതിയുടെ വിദൂരതയിലാണ് നമ്മുടെ സ്ത്രീകൾ കഴിയുന്നത്. എന്നാൽ സാമൂഹ്യ പരിവർത്തന പ്രക്രിയയിൽ പുരുഷന്മാരോടൊപ്പം ഉണർന്നു പ്രവർത്തിക്കുവാൻ കഴിയുമെന്ന് സ്ത്രീകൾ തെളിയിച്ചുകൊണ്ടിരിക്കുന്നു. സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ തങ്ങളുടെ കഴിവും സ്വാധീനവും പ്രകടിപ്പിച്ചുകൊണ്ട് നിരവധി സ്ത്രീകൾ ഇന്ന് പൊതു പ്രവർത്തന രംഗത്ത് കടന്നുവന്നിട്ടുണ്ട്. നിയമനിർമ്മാണ സഭകളിൽ മുപ്പതു ശതമാനം സീറ്റ് തങ്ങൾക്കുവേണ്ടി നീക്കിവയ്ക്കണമെന്ന കാര്യത്തിൽ ഭരണഘടനാപരമായ അംഗീകാരം സമ്പാദിക്കുന്നതിനുള്ള പ്രക്ഷോഭണങ്ങൾ രാജ്യത്താകെ ഉയർന്നു വന്നുകൊണ്ടിരിക്കുന്നുവെന്നത് സ്ത്രീ സമൂഹത്തിന്റെ വർദ്ധിച്ചു വരുന്ന ശക്തിയെ വിളിച്ചറിയിക്കുന്നതാണ്.

സംസ്ഥാനത്തിന്റെ മറ്റ് പല പ്രദേശങ്ങളെയും പോലെതന്നെ വിജയപുരം പഞ്ചായത്തിലും സ്ത്രീ പുരുഷ ജനസംഖ്യ ഏതാണ്ട് ഒപ്പത്തിനൊപ്പം നിൽക്കുന്നു. നമ്മുടെ പഞ്ചായത്തിൽ പുരുഷന്മാർ 25225 ഉം സ്ത്രീകൾ 25192 ഉം ആണ്. എന്നാൽ വിവിധ മേഖലകളിലെ പങ്കാളിത്തം പരിശോധിച്ചാൽ വനിതകളുടെ പിന്നോക്കാവസ്ഥ ബോധ്യപ്പെടുന്നതാണ്. വിദ്യാഭ്യാസ രംഗത്ത് തുല്യത പുലർത്തുമ്പോൾ തൊഴിൽ മേഖലയിൽ സ്ത്രീപങ്കാളിത്തം വളരെ കുറവാണ്. സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം കുറവാണ്. ഉന്നത വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ള സ്ത്രീകളിൽ ഭൂരിപക്ഷം പേരും കുടുംബങ്ങൾക്കുള്ളിൽ ഒതുങ്ങി കഴിയേണ്ടിവരുന്നു. വിദ്യാഭ്യാസ യോഗ്യതയുള്ളവർ ഉൾപ്പെടെ ഇടത്തരം കുടുംബങ്ങളിലെ യുവതികൾ വിവാഹകമ്പോളത്തിലെ വില്പനച്ചരക്കായി വീർപ്പു മുട്ടുന്ന അനുഭവങ്ങൾ പഞ്ചായത്തിൽ നിരവധിയുണ്ട്. മാന്യമായ തൊഴിൽ സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുള്ള ചുരുക്കം സ്ത്രീകൾ മാത്രമാണ് ഇതിനൊരപവാദം. സ്ത്രീധനത്തിന്റെ ക്രൂരതയിൽ കഷ്ടതയനുഭവിക്കുന്ന വനിതകളും ധാരാളമുണ്ട്.

ആരോഗ്യ രംഗം പരിശോധിച്ചാൽ രോഗാതുരരായിട്ടുള്ള സ്ത്രീകളുട എണ്ണം പുരുഷന്മാരുടേതിനേക്കാൾ കൂടുതലാണ്. ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും വേണ്ടവിധം പോഷകാഹാരം നൽകുവാൻ കഴിയുന്നില്ല. കുടുംബാസൂത്രണ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഗുണപരമായ ഫലങ്ങൾ ഉണ്ടായിട്ടുണ്ട്. വിജയപുരം പഞ്ചായത്തിൽ പാറമ്പുഴയിൽ ഒരു പി.എച്ച്.സി. പ്രവർത്തിക്കുന്നു. അതിന്റെ കീഴിൽ ആറ് സബ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ ബോധനത്തിൽ കാര്യമായ പ്രവർത്തനങ്ങൾ നടത്തുന്ന ഏഴു മഹിളാ സമാജങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു. മണർകാട് മഹിളാ സമാജം, ശാന്തി മഹിളാ സമാജം വടവാതൂർ, അനശ്വരാ മഹിളാസമാജം അരീപ്പറമ്പ്, ഐശ്വര്യാ മഹിളാ സമാജം അരീപ്പറമ്പ്, ദർശനാ മഹിളാ സമാജം മാലം, പ്രിയദർശിനി മഹിളാ സമാജം വടവാതൂർ, സൗപർണ്ണികാ മഹിളാസമാജം പറമ്പുകര എന്നിവയാണിത്.

തൊഴിൽ രംഗത്ത് സ്ത്രീകളെ സംബന്ധിക്കുന്ന കണക്കുകൾ കൃത്യമായി ലഭ്യമല്ല. എങ്കിലും പൊതു

വായ വസ്തുതകൾ വിലയിരുത്താവുന്നതാണ്. കാർഷിക മേഖലയിൽ പണിയെടുത്തിരുന്ന സ്ത്രീ തൊഴിലാളികളിൽ ഭൂരിപക്ഷവും കെട്ടിടം പണി തുടങ്ങിയ രംഗങ്ങളിലേക്ക് തിരിഞ്ഞിട്ടുണ്ട്. ഇതിനു പ്രധാന കാരണം കെട്ടിടം പണിരംഗത്ത് വർദ്ധിച്ചു വരുന്ന തൊഴിലാളികളുടെ ആവശ്യവും അവിടെ ലഭിക്കുന്ന വർദ്ധിച്ച കൂലിയുമാണ്. മൃഗസംരക്ഷണ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കൂടുതലായി കാണാൻ കഴിയും. പക്ഷേ കാലിത്തീറ്റയുടെ വില വർദ്ധനയും, പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവും, വിലക്കയറ്റവും ഇവരെ നിരാശരാക്കുന്ന പ്രവണതകളാണ്. റബ്ബർ ബാന്റ് റബ്ബർചെരുപ്പു വ്യവസായങ്ങൾ വളരെക്കൂടുതലായി വ്യാപിച്ചിട്ടുള്ള വിജയപുരം പഞ്ചായത്തിൽ സ്ത്രീകൾക്ക് ഈ രംഗത്ത് തൊഴിൽ സാദ്ധ്യത വർദ്ധിച്ചിട്ടുണ്ട്.

ചെറുകിട വനിതാ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ അവയ്ക്കു വേണ്ടത്ര പ്രോതാസാഹനവും സാമ്പത്തിക സഹായവും കൃത്യമായി ലഭിക്കുന്നില്ല. എന്നാൽ പള്ളം ബ്ലോക്കു പരിസരത്ത് പ്രവർത്തിക്കുന്ന DWCRA യൂണിറ്റ് വിജയകരമായി പ്രവർത്തിക്കുന്ന വനിതാ യൂണിറ്റാണ്. അതുപോലെതന്നെ വടവാതൂർ ക്ഷീരവ്യവസായ സഹകരണ സംഘത്തിൽ പ്രവർത്തിക്കുന്ന MILCOS എന്ന വനിതാ യൂണിറ്റും ഭംഗിയായി പ്രവർത്തിക്കുന്നു.

സ്ത്രീകളുടെ തൊഴിലില്ലായ്മ പഞ്ചായത്തിൽ ഒരു പ്രശ്നമാണ്. വീട്ടുവളപ്പുകളിൽ സ്ത്രീകൾക്കു ചെയ്യാൻ കഴിയുന്ന അടുക്കള തോട്ടം തുടങ്ങിയ സംരംഭങ്ങൾക്ക് വ്യാപകമായ സാദ്ധ്യതയുള്ള പ്രദേശമാണ് വിജയപുരം പഞ്ചായത്ത്. ദാരിദ്ര്യം അനുഭവിക്കുന്ന സ്ത്രീകൾ കുറവാണെങ്കിലും ആവശ്യത്തിന് ആഹാരം ലഭിക്കാത്തവരുടെ എണ്ണം കുറവല്ല. പ്രഭാതം മുതൽ പ്രദോഷംവരെയും വീടിനുള്ളിൽ വിശ്രമമില്ലാതെ അദ്ധ്വാനിക്കുന്ന കുടുംബിനികളാണ് ഭൂരിപക്ഷം വരുന്ന ഇടത്തരം കുടുംബങ്ങളിലുള്ളത്. അവരുടെ കഠിനാദ്ധ്വാനത്തിന് ഫലവും അംഗീകാരവും ലഭിക്കുന്നില്ല. സാമൂഹ്യ രംഗത്ത് ഇവരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും പുരുഷ മേധാവിത്വത്തിന്റെ ക്രൂരതകളിൽ നിന്നും ഇവരെ മോചിപ്പിക്കുന്നതിനും കഴിയുന്ന കർമ്മ പദ്ധതികൾ നടപ്പിലാക്കണം.

### പൊതുപ്രശ്നങ്ങൾ

- വനിതാ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.
- പൊതു പ്രവർത്തനങ്ങളിൽ സ്ത്രീകളെ പങ്കെടുപ്പിക്കുന്നില്ല.
- ബോധവത്കരണം നടത്തുന്നില്ല.
- സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നില്ല.

### സാദ്ധ്യതകൾ

- വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കാൻ കഴിയും.
- വനിതാ വ്യവസായ യൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട്.
- വനിതകൾക്കായി വായനശാലകളും, ഗ്രന്ഥശാലകളും ആരംഭിക്കണം.
- സ്ത്രീകൾക്കെതിരായ അക്രമങ്ങൾ തടയുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം.
- പച്ചക്കറി, പുൽകൃഷി തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നതിന് സ്ത്രീകൾക്ക് പരിശീലനം കൊടുക്കുകയും വിത്തും വളവും സൗജന്യമാക്കി ലഭ്യമാക്കുകയും ചെയ്യണം.
- കന്നുകാലി വളർത്ത് ലാഭകരമാക്കുന്നതിനുള്ള സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കണം.

# 5 (10)

# സഹകരണം



കൂട്ടു ചേർന്നു നടത്തുന്ന സാമ്പത്തിക പരിശ്രമമാണ് സഹകരണ പ്രസ്ഥാനം. സ്വാശ്രയ അടിസ്ഥാനത്തിലും സർക്കാരിന്റെ സഹായത്തോടു കൂടിയും സഹകരണ സംരംഭങ്ങൾ പ്രവർത്തിക്കുന്നു. തുല്യ പങ്കാളിത്തമാണ് സഹകരണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന തത്വം.

ഇൻഡ്യയിൽ ആദ്യം സഹകരണ സംഘനിയമം പാസാക്കിയത് 1904-ൽ ആയിരുന്നു. ചെറുകിട കർഷകരിലും കർഷകതൊഴിലാളികളിലും സഹകരണ മനോഭാവം വളർത്തുക, മിതവ്യയവും സമ്പാദ്യശീലവും പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയായിരുന്നു മുഖ്യലക്ഷ്യം. വായ്പാ സംഘങ്ങൾക്കു മാത്രമേ 1904-ലെ സഹകരണ സംഘ നിയമം ബാധകമായിരുന്നുള്ളൂ. 1912-ൽ മറ്റൊരു സഹകരണ സംഘം നിയമം നിലവിൽവന്നു. ഇതിൽ പ്രകാരം സംഭരണം, വിതരണം, ഉല്പാദനം, ഭവനനിർമ്മാണം മുതലായ വായ്പേതര പ്രവർത്തനങ്ങൾക്കായി സഹകരണ സംഘങ്ങൾ രൂപവത്കരിക്കുവാൻ സാധിച്ചു. സഹകരണ സംഘങ്ങളെ ഗ്രാമീണ സംഘങ്ങൾ, നാഗരീക സംഘങ്ങൾ എന്നതിനു പകരം പരിമിത ബാദ്ധ്യതയുള്ളവ, അപരിമിത ബാദ്ധ്യതയുള്ളവ എന്നു തരം തിരിക്കാൻ വ്യവസ്ഥ ചെയ്തു. പഞ്ചവത്സര പദ്ധതികളുടെ പ്രവർത്തനം സഹകരണ പ്രസ്ഥാനത്തിന് ഉണർവുണ്ടായി.

വിജയപുരം പഞ്ചായത്തിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ച ഒന്നാമത്തെ സഹകരണ സംഘം അരീപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1398 ആണ്. ഇതിന്റെ പ്രവർത്തന പരിധി വിജയപുരം പഞ്ചായത്തിന്റെ ഒന്നും രണ്ടും വാർഡുകളും അയർക്കുന്നം പഞ്ചായത്തിന്റെ ചില ഭാഗങ്ങളുമാണ്. 1995-96ൽ ഈ ബാങ്കിന്റെ:-

| | | |
|---|---|---|
| അംഗീകൃത മൂലധനം | - | 20,00,000 രൂപാ |
| ഓഹരി മൂലധനം | - | 11,65,460 രൂപാ |
| സർക്കാരിന്റെ ഓഹരി | - | 99,900 രൂപാ |

പൊതുജനങ്ങളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും ഭവനനിർമ്മാണം വിദ്യാഭ്യാസ ചെലവ്, ആടുമാടുകളെ വാങ്ങുക I.R.D.P. വായ്പ മുതലായ ആവശ്യങ്ങൾക്ക് വായ്പ നൽകുക എന്നീ ബാങ്കിംഗ് പ്രവർത്തനങ്ങളാണ് ഈ ബാങ്കിൽ നടത്തുന്നത്.

പിന്നീട് ആരംഭിച്ചത് മാങ്ങാനം H. O. ആയി പ്രവർത്തിക്കുന്ന മാങ്ങാനം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1920 ആണ്.

| | | |
|---|---|---|
| സ്ഥാപിതമായ വർഷം | : | 1930 |
| അംഗീകൃത മൂലധനം | : | 50,00,000 |
| ഓഹരി മൂലധനം | : | 35,00,000 |
| സർക്കാരിന്റെ ഓഹരി | : | 16,000 |

എല്ലാവിധ ബാങ്കിങ് പ്രവർത്തനങ്ങളും ഈ സംഘത്തിൽ നടത്തി വരുന്നു.

വടവാതൂർ ക്ഷീരവ്യവസായ സഹകരണ സംഘം 1950-ൽ ആരംഭിച്ചു. ഓഹരി മൂലധനം: 62000 രൂപ. സർക്കാർ സഹായം ഇല്ല. പാൽ സംഭരണവും വിപണനവും പാൽ ഉല്പന്നങ്ങളുടെ വിപണനം. കാലിത്തീറ്റ വിപണനം എന്നിവയാണ് ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾ. ഈ സംഘത്തിലെ അംഗങ്ങൾക്കും ആശ്രിതർക്കും ഡയറി ഡവലപ്മെന്റിന്റെ ആഭിമുഖ്യത്തിൽ വടവാതൂർ ഡയറി കോംപ്ലക്സിൽ നടത്തുന്ന കാലി വളർത്തൽ പരിശീലന കേന്ദ്രത്തിൽ കാലി വളർത്തൽ പുൽകൃഷി എന്നിവയിൽ പരിശീലനത്തിനും സൗകര്യം ലഭിക്കുന്നുണ്ട്.

വിജയപുരം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 4066. 1957ൽ സ്ഥാപിച്ച് വായ്പാ ബാങ്കായി പ്രവർത്തിക്കുന്നു.

| | |
|---|---|
| അധികൃത മൂലധനം | 45,00,000 രൂപാ |
| ഓഹരി മൂലധനം | 9,15,605 |
| സർക്കാരിന്റെ ഓഹരി | 8000 രൂപ. |

വിജയപുരം പഞ്ചായത്തിൽ സ്ഥാപിച്ച് പ്രവർത്തി

ക്കുന്ന സഹകരണ സംഘങ്ങൾ ഇവയ്ക്കുപുറമെ കോട്ടയം ജില്ലാ സഹകരണ ബാങ്ക് പുതുപ്പള്ളി അദ്ധ്യാപക സഹകരണ ബാങ്ക്, തിരുവഞ്ചൂർ സർവ്വീസ് സഹകരണ ബാങ്ക് എന്നീ വായ്പാ ബാങ്കുകളുടെയും ശാഖകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

വിജയപുരം പഞ്ചായത്തിലെ ചെറുകിട റബർ കർഷകരുടെ കാർഷിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി ഒരു സഹകരണ സംഘം ആരംഭിക്കണമെന്ന് ഈ പ്രദേശത്തിലെ ചില കർഷകർ ആഗ്രഹിക്കുകയും ആയതിലേയ്ക്ക് (Late) ശ്രീ. പി. സി. ചെറിയാൻ, പടിഞ്ഞാറെക്കരയുടെ ആദ്ധ്യക്ഷതയിൽ 1963ൽ ഒരു യോഗം ചേർന്നു. യോഗത്തിൽ കോട്ടയം താലൂക്ക് റബർ ഗ്രോവേഴ്സ് സഹകരണ സംഘം എന്നപേരിൽ ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്യുന്നതിന് തീരുമാനിക്കുകയും പ്രാരംഭനടപടികൾക്ക് ഒരു കമ്മറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തു. പിന്നീട് കോട്ടയം റബർ മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നപേരിൽ രജിസ്റ്റർ ചെയ്ത് കോട്ടയത്തു പ്രവർത്തനം ആരംഭിച്ചു. ഈ പ്രദേശത്തെ ചെറുകിട റബർ കർഷകരുടെ ഉല്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിൽക്കുന്നതിനും സ്പ്രേയിംഗ് മുതലായ റബർ കൃഷി സംരക്ഷണ പ്രവർത്തനങ്ങൾക്കു ഈ സംഘംവഴി സൗകര്യം ലഭിച്ചിരുന്നു.

സഹകരണ സ്ഥാപനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽനിന്ന് ലഭിച്ചത് താഴെ ചേർക്കുന്നു.

1. സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നതിന് ജനങ്ങളിൽ ഉത്സാഹം ഉണ്ടാക്കുന്നതിനായി സർക്കാർ ഗാരന്റി പരിധി ഇല്ലാതെ നൽകണം.
2. സഹകരണ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കായി കക്ഷിരാഷ്ട്രീയ ചിന്തകളില്ലാതെ ഭരണ സമതികളും സഹകാരികളും കൂട്ടായും ആത്മാർത്ഥമായും പ്രവർത്തിക്കണം.
3. സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതി തെരഞ്ഞെടുപ്പ് തുടരെത്തുടരെ നടക്കുന്ന ഇപ്പോഴത്തെ അവസ്ഥ സംഘങ്ങൾക്ക് സാമ്പത്തിക ഭാരം ഉണ്ടാക്കുന്നതിനാൽ ഭരണ സമതികളുടെ കാലാവധി 5 വർഷമായി നീട്ടണം.
4. തന്നാണ്ടു വാർഷിക ആഡിറ്റ് നിർബ്ബന്ധമായും നടത്തുകയും പൊതുയോഗങ്ങൾ യഥാസമയം വിളിച്ചുകൂട്ടുകയും ചെയ്യണം.
5. ഇന്റേണൽ ആഡിറ്റു നിർബന്ധമാക്കണം.
6. നാടിനും സഹകാരികൾക്കും പ്രയോജനം ഇല്ലാത്ത സഹകരണ സംഘങ്ങൾ നിറുത്തലാക്കണം.
7. വസ്തു ഈടിന്മേൽ കടം കൊടുക്കുന്ന സംഘങ്ങൾ വില്ലേജ് ആഫീസിൽ നിന്ന് വരുമാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്ന അനാവശ്യ നടപടി നിറുത്തലാക്കണം.
8. സ്വർണ്ണപ്പണയത്തിന്മേൽ കടംകൊടുക്കുന്ന നടപടി എല്ലാ ബാങ്കുകളിലും നിർബന്ധമാക്കണം.
9. വായ്പാ മേഖലകൾ വർദ്ധിപ്പിക്കുകയും വായ്പ നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യണം.

സഹകരണ സംഘങ്ങൾ പുതുതായി ആരംഭിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്:-

1. പരമ്പരാഗത കുടിൽ വ്യവസായമായ കൊട്ട, വട്ടി, പായ്, മുറം, ചൂല് തുടങ്ങിയവ നിർമ്മിക്കുന്നതിന് ഒരു സഹകരണ യൂണിറ്റ് ആരംഭിക്കണം. ഒരു പർപ്പടക യൂണിറ്റ് ആരംഭിക്കണം.
2. കൈതച്ചക്ക സംസ്കരണം, അച്ചാർ യൂണിറ്റ് പാലുല്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റ് തുടങ്ങിയവ സഹകരണ മേഖലയിൽ ആരംഭിക്കണം.
3. റബർതടി സംസ്കരിച്ചെടുക്കുക, റബർ മാർക്കറ്റിംഗ്, കാർഷിക ഉല്പന്നങ്ങളുടെ വിപണനം, കൺസ്യൂമർ സ്റ്റോർ മുതലായവ സഹകരണ മേഖലയിൽ ആരംഭിക്കണം.
4. സ്ത്രീകൾക്കുതന്നെ നടത്താവുന്ന തയ്യൽ, വസ്ത്രനിർമ്മാണം, ഫുഡ് പ്രൊസസിംഗ് മുതലായവ.
5. കോൺട്രാക്ട് തൊഴിലാളി സഹകരണ സംഘം.
6. കൃഷി ആവശ്യത്തിനുള്ള വായ്പയ്ക്ക് പലിശ നിരക്കിൽ കുറവുവരുത്തുക.

വിജയപുരം പഞ്ചായത്ത് പൊതുവെ കാർഷിക പ്രവർത്തനങ്ങൾക്ക് പ്രധാന്യം ഉള്ള ഒരു ഗ്രാമമാണല്ലോ. കേരളത്തെ സംബന്ധിച്ചിടത്തോളം കൃഷി ഭൂമി പരിമിതവും മാനവശേഷി ആവശ്യത്തിൽ അധികവുമാണ്. വിജയപുരം പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രധാനമായും തൊഴിലാളികളുടെ ലഭ്യത കുറവു കൊണ്ട് പരിമിതമായ ഇവിടുത്തെ നെൽപാടങ്ങളും കരഭൂമിയും പലയിടത്തും തരിശായി ഇട്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഉള്ളത്. സാമ്പത്തിക വളർച്ചയ്ക്ക് കൃഷി ഒരു പ്രധാന ഘടകമാണല്ലോ. തൊഴിലാളികളുടെ അഭാവം കൊണ്ട് ഈ മേഖല തളരുകയാണ്. അതു

പോലെതന്നെ മറ്റു പലമേഖലകളും. ഈപ്രശ്നം പരിഹരിക്കുന്നതിന് ഒരു ലേബർ കോൺട്രാക്ടറ്റു സഹകരണ സംഘം രൂപീകരിച്ച് നെൽപാടങ്ങളിലും കരഭൂമികളിലും റബർതോട്ടങ്ങളിലും ജോലിചെയ്യുന്നതിന് ആവശ്യമുള്ളപ്പോൾ ആവശ്യാനുസരണം തൊഴിലാളികളെ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യാവുന്നതാണ്.

ഈ പഞ്ചായത്തിൽ സർക്കാർവക സ്ഥലങ്ങൾ രണ്ടിടങ്ങളിൽ വെറുതെ ഇട്ടിട്ടുണ്ട്. ഒന്ന്, വ്യവസായ മേഖല എന്നു പറയാവുന്ന വടവാതൂർ MRF ന് സമീപമാണ്. വിസ്തീർണ്ണം ഒരു ഹെക്ടറിനു മേൽ. ഈ സ്ഥലത്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുസ്ഥാപിക്കാവുന്നതാണ്. ഇവിടെ സഹരണ അടിസ്ഥാനത്തിൽ പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കാവുന്ന ചെറുകിട റബർ അധിഷ്ഠിത വ്യവസായങ്ങൾ, വനിതകൾക്കു നടത്താവുന്ന തയ്യൽ, വസ്ത്രനിർമ്മാണം, ഫുഡ് പ്രൊസസിംഗ്, അതുപോലെ വെൽഡിംഗ്, ഫാബ്രിക്കേഷൻ, ഫർണിച്ചർ മെയ്ക്കിംഗ് മുതലായ അനവധി ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് വിജയകരമായി പ്രവർത്തിക്കാവുന്നതാണ്. ഉല്പാദന കാര്യക്ഷമതയും വിപണന സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതിന് ഒരു ഉല്പാദന വിപണന സഹകരണ സംഘവും ആരംഭിക്കാവുന്നതാണ്. ഈ സംഘം പഞ്ചായത്തിലെ എല്ലാ ഉല്പന്നങ്ങളുടെയും വിപണനത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

ഇനി ഒരു പ്ലോട്ട് ഉള്ളത് അഞ്ചു ഹെക്ടർ വിസ്തീർണ്ണമുള്ള കൈതേൽ പുരയിടമാണ്. കോട്ടയം റോഡരികിൽ ചെമ്മരപ്പള്ളി ഭാഗത്തു സ്ഥിതിചെയ്യുന്ന ഈ സ്ഥലത്ത് പശുവളർത്തൽ, മീൻവളർത്തൽ, ജൈവവളനിർമ്മാണം കാലിത്തീറ്റ നിർമ്മാണം മുതലായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ചില അടിസ്ഥാന സൗകര്യങ്ങൾ ഉണ്ട്. ഈ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സഹകരണ സംഘങ്ങൾ വഴി പുതിയ സംരംഭങ്ങൾ ആരംഭിക്കാം. കൈതയിൽ പുരയിടം സ്ഥിതിചെയ്യുന്ന പ്രദേശത്തു നിന്ന് പാൽ ഉല്പാദനത്തിന് സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കാവുന്ന ഒരു സ്കീമിന്റെ വിശദാംശങ്ങളോടെയുള്ള ഒരു പ്രൊജക്റ്റ് റിപ്പോർട്ടുതന്നെ ലഭ്യമായിട്ടുണ്ട്.

# 5 (11)

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം



വികസനം എന്നത് ജനങ്ങളുടെ ജീവിത നിലവാരം ക്രമേണ ഉയർത്തുന്ന പ്രക്രിയയായതിനാലും, ഈ വികസനത്തിന്റെ ഫലമായുണ്ടാകുന്ന സാമ്പത്തിക നേട്ടങ്ങൾ നീതിപൂർവ്വമായി വിതരണം ചെയ്യപ്പെടേണ്ടതുള്ളതുകൊണ്ടും, നിലവിൽ സാമൂഹ്യമായും സാമ്പത്തകിമായും ഏറ്റവും പിന്നോക്കം നില്ക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം ജനങ്ങളുടെ പ്രശ്നങ്ങൾ പ്രത്യേകമായി പരിഗണിക്കപ്പെടേണ്ടതാണ്. സാമുഹ്യമായും സാമ്പത്തികമായും, വിദ്യാഭ്യാസ സാംസ്കാരിക നിലവാരങ്ങളിലും ദീർഘകാലമായി പിൻതള്ളപ്പെട്ടിരുന്ന ഈ വിഭാഗത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ഭരണഘടനാപരമായ ബാധ്യത സ്വതന്ത്രഭാരതം ഏറ്റെടുത്തിട്ടുണ്ടെങ്കിലും, ചുരുക്കം ചില സംസ്ഥാനങ്ങളിലൊഴികെ, ഇവരുടെ പുരോഗതി ലക്ഷ്യം വച്ചിട്ടുള്ളതിൽ നിന്നു ബഹുദൂരം പിന്നിലാണ്. സേവനത്തുറകളിൽ വലിയ പുരോഗതി നേടിയിട്ടുള്ള കേരളത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം ജനങ്ങളുടെ ജീവിതരീതിയിൽ വലിയ പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും പദ്ധതി ലക്ഷ്യങ്ങളുടെ സമീപത്തെങ്ങും എത്താൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ താഴെപറയുന്നവയാണ്.

**1. ചെമ്പോല കോളനി**

ഇവിടെ 18 കുടുംബങ്ങളിലായി 83 ജനങ്ങളുണ്ട്. വീടുകളെല്ലാം ഓടുമേഞ്ഞതും വൈദ്യുതീകരിച്ചതുമാണ്. പല വീടുകൾക്കും കക്കൂസുകൾ ഉണ്ട്. പുരുഷന്മാർ അധികവും കെട്ടിടം പണികളിൽ ഏർപ്പെടുന്നു. തെങ്ങുകയറ്റം ഉൾപ്പെടെ മറ്റു ജോലികൾ ചെയ്യുന്നവരുടെ എണ്ണം കുറവാണ്. സ്ത്രീകളിൽ ഒരു വിഭാഗം കാർഷിക വേലകളിൽ ഏർപ്പെടുന്നു. കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെട്ടതല്ല. ഏറ്റവും കൂടുതൽ വിദ്യാഭ്യാസ യോഗ്യ PDC യാണ് ഒരാൾ. 8 പേർ SSLC പാസ്സായവരുണ്ട്. SSLC തോറ്റവരുടെ എണ്ണം 9 ആണ്. ടൈപ്പ്റൈറ്റിംഗ് പാസ്സായ ഒരാളുണ്ട്.

**2. വലിയഴം പട്ടികവർഗ്ഗ കോളനി**

ഈ കോളനിയിൽ ആകെ ഓടിട്ട 38 വീടുകളുണ്ട്. സ്വന്തമായി സ്ഥലമില്ലാത്തവരുടെ 7 കുടിലുകളും ജനസംഖ്യ 192. പുരുഷന്മാർ പ്രധാനമായും ചുമട്, തടി പണികൾ തുടങ്ങിയവയിൽ ഏർപ്പെടുന്നു. സ്ത്രീകളിൽ നല്ലൊരു പങ്ക് റബ്ബർബാൻഡു യൂണിറ്റുകളിൽ പണിയെടുക്കുന്നവരാണ്. ഡിഗ്രി പാസ്സായിട്ടുള്ളവർ 2 പേരുണ്ട്. SSLC പാസ്സായവർ 5. അഞ്ച് സർക്കാർ ഉദ്യോഗസ്ഥരിൽ ഒരാൾ കാഷ്മീരിൽ മിലിട്ടറി ആഫീസറാണ്.

വർഷങ്ങൾക്കു മുമ്പ് സർക്കാർ ഇവർക്കായി പണിതു നൽകിയ വീടുകളിൽ പലതും കക്കൂസുകളും ഇപ്പോൾ തകർന്ന് ഉപയോഗശൂന്യമായിത്തീർന്നിരിക്കുകയാണ്. അതുപോലെ തന്നെ ശുദ്ധജലദൗർലഭ്യം ഇവരെ വളരെയധികം ബുദ്ധിമുട്ടിക്കുന്നു. സ്വന്തമായി കിണറുകൾ ഇല്ലാത്ത ബഹുഭൂരിപക്ഷവും പൈപ്പു വെള്ളമാണ് ഉപയോഗിക്കുന്നത്. എന്നാൽ മണർകാടു കവലയിലെ കിണറ്റിൽ നിന്നും ഇവിടെ സ്ഥാപിച്ചിട്ടുള്ള ടാങ്കിൽ എത്തിച്ചു വിതരണം ചെയ്യുന്ന ജലം തുരുമ്പു കലർന്നതും, കലക്കലും ആരോഗ്യത്തിനു ഹാനികരമായിത്തീരുന്നതുമാണ്. ബന്ധപ്പെട്ട അധീകൃതരെ വിവരം അറിയിച്ചിട്ടും പുതിയ പൈപ്പു ലൈൻ സ്ഥാപിക്കാൻ ഒരു വർഷം മുൻപു എസ്റ്റിമേറ്റു തയ്യാറാക്കിയതല്ലാതെ നാളിതുവരെയായി പണികൾ ആരംഭിച്ചിട്ടില്ല.

**3. പറമ്പുകര പട്ടികജാതി കോളനി**

14 കുടുംബങ്ങളിലായി 60 ആണ് ഇവിടുത്തെ ജനസംഖ്യ. ജനങ്ങളിൽ അധികം പേരും കെട്ടിട നിർമ്മാണത്തിലേർപ്പെടുന്നു. സ്വന്തമായി വീടില്ലാത്തവർ 2 വൈദ്യുതി ഇല്ലാത്ത വീട് 1. കക്കൂസില്ലാത്ത

വീടുകൾ 6, കിണറില്ലാത്തത് 4 ഇവിടെ പ്രീഡിഗ്രി പാസ്സായവർ 3 പേരും SSLC കഴിഞ്ഞവർ 9 പേരുമുണ്ട്. 2 പേർ ബാങ്കുജീവനക്കാരായിട്ടുണ്ട്. പൊതുവെ ജീവിത നിലവാരം വളരെയധികം മെച്ചപ്പെടുവാനുണ്ട്.

കോളനിവാസികളല്ലാതെയുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരും പഞ്ചായത്തിൽ നിരവധിയുണ്ട്. അങ്ങനെയുള്ളവർ പട്ടികജാതിയിൽപ്പെട്ടവരാണ് അധികവും. സ്വന്തമായി സ്ഥലവും ഇടത്തരം ഭവനങ്ങളുള്ളവരും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ താമസമുണ്ട്. അവരിൽ ഉന്നത വിദ്യാഭ്യാസയോഗ്യതയുള്ളവരും സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഉയർന്ന ജോലിയുള്ളവരുമുണ്ട്. റബ്ബറധിഷ്ഠിത വ്യവസായ മാലിന്യങ്ങളെ അടിസ്ഥാനപ്പെടുത്തിയ ഗവേഷണത്തിൽ ഡോക്ടറേറ്റു നേടിയിട്ടുള്ള റബ്ബർബോർഡിലെ ഉദ്യോഗസ്ഥയായ ശ്രീമതി. പൊന്നമ്മ നമ്മുടെ പഞ്ചായത്തിലെ 15-ാം വാർഡിൽ താമസിക്കുന്നയാളാണ്. പൊന്നമ്മയുടെ ഭർത്താവ് ശ്രീ. ശശിധരൻ കേന്ദ്ര സർക്കാരിന്റെ ബോംബെയിലെ കലാവസ്ഥാനിരീക്ഷണ കേന്ദ്രത്തിലെ ഉയർന്ന ഉദ്യാഗസ്ഥനാണ്. സാമൂഹിക രംഗങ്ങളിൽ മാങ്ങാനം കുട്ടപ്പനെപ്പോലെയുള്ള വളർന്നുവരുന്ന കാലാസാഹിത്യകാരന്മാരൊഴിച്ചാൽ ഉന്നത ശ്രേണിയിൽ ഉൾപ്പെടുത്താവുന്നത്ര അറിയപ്പെടുന്നവർ ഈ വിഭാഗത്തിൽ നിനനും ഉയർന്നുവന്നിട്ടില്ല. വളരെ ചുരുക്കം ചിലർ ഇതുപോലെ ഉയർന്നു വന്നിട്ടുണ്ടെങ്കിലും പൊതുവെ ഈ വിഭാഗം ജനങ്ങളുടെ നിലവാരം പിന്നോക്കമായി ത്തന്നെ തുടരുന്നു. ഇവരെ നാടിന്റെ മുഖ്യധാരയിലേക്കു ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ക്രിയാത്മക പരിപാടികൾ ഇനിയുമുണ്ടാകേണ്ടിയിരിക്കുന്നു.

ദാരിദ്ര്യ രേഖയ്ക്കു താഴെ ജീവിത നിലവാരമുള്ള പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ പഞ്ചായത്തിൽ 86 ആണ്. സ്ഥിരമായി നൽകിപ്പോരുന്ന സാമ്പത്തിക സഹായങ്ങൾ ഉപയോഗപ്പെടുത്തിയതിന്റെ ഫലമായി ഇവരിൽ 8 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തിയിട്ടുണ്ട്. എന്നാൽ മറ്റുള്ള ജനവിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇവരുടെ ജീവിതം പൊതുവെ പിന്നോക്കാവസ്ഥയിൽ തന്നെയാണ്. ഇവരിൽ സാക്ഷരരല്ലാത്തവർ ചുരുക്കമാണെങ്കിലും SSLC പാസ്സായിട്ടുള്ളവരുടെ എണ്ണം തുലോം കുറവാണ്.

കാർഷിക രംഗത്തും, മറ്റു കൂലിപണികളിലും ഏർപ്പെട്ടിരിക്കുന്നവരാണ് ഇവരിലധികവും. പരമ്പരാഗത തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണാവുന്നതാണ്. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഇന്ന് അവരെ സമൂഹത്തിൽനിന്നും ഒറ്റപ്പെടുത്തുന്ന ഘടകമല്ല. ഇവരുടെ കുടുംബചടങ്ങുകളിൽ മറ്റു വിഭാഗക്കാരും പങ്കെടുക്കാറുണ്ട്. മറ്റുള്ളവരുടെ ചടങ്ങുകളിൽ ഇവരെയും പങ്കെടുപ്പിക്കുന്ന പ്രവണതയും വ്യാപകമായി വളർന്നു വരുന്നുണ്ട്.

### പ്രശ്നങ്ങൾ

ഈ വിഭാഗത്തിൽപ്പെടുന്നവർ നിലവിലുള്ള ആനുകൂല്യങ്ങൾ ഉപയോഗിക്കുന്നതിൽ വിമുഖത കാണിക്കുന്നു. വിദ്യാഭ്യാസാനുകൂല്യങ്ങൾ വേണ്ടവണ്ണം പ്രയോജനപ്പെടുന്നില്ല. വീടുകളിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ട പ്രാഥമിക സൗകര്യങ്ങളില്ല. പോഷകാഹരക്കുറവ് കുട്ടികളെയും വൃദ്ധജനങ്ങളെയും അലട്ടുന്നു.

### പരിഹാരങ്ങൾ

- വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക
- വീടില്ലാത്തവർക്കു വീടും ഉപകരണങ്ങളും ലഭ്യമാക്കുക
- വിദ്യാഭ്യാസത്തിനു പ്രാഥമികസൗകര്യങ്ങൾ കുട്ടികൾക്കു ഏർപ്പെടുത്തുക.

# 5 (12)

# വിഭവ സമാഹരണം



സർക്കാരിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾക്കു പുറമെ കൂടുതൽ പണമുൾപ്പെടെയുള്ള വിഭവങ്ങൾ സമാഹരിക്കേണ്ടത് വികേന്ദ്രീകൃത ജനകീയാസൂത്രണത്തിന്റെ വിജയത്തിന് അവശ്യം ആവശ്യമായ ഉപാധിയാണ്. വികസനപദ്ധതികൾക്കു രൂപം കൊടുക്കുമ്പോൾ പദ്ധതി വിഹിതമായി ലഭിക്കുന്ന 35-40 ശതമാനം തുകമാത്രം ലക്ഷ്യമാക്കിയിരുന്നാൽ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറാനുതകുന്ന കർമ്മപരിപാടികൾ പൂർണ്ണമായി നടപ്പിലാക്കാൻ കഴിയാതെവരും. പദ്ധതികൾ ചുരുക്കിയാൽ വികസനവും വളർച്ചയും അതോടൊപ്പം ചുരുങ്ങുകയും ജനങ്ങളുടെ പ്രതീക്ഷകൾക്കു മങ്ങലേൽക്കുകയും ചെയ്യും. ഇതു വളർച്ചയെ പ്രതികൂലമായി ബാധിക്കുമെന്നുമാത്രമല്ല ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണത്തിന്റെ മേന്മയെത്തന്നെ ഇല്ലായ്മചെയ്യുകയും ചെയ്യും. ഈ അപകടം ഒഴിവാക്കി, വികസനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തി സാമ്പത്തികവും സേവനപരവുമായ വിഭവങ്ങൾ സമാഹരിക്കാനുള്ള സാധ്യതകൾ പരിശോധിക്കുകയും പരമാവധി ഉപയോഗപ്പെടുത്താൻ ശ്രമിക്കുകും ചെയ്യേണ്ടതുണ്ട്.

വിഭവ സമാഹരണത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ പഞ്ചായത്തിന്റെ നിലവിലുള്ള വരവ് ചെലവ് കാര്യങ്ങൾ പ്രധാനമായും കണക്കിലെടുക്കേണ്ടതുണ്ട്. സ്പെഷ്യൽ ഗ്രേഡിൽപ്പെട്ട വിജയപുരം പഞ്ചായത്തിന്റെ 1995-96 ലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ഇപ്രകാരമാണ്.

വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

| ഇനം | ധനം | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 12,75261.45 | 8,98,741.45 | 3,76,520.00 |
| സർവ്വീസ് ചാർജ്ജ് | 2,04, 291.15 | 1,43,327.85 | 60,963.30 |
| തൊഴിൽ നികുതി | 5,45,055.00 | 5,23,822.74 | 21,232.26 |
| വിനോദ നികുതി | 5167.56 | 5167.56 | |
| അഡീ. വിനോദനികുതി | 3,445.04 | 3,445.04 | |
| പ്രദശന നികുതി - | 1,394.00 | 1,394.00 | |
| പ്രദർശനികുതി സർചാർജ്ജ് | 348.50 | 348.50 | |
| ലൈസൻസ് ഫീസ് | 1,14,823.00 | 1,15,823.00 | |
| വസ്തു കൈമാറ നികുതി 75% | 58,055.00 | 58,055.00 | |
| വസ്തു കൈമാറ്റ നികുതി25% - | | | |
| സർക്കാർ ഗ്രാന്റുകളും ഒഴികെയുള്ള മറ്റുവിവരങ്ങൾ | 3,51,246.75 | 3,51,246.75 | |
| ഡിപ്പോസിറ്റുകൾ | 1,95,837.00 | 1,95,837.00 | |
| മറ്റുള്ളവ | 15,31,580 | 15,31,580 | |
| ആകെ | 42,87,522.45 | 38,28,806.89 | 4,58,715.56 |

ചെലവു സംബന്ധിച്ചകണക്ക്

| | |
|---|---|
| ഭരണം | 7,99,789.10 |
| പൊതുമരാമത്ത് | 4,44,099.00 |
| വിദ്യാഭ്യാസം | 64,097.50 |
| ജലവിതരണം, പൊതുജനാരോഗ്യം | 2,42,971.00 |
| മറ്റുള്ളവ | 18,73,355.10 |
| ആകെ | 34,57,078.45 |

പഞ്ചായത്തിന് സ്വന്തമായി ഒരു കോടി മുപ്പത്തിനാല് ലക്ഷം രൂപ മുതൽമുടക്കുള്ള 4 ഏക്കർ 4.968 സെന്റ് ഭൂമി യുണ്ട്. പുതിയ പഞ്ചായത്തുനിയമങ്ങൾ കുറെക്കൂടി കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിഞ്ഞാൽ വരുമാനം വീണ്ടും വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്.

വികസന പദ്ധതികൾ വിജയിപ്പിക്കുന്നതിന് പഞ്ചായത്തു പ്രദേശത്തു വിവിധ ധനകാര്യസ്ഥാപനങ്ങൾക്ക് നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിയും. വിജയപുരം പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ താഴെ പറയുന്നവയാണ്.

1. അരീപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്ക്
2. വിജയപുരം സർവ്വീസ് സഹകരണ ബാങ്ക്
3. മാങ്ങാനം സർവ്വീസ് സഹകരണ ബാങ്ക്

നല്ലനിലയിൽ പ്രവർത്തിക്കുന്ന ഈ സഹകരണ ബാങ്കുകളുടെ അംഗത്വത്തിന്റെയും ധനസ്ഥിതിയുടെ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കി പദ്ധതി പ്രവർത്തനങ്ങളെ സഹായിക്കാൻ പ്രാപ്തമാക്കേണ്ടതുണ്ട്. നിക്ഷേപങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് വികസന പ്രവർത്തനത്തിന് വായ്പാ പദ്ധതികൾ രൂപപ്പെടുത്താൻ ഈ ബാങ്കുകൾക്കു സാധിക്കും. കാർഷിക, വ്യാവസായിക, തൊഴിൽ രംഗങ്ങളെ ഇവ സാമ്പത്തികമായി സഹായിക്കുന്നു. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലും സഹകരണ ബാങ്കുകൾക്ക് സഹായമെത്തിക്കാൻ കഴിയും. സാമ്പത്തിക വായ്പകൾക്കു പുറമെ വിത്ത്, വളം, കീടനാശിനികൾ തുടങ്ങിയവ കുറഞ്ഞവിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കാനും ബാങ്കുകൾ ഉപയോഗപ്പെടുത്തണം. വിജയപുരം പഞ്ചായത്തിൽ പുതുപ്പള്ളി അദ്ധ്യാപകബാങ്കിന്റെയും കോട്ടയംകോ-ഓപ്പറേറ്റീവ് ബാങ്കിന്റേയും ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളുടെ സേവനവും വികസനത്തിനുവേണ്ട വിഭവസമാഹരണത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്. സ്റ്റേറ്റ് ബാങ്ക്, കാനറ ബാങ്ക് എന്നിവയുടെ ശാഖകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ശാഖകൾ മാങ്ങാനം, മണർകാട്, വടവാതൂർ കാനറ ബാങ്ക്, മണർകാട്, നട്ടാശ്ശേരി. സാമൂഹ്യപ്രവർത്തനങ്ങളുമായി കൂടുതൽ സഹകരിച്ചു പ്രവർത്തിക്കാൻ മേൽപറഞ്ഞ ബാങ്കുകളെ പ്രേരിപ്പിക്കാവുന്നതാണ്.

വിദേശത്തു താമസിക്കുന്ന പഞ്ചായത്തിലെ ധനാഢ്യന്മാരുടെ സേവനം പഞ്ചായത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. അവരുടെ നിക്ഷേപങ്ങൾ പഞ്ചായത്തിലെ ബാങ്കുകളിലേക്കു ആകർഷിക്കുകയും ചെറുകിട വൻകിട വ്യവസായസംരംഭങ്ങളിലേക്ക് അവരുടെ സഹായം തേടുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ വികസന പ്രക്രിയയിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്താവുന്നതാണ്.

പഞ്ചായത്തിലെ 15% ജനങ്ങൾ സാമ്പത്തികമായി മെച്ചപ്പെട്ട നിരലവാരമുള്ളവരാണ്. പ്രാദേശികമായ വികസനപദ്ധതികൾക്ക് ഇവരുടെ സാമ്പത്തിക സഹകരണം പ്രയോജനപ്പെടുത്താൻ സാധിക്കും. വികസന പ്രക്രിയ യാഥാർത്ഥ്യമാകുമെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞാൽ പ്രാദേശികമായി സാമ്പത്തിക വിഭവസമാഹരണം പ്രയാസരഹിതമായ നടത്താൻ സാധിക്കും.

മനുഷ്യപ്രയത്നമാണ് പഞ്ചായത്തിൽ സമാഹരിക്കാൻ കഴിയുന്ന വലിയ വിഭവം. സാധാരണ തൊഴിലാളിയകൾ മുതൽ ഉയർന്ന ശാസ്ത്രസാങ്കേതിക പരിജ്ഞാനമുള്ളവർവരെയുള്ളവരുടെ സേവനങ്ങൾ വികസന പ്രവർത്തനങ്ങളിൽ സ്വരൂപിക്കാൻ കഴിയുന്നതാണ്. ജാതി-മത-രാഷ്ട്രീയ ഭിന്നതകൾക്കതീതമായി പ്രാദേശിക വികസനത്തിൽ സന്നദ്ധ പ്രവർത്തനത്തിനുള്ള സാദ്ധ്യതകൾ ഏറെയാണ്. ഗ്രാമാന്തരീക്ഷങ്ങളിലൊതുങ്ങി കടുത്ത ജീവിതയാഥാർത്ഥ്യങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കാൻ കഴിയാതെ ഭഗ്നാശരരായി കഴിയുന്ന ആയിരക്കണക്കിനു ഗ്രാമീണ യുവജനങ്ങളെ പ്രതീക്ഷയുടെ പടിവാതുക്കൽ എത്തിക്കാനുതകുന്ന കർമ്മപരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞാൽ, വിസ്ഫോടകമായ ജനശക്തിയുടെ അത്ഭുതകരങ്ങളായ നേട്ടങ്ങൾക്ക് നമ്മുടെ ഗ്രാമങ്ങൾ സാക്ഷ്യം വഹിക്കും.

### ഗ്രാസഭാചർച്ചകളിൽ ഉയർന്നുവന്ന പൊതു പ്രശ്നങ്ങൾ

1. വികസനോന്മുഖമായ പദ്ധതി പ്രവർത്തനങ്ങൾക്ക് ഉദാരമായ സഹായങ്ങൾ നൽകാൻ സാമ്പത്തിക സ്ഥാപനങ്ങൾ അറച്ചുനിൽക്കുന്നു.
2. നിലവിലുള്ള പലിശനിരക്കുകൾ കൂടുതലാണ്.
3. ബാങ്കുകളുടെയും സഹകരണ സ്ഥാപനങ്ങളുടെയും കാർഷിക, വ്യാവസായിക വായ്പാ വ്യവസ്ഥകൾ കൂടുതൽ ഉദാരവത്കരിക്കണം.

### പ്രശ്നപരിഹാരങ്ങളും നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

1. നികുതി പിരിവുകൾ ഊർജ്ജിതപ്പെടുത്തണം
2. പുതിയ നികുതി സാധ്യതകൾ കണ്ടെത്തണം
3. യുവജനങ്ങളെ ആകർഷിക്കുന്ന കർമ്മപദ്ധതികൾ നടപ്പിലാക്കണം.

| പേര് | അംഗസംഖ്യ | ഓഹരിമൂലധനം | ഡിപ്പോസിറ്റകൾ | വായ്പകൾ | |
|---|---|---|---|---|---|
| | | | | കാർഷികം | കാർഷികേതരം |
| അരീപ്പറമ്പ് സർവ്വീസ് ബാങ്ക്. | 509 | 11.65.460 | 1,12,07216.00 | | 6768.440 |
| വിജയപുരം സ. ബാങ്ക് | 3456 | 9,15,605.00 | 44,28779.00 | 5,69,398 | 27,37,864 |
| മാങ്ങാനം | 11650 | 35,000,00 | 7,05,000,00.00 | 29,600.00 | 1,03,13428 |

# വിജയപുരം ഗ്രാമപഞ്ചായത്ത്
# മുൻകാല ഭരണ സമിതികൾ

### 1953

എം. പി. ഗോവിന്ദൻ നായർ (പ്രസിഡന്റ്)

കെ. കെ. സാമുവേൽ (വൈസ് പ്രസിഡന്റ്)

കെ. സി വർഗ്ഗീസ്

കെ. ഇ. ഇട്ടി

പി. ജെ. ദാനിയേൽ

ഇ. സി. ഇട്ടിച്ചെറിയ

പി. കെ. രാമകൃഷ്ണപിള്ള

എം. കെ. മാത്യു

പി. എൻ. നാരായണൻ

**1960**-ൽ ശ്രീ. എം. പി. ഗോവിന്ദൻനായർ സംസ്ഥാന മന്ത്രിസഭയിൽ ചേർന്നതിനെ തുടർന്ന് പഞ്ചായത്ത് പ്രസിഡന്റായി ശ്രീ. കെ. കെ. സാമുവലിനെ തിരഞ്ഞെടുത്തു.

### 1963

ടി. എ. കോര (പ്രസിഡന്റ്)

കെ. കെ. തോമസ് (വൈസ് പ്രസിഡന്റ്)

പി. ഇസെഡ്. അച്ചൻകുഞ്ഞ്

എൻ. രാമകൃഷ്ണ പണിക്കർ

പി. കെ. രാമൻ പിള്ള

എം. കെ. മാത്യു

കെ. കെ. മാണി

എ. കെ. വർഗീസ്

എം. റ്റി. പൊടിയൻ

പി. എ. ജോൺകുട്ടി

ടി. സി. കുരുവിള

പി. ആർ. സുകുമാരൻ നായർ

മറിയാമ്മ കുരുവിള (വനിതാ നോമിനി)

കെ. എം. നീലകണ്ഠൻ നമ്പൂതിരി

### 1979

എം. കെ. മാത്യു (പ്രസിഡന്റ്)

വറുഗീസ് വറുഗീസ് (വൈസ് പ്രസിഡന്റ്)

കെ. എം. ഐപ്പ്

പി. എ. ഭാസ്കരൻ

മറിയാമ്മ കുര്യൻ

പി. പി. കുമാരൻനായർ

ജോൺ കുര്യൻ

ബാബു കരിമ്പന്നൂർ

വി. ആർ. സുരേന്ദ്രൻ

ഔസേഫ് ഔസേഫ്

പി. എൽ. സുകുമാരൻ നായർ

വി. പി. പുന്നൻ

പി. എൻ. എം. ചാക്യാർ

സി. കെ. വാസു

ശ്രീ. എം. കെ. മാത്യു നിര്യാതനായതിനെത്തുടർന്ന് ശ്രീമതി മറിയാമ്മ കുര്യനും പിന്നീട് ശ്രീ വി. പി. പുന്നനും ഹ്രസ്വകാലത്തേയ്ക്ക് പ്രസിഡന്റായിരുന്നിട്ടുണ്ട്

### 1988

കെ. എം. ഐപ്പ് (പ്രസിഡറ്)

എൻ. ജീവകുമാർ (വൈസ് പ്രസിഡ്റ്)

പി. ഇ. ചെറിയാൻ

പ്രൊഫ. റ്റി. റ്റി. കുറിയാക്കോസ്

കെ. കെ. ചാക്കോ

സി. സി. ജോൺ

ബാബു കെ. കോര

സിസി സഖറിയ

ബാബു കരിമ്പന്നൂർ

സുരേഷ് ബാബു

വി. ആർ. സുരേന്ദ്രൻ

കെ. കെ. വിനോദ്

പി. വി. സലീം

സി. കെ. രാജപ്പൻ

ഏലിസബേത്ത് ചെറിയാൻ




4243
KERALA INSTITUTE OF LOCAL ADMINISTRATION THRISSUR 680581

വിജയപുരം ഗ്രാമപഞ്ചായത്ത് വികസനരേഖ 1996